# ഉത്തമ ദാമ്പത്യം

T 62
0.8

ജോസഫ് ഡി. തറപ്പേൽ

000037198


To, The Rev. Scholastics T.O.C.D
With the best compliments of
the author.
25/1/60

# ഇരുളും വെളിച്ചവും.

സംഗീത നാടകം.

T'62
08

ഗ്രന്ഥകർത്താ:
ജോസഫ് ഡി. ഒറപ്ലാക്കൽ
ചിറക്കടവു്.






11—1—1956.

0—12—0

Printed at the Oriental Printing Works, Kanjirapalli.

ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദ

ക്കൂടാതെ ഈ നാടകം അഭിനയിക്കാൻ പാടില്ലാത്തതാ


ണ്.





# സമർപ്പണം.

പുതുതായി രൂപമെടുത്തിരിക്കുന്ന ഉടുപ്പി രൂപത
യുടെ പ്രഥമമെത്രാനും, എന്റെ സഹോദരീ
പുത്രനുമായ റൈറ്റ്. റവ. ഡോക്ടർ
ആൻറണി പടിയറ തിരുമന
സ്സിലെ പട്ടാഭിഷേക
സ്മരണയ്ക്ക്





I Congratulate the author on the excellent work he has done through the pages of this book. I am convinced that book of this sort will do a world of good to the people.

To the author of the book and to all its readers my most Cordial blessings.

3rd January 1956.

† A. PADIYARA.
Bishop of Ootacamund.

# അവതാരിക.

എന്റെ പ്രിയ ശിഷ്യന്റെ ഈ സാഹിത്യ കൃതിയെ സഹൃദയ സമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കതീയായ സന്തോഷമുണ്ട്. ശ്രീ. ജോസഫ് ഡി. ഒറപ്പാവൻ സാഹിത്യ രംഗത്തിൽ കച്ചകെട്ടിയിറങ്ങിയിട്ട് കാലം അധികമായിട്ടില്ലെങ്കിലും വിദഗ്ദ്ധഹസ്തനായ ഒരു കലാകാരന്റെ തൂലികാപ്രയോഗപാടവമാണ് ഈ കൃതിയിൽ ഉടനീളം പ്രത്യക്ഷമാകുന്നത്. പ്രസ്തുത നാടകത്തിലെ കഥാഗതി എത്ര അലസനായ വായനക്കാരനേയും അവസാനം വരെ ഒറ്റ വീർപ്പിൽ വായിക്കാൻ പ്രേരിപ്പിക്കത്തക്കവിധം ഹൃദയാകർഷകമാണ്.

സമുദായത്തിലെ ഇടത്തരക്കാരെ അലട്ടുന്ന സാമ്പത്തിക പ്രശ്നങ്ങളേയും ജീവിത മത്സരത്തിൽ അവക്കു നേരിട്ടുകൊണ്ടിരിക്കുന്ന ദയനീയങ്ങളായ പരാജയങ്ങളേയും ചിത്രീകരിക്കുന്നതിൽ ഗ്രന്ഥകാരൻ തികച്ചും വിജയിച്ചിട്ടുണ്ട്.

സെൻറ്. വിൻസെൻറ് ഡി. പോൾ സംഘടന സമുദായോന്നമനത്തിനുവേണ്ടി നടത്തുന്ന മഹനീയ സേവനങ്ങളുടെ ഒരു സ്ഥൂലരൂപം ഈ കൃതിയിൽ നമുക്കു കാണുവാൻ സാധിക്കും.

ആദർശസമ്പന്നനും സമുദായോദ്ധാരകനുമായ ബേബിച്ചൻ, മദ്രാസിൽ വിദ്യാഭ്യാസം നടത്തുന്ന തന്റെ സഹോദരീസഹോദരന്മാരുടെ ഉത്കൃഷ്ടലളിതമായ ജീവിതത്തെ എന്തുകൊണ്ട് കർശനമായി നിയന്ത്രിച്ചില്ല, എന്നൊരു ചോദ്യം ചില വായനക്കാരുടെ മുമ്പിൽ ഉദിക്കാവുന്നതാണ്. എന്നാൽ ശുദ്ധഗതിക്കാരായ ഇത്തരം ബേബിച്ചന്മാർ സമുദായ മദ്ധ്യേ

ധാരാളമുണ്ടു്. അവക്കു് ഒരു ഗുണപാഠം നൽകുന്നതിൽ നാടകകൃത്തു് വിജയിച്ചിട്ടുണ്ടെന്നുള്ളതു് ഒരു നേട്ടമാണു്.

ദുർമ്മാഗ്രിയായ പാപ്പച്ചനു് പശ്ചാത്തപിക്കുവാനുള്ള സന്ദർഭംകൊടുത്തു് ആത്മഹത്യ ക്രൂടാതെ തന്നെ നാടകം അവസാനിപ്പിക്കാമായിരുന്നില്ലേ എന്നു് ചില വായനക്കാർ ചോദിച്ചേക്കാം. ദുഷ്ടന്മാരുടെ അവസാനം പലപ്പോഴും ഇങ്ങനെ തന്നേയെന്നുള്ള പരമാർത്ഥം വിസ്മരിക്കാവുന്നതല്ല.

കുലടയെന്നു മുദ്രയടിക്കപ്പെട്ട ഒരു തരുണിയെ അവൾ എത്രതന്നെ പശ്ചാത്തപിച്ചാലും വേൾക്കാൻ സന്നദ്ധരായി മുന്നോട്ടുവരുന്ന ആദർശ സമ്പന്നന്മാർ സാധാരണ മനുഷ്യരല്ലായെന്നു് ചിലക്കു് അഭിപ്രായവ്യത്യാസമുണ്ടായേക്കാം. ആദർശ മൂർത്തികളെ വാർത്തെടുക്കുന്ന ഒരു മൂശയായി ഈ കൃതി പരിണമിച്ചിരുന്നെങ്കിൽ?

ഇപ്രകാരം ലളിതകോമള കാന്തപദങ്ങളാൽ സമലംകൃതവും മലയാളത്തിന്റെ നറുമണം തുളുമ്പുന്ന ശൈലിയിൽ വിരചിതവുമായ ഈ കൃതി കൈരളിക്കു് ഒരു കണ്ണാഭരണം തന്നെയെന്നു് സധൈര്യം പ്രസ്താവിക്കാം. ശ്രീ. ജോസഫിന്റെ ഈ ഗ്രന്ഥശിശുവിനു് അനേകം അവരജന്മാർ ഉണ്ടാകട്ടെ എന്നുള്ള ആശംസയോടുംകൂടി പ്രസ്തുത കൃതിയെ സഹൃദയ സമക്ഷം അവതരിപ്പിക്കുന്നു.

19—12—1955 റവ. ഫാ. ഏബ്രഹാം നെട്ടംകുടി,
സെൻറ് ആൻറണീസ് ഹൈസ്കൂൾ B. A. B. T.
ചെങ്ങളം (ഒപ്പു്)

# രണ്ടു വാക്കു്.

**സുഹൃത്തുക്കളേ,**

സ്ഥലത്തെ കലാപ്രേമികളായ ഏതാനും യുവാക്കന്മാർ ആണ്ടുതോറും ഓരോ പ്രഹസനം പഠിച്ചു് രംഗപ്രവേശം ചെയ്യുക പതിവാണു്. ഈ പുതുവത്സരത്തിലേയ്ക്കുള്ള പ്രഹസനം ഞാൻ എഴുതിക്കൊടുക്കണമെന്നു് അതിന്റെ ഭാരവാഹികൾ ആവശ്യപ്പെട്ടു. ഞാൻ സമ്മതിക്കുകയും ചെയ്തു.

ആധുനിക ലോകത്തിനു പറ്റിയ ഒരു കഥയായിരിക്കണമെന്നു് എനിക്കു് നിർബന്ധമുണ്ടായിരുന്നു. പലപ്പോഴും ഒരതിരും കാണാതെ എന്നെ അലട്ടിക്കൊണ്ടിരുന്ന ഒരു പ്രശ്നത്തെ മമ്മമായി എടുത്തുകൊണ്ടു് പ്രഹസനം രചിക്കുവാനാരംഭിച്ചു. മറെറാന്നുമല്ല. മാനവ സമുദായത്തിൽ മൂന്നു തരക്കാരെ നാം കാണുന്നു. അതിൽ ഇടത്തരക്കാരായ—ഇടച്ചേരികളായ—ക്രൂട്ടരെ ഉദ്ധരിക്കുന്നതിനു് എന്തു മാർഗ്ഗമുണ്ടെന്നുള്ളതാണു് ചിന്താവിഷയം. ഒരു സംഘടനയുടേയും, ഒരു വ്യക്തിയുടെപോലും ദൃഷ്ടിയിൽപ്പെടാതെ, ദുരഭിമാനവും പേറി, ജീവിക്കുവാൻ നിവൃത്തിയില്ലാതെ തകർന്ന ഹൃദയത്തോടെ കഴിഞ്ഞുകൂട്ടുന്ന ഇടത്തരക്കാരാണു് ഭൂരിഭാഗവും. അവരെ ഉദ്ധരിക്കാൻ എന്താണു മാർഗ്ഗം? സമുദായം അതിനെപ്പററി അവഗാഢം ചിന്തിക്കേണ്ട അവസരം അത്യാസന്നമായിരിക്കുന്നു. അവരുടെ അവശ

തയുടെ ഒരു സ്ഥൂലരൂപം നാടകരൂപത്തിൽ അവതരി പ്പിക്കാൻ ഞാൻ കഴിവതും ശ്രമിച്ചിട്ടുണ്ടു്. ഈ കഥ യിലെ പാത്രങ്ങളെല്ലാം സങ്കല്പമാണു്. എന്റെ അ പ്രാപ്തി എനിക്കു നല്ലപോലെ ബോദ്ധ്യമുണ്ടു്. സ ഹൃദയരായ നിങ്ങളോരോരുത്തരുടേയും പ്രോത്സാഹന മാണു് എന്നെ വീണ്ടും ധൈര്യപ്പെടുത്തുന്നതു്. എതി രഭിപ്രായക്കാർ കണ്ടേക്കാം. അതു് എവിടെയും ഉ ള്ളതാണല്ലോ. തെറ്റുകൾ തിരുത്താൻ ഞാൻ എ പ്പോഴുംതയ്യാറാണു്. എന്തെങ്കിലും ഭവിച്ചിട്ടുണ്ടെങ്കിൽ എല്ലാവരും ക്ഷമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ പ്രഹസനം വായിച്ചു് എനിക്കും വായന ക്കാർ ഓരോരുത്തക്കും ആശിസ്സു നൽകി അനുഗ്രഹിച്ച ഉടുട്ടി രൂപതയുടെ മെത്രാൻ റൈറ. റവ. ഡാക്ടർ ആൻറണി പടിയറ തിരുമേനിയോടും ഈ പ്രഹസന ത്തിനു് ഒരു അവതാരിക എഴുതിത്തന്ന സുപ്രസിദ്ധവാ ഗ്മിയും, സർവ്വോപരി എന്റെ ബഃ ഗുരുവുമായ റവ: ഡഃ: ഏബ്രാഹം B. A. B. T. അവർകളോടും എനി ക്കുള്ള കടപ്പാടു് എഴുതി തീർക്കാവുന്നതല്ല.

എത്രയും വേഗത്തിൽ ഇത്രയും ഭംഗിയായി ഈ പുസ്തകം അച്ചടിച്ചു തന്ന കാഞ്ഞിരപ്പള്ളി കെ. പി. വർ ക്കിലെ മാനേജരോടും, ജോലിക്കാർ ഓരോരുത്തരോടും, എന്നു വേണ്ട ഈ നാടകം ഈ രൂപത്തിൽ ആക്കിത്തീ ർക്കുന്നതിനു് ആരെല്ലാം ഏതെല്ലാം വിധത്തിൽ എന്നെ സഹായിച്ചിട്ടുണ്ടോ അവരോടോരോരുത്തരോടും എന്റെ

യംഗമമായി നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് എന്റെ ഈ തൃതീയ കൃതിയെ സജ്ജനസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

ചിറക്കടവു്,
11—1—1956.

എന്നു്,
ഗ്രന്ഥകർത്താ.

N. B. ഈ പുസ്തകംവഴി കിട്ടുന്ന ആദായം ഉൗട്ടിരൂപതയിലെ മിഷ്യൻ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നതാണു്.

# കഥാപാത്രങ്ങൾ.

ബേബിച്ചൻ:– വയസ്സ് 28, ബി. എ. ബിരുദധാരി, തെരുവിൽ ബംഗ്ലാവിന്റെ ഉടമസ്ഥൻ. വിൻസെന്റ് ഡി പോൾ പ്രവർത്തകൻ.

തങ്കച്ചൻ:– വയസ്സ് 21, കോളേജ് വിദ്യാർത്ഥി, ബേബിച്ചന്റെ സഹോദരൻ.

സെലീനാ:– വയസ്സ് 19, കോളേജ് വിദ്യാർത്ഥിനി, ബേബിച്ചന്റെയും തങ്കച്ചന്റെയും സഹോദരി.

തൊമ്മിച്ചേട്ടൻ:– വയസ്സ് 60, മലബാറിൽ പോയി എല്ലാം നശിച്ചു തിരിച്ചുവന്ന ഒരു മലമ്പനിക്കാരൻ.

പാപ്പച്ചൻ:– വയസ്സ് 21, സ്കൂൾഫൈനൽ പാസ്സായ ഉദ്യോഗാർത്ഥി, തൊമ്മിച്ചേട്ടന്റെ പുത്രൻ.

റോസമ്മ:– വയസ്സ് 19, തൊമ്മിച്ചേട്ടന്റെ പുത്രി.

ലൂസി:– തൊമ്മിച്ചേട്ടന്റെ ഇളയപുത്രി, വിദ്യാർത്ഥിനി.

ഡാക്ടർജോസ്:– സ്ഥലത്തെ ഉത്തമനായ ഒരു ഡാക്ടർ, ബോബിച്ചന്റെ ആത്മാർത്ഥ സ്നേഹിതൻ, വിൻസെന്റ് ഡി പോൾ പ്രവർത്തകൻ.


കൊച്ചാപ്പു:– എവിടെയും കാണുന്ന ഒരു വിവാഹ ദല്ലാൾ, വയസ്സ് 40.

പൈലി:– ബോബിച്ചന്റെ വേലക്കാരൻ, വയസ്സ് 40. അല്പം സംസാര തടസമുള്ളവൻ.

രവി:– വയസ്സ് 23, തങ്കച്ചന്റെ സ്നേഹിതൻ.

പോലീസ് ഇൻസ്പെക്ടർ, പോലീസ്, പോസ്റ്റ്മാൻ. **etc.**





ഗ്രന്ഥകർത്താ.

# ഇരുളും വെളിച്ചവും.

## രംഗം 1.

(തെങ്ങുംമൂട്ടിൽ തൊമ്മിയുടെ വസതി. സമയം പ്രഭാതം. തൊമ്മി ഒരു ബഞ്ചിൽ താടിയ്ക്കു കൈയും കൊടുത്തു് ദു:ഖിതനായി ഇരിക്കുന്നു. വിവാഹമല്ലാലു് കൊച്ചാപ്പു പ്രവേശിച്ചു് തൊമ്മിയുടെ അടുത്തിരിക്കുന്നു.)

കൊച്ചാപ്പു:— എന്താ തൊമ്മിച്ചേട്ടാ ഇങ്ങനെ? ഒരു മരിച്ചവീടിന്റെ ലക്ഷണമാണല്ലോ ഇവിടെ വന്നിട്ടു്. ങേ.....?

തൊമ്മി:— എന്റെ കൊച്ചാപ്പൂ ഞാനെങ്ങനെ ഇതു സഹിക്കും. പാപ്പച്ചൻ മാത്രമേ എനിക്കൊരാശ്രയമുള്ളു എന്നറിയാമല്ലോ. അവനെ ഇത്ര ദൂരെ വിട്ടേച്ചു് ഞാനെങ്ങനെ ഇവിടെ കഴിച്ചുകൂട്ടും.

കൊ:— എന്നാൽ ഒരു കാര്യം ചെയ്യു്; അവനെ പിടിച്ചു് മടിയിൽ ഇരുത്തിക്കോ. എങ്ങും വിടണ്ടാ. നോക്കണേ ഒരു കളി; നല്ല ഒരു ജോലി കിട്ടിയതു കളയാനോ.....ങേ.?

തൊ:– ഞാനാ പഴയകാലമൊക്കെ ഒന്നോർക്കുകയായിരുന്നു. മുടിയാനുള്ള ആ മലബാറിനു പോക്കല്ലേ ഇതിനൊക്കെകാരണം. മലമ്പനിയും പിടിച്ചു് ഞാനിങ്ങനെ ഒരു തെണ്ടിയായല്ലോ. . . . . ഞാനെങ്ങനെ ജീവിച്ചുവെന്നാ. . . .

കൊ: കണ്ടോ തുടങ്ങിയല്ലോ പഴംകഥകളൊക്കെ ആവർത്തിക്കാൻ. അതൊക്കെ പോകട്ടെ. മുറുക്കാൻ വല്ലതുമുണ്ടെങ്കിൽ ഇങ്ങെടുത്താട്ടെ; ഒന്നു ചവയ്ക്കട്ടെ.

തൊ: മോളേ,. . . . . ലൂസിക്കുട്ടീ . . . . . ?(ലൂസി പ്രവേശിക്കുന്നു.) കണ്ടോ ആ മുറുക്കാൻ പൊതി ഇങ്ങെടുത്തേ?

ലൂസി: കൊച്ചാപ്പച്ചേട്ടൻ ഓണത്തിനിടേൽ പൂട്ടുകച്ചവടവും കൊണ്ടുവന്നിരിക്കുകയാണല്ലോ.

തൊ: കളിപറയാതെ ചെന്നു മുറുക്കാൻ കൊണ്ടുവാടീ പെണ്ണേ. (ലൂസിപോകുന്നു. പെട്ടെന്നു് പുകയിലയുമായി പ്രവേശിക്കുന്നു.)

ലൂ: പുകയില മാത്രമേ ഉള്ളൂ.

കൊ: എന്നാലതു മതീ. ബാക്കി എന്റെ കയ്യിലുണ്ടു്. (ലൂസി പോകുന്നു.)

തൊ: ഏതായാലും ബേബിച്ചന്റെ അനുഗ്രഹം കൊണ്ടു് പാപ്പച്ചനു് ഒരു ജോലി കിട്ടി. അപ്പളേ; കൊച്ചാപ്പ–? മദ്രാസു്–മദ്രാസു് എന്നുപറയുന്നതു് വലിയ ഒരു പട്ടണമല്ലേ ആ കോഴിക്കോട്ട പോലെ. . .?

കൊ: (മുറുക്കുന്നതിനിടയിൽ)കൊള്ളാം,കോഴിക്കോ
ട്ടപോലെയോ ങ്ങേ. . . . . .കോഴിക്കോട്ടപോലെ
ഒന്നുമല്ല. അതിലും വല്യ പട്ടണമാ.

തൊ: അതെന്നാടാ നീ കോഴിക്കോട്ട കണ്ടിട്ടുണ്ടോ?

കൊ: ഞാൻ കോഴിക്കോട്ട കണ്ടിട്ടില്ലേലും ആ കര്യാ
ക്കോ സാർ ഒന്നാം ക്ലാസ്സിൽ വച്ച് ഭൂമിശാ
സ്ത്രം പഠിപ്പിച്ചപ്പം മദ്രാസ് വലുതാണെന്ന്
പഠിപ്പിച്ചിട്ടുണ്ട്. ഇവിടെ നിന്നും ഒത്തിരി
ഒത്തിരി ദൂരെയാ. . . . . .

തൊ: ഒത്തിരി ദൂരമുണ്ടോ. . .? ഇന്നുപോയാൽ എന്നു
ചെല്ലുമെടാ അവിടെ?

കൊ: എന്നുചെന്നാലെന്താ; പാപ്പച്ചൻ രക്ഷപെട്ടു
പോയി. നമ്മുടെ ബേബിച്ചന്റെ അനുജൻ
തങ്കച്ചനും പെങ്ങളുമൊക്കെ അവിടെയല്ലേപ
ഠിക്കുന്നത്.

തൊ: അവനെങ്കിലും പോയി നന്നായിവരട്ടെ. അ
വന്റെ ശമ്പളം കിട്ടിയിട്ടുവേണം എന്റെ
റോസമ്മയെ ഒന്നു കെട്ടിക്കാൻ.

കൊ: ധൃതിവയ്ക്കാതെ. അതിനൊക്കെ ഞാൻ വഴി
യുണ്ടാക്കാം, ഞാൻപിന്നെയെന്തിനാ. . .ങ്ങേ?

ലൂസി: (പ്രവേശിച്ച്) അച്ചായാ, അച്ചായൻ അക
ത്തോട്ടൊന്നുവന്നേ. റോസമ്മച്ചേച്ചി വല്യ
കരച്ചിലാ.

തൊ: എടീമോളേ. . . . . .റോസമ്മേ. . . . .?

റോസമ്മ എന്തോ. . . . . .(കരഞ്ഞുകൊണ്ട് പ്രവേശിക്കുന്നു).

കൊ: അയ്യേ ഇതെന്നാ കളിയാ. നാണമില്ലേ. . . . . ങ്ങേ. . . . . .

തൊ: (കരഞ്ഞുകൊണ്ട്) കരയാതെന്തോളേ; പാപ്പച്ചൻ പോയി വല്ലതും രണ്ടുമൂന്നു പുത്തൻറെ വക ഉണ്ടാക്കിക്കൊണ്ടു വരട്ടെ.

കൊ: പിന്നല്ലാണ്ട്. . . . . ങ്ങേ. . . . .

തൊ: പാപ്പച്ചൻ എന്തിയേ. . . . .?

ലൂ: ആണ്ടാ കട്ടിലേൽകിടന്നു കരയുന്നു.

കൊ: ഞാൻ വിളിച്ചുകൊണ്ടുവരാം(എഴുന്നേല്ക്കാൻ ഭാവിക്കുന്നു)

ലൂ: വേണ്ട വേണ്ട. കൊച്ചാപ്പച്ചേട്ടൻ അവിടിരുന്നാൽ മതി. ഞാൻ വിളിച്ചു കൊണ്ടുവരാം. (ലൂസി പോകുന്നു)

തൊ: എടിറോസമ്മേ നീപോയി അവൻറെ വയറിനു വല്ലതും കൊടുക്കു് വിശക്കാതെയെങ്കിലും ഇരിക്കട്ടെ.

റോ: കാപ്പി കൊടുത്തിട്ട് ഒട്ടും കുടിച്ചില്ലാ. കരച്ചിലുതന്നെ കരച്ചിലു്.

തൊ: മോളുചെന്നു് അവൻറെ പെട്ടിയുമൊക്കെ ഒന്നുകൂടെ ശരിപ്പെടുത്തിവച്ചേ. വല്ലതും എടുക്കാനുണ്ടോ എന്നു് ഒന്നുകൂടെ ഓർമ്മിച്ചുനോക്കണം കേട്ടോ? (റോസമ്മ പോകുന്നു)

തൊ: പാപ്പച്ചോ. . . . . .പാപ്പച്ചാ. . . . . .?

(പാപ്പച്ചൻ കരഞ്ഞുകൊണ്ട് പ്രവേശിക്കുന്നു)

പാ: അച്ചായാ, നിങ്ങളെ എല്ലാവരേയും വിട്ടേച്ച് ഞാനെങ്ങനെയാണു പോകുന്നതു്?

കൊ: കണ്ടോ പാപ്പച്ചാ, നീയും ഇങ്ങനെ തുടങ്ങിയാലെങ്ങനെയാ. . . . . ങ്ങേ. . . . .

തൊ: കഞ്ഞേ റോസമ്മയ്ക്കാണു വല്യസങ്കടം. ലൂസിയുടെ കാര്യം സാരമില്ലാ. അവൾ കഞ്ഞല്ലേ.

പാ: ഞാൻ പോകുന്നതു തന്നെ റോസമ്മയ്ക്കു വേണ്ടിയാണല്ലോ. അവൾ എത്രമാത്രം കഷ്ടപ്പെടുന്നു. റോസമ്മയെ കോളേജിൽ വിടണമെന്നു പോലും എനിക്കാഗ്രഹമുണ്ടായിരുന്നു. . . . . ങ്ങും. . . എങ്ങനെ സാധിക്കാനാ. . . . .

തൊ: അതുയ്ക്കാനും പോകണ്ടാ മകനേ.

കൊ: പൊങ്ങളോടുള്ള സ്നേഹം കൊണ്ടു പറയുന്നതല്ലേ.

തൊ: പാപ്പച്ചാ നീ ചെന്നാലുടനെ എഴുത്തയയ്ക്കണം കേട്ടോ, മറന്നു പോകരുതേ. എത്ര ഇരുട്ടിയാലും കരിന്തിരി വരച്ചേച്ചേ കിടക്കാവൂ. വലിയ പട്ടണമാണു്. അധികം പേരുടെ കൂടെയൊന്നും കൂട്ടിനു പോകരുതു്. തങ്കച്ചൻ മാത്രംമതി.

പൈലി (പ്രവേശിച്ചു്) എല്ലാം റഡിയായല്ലോ. ഉടനെ തന്നെ പോകണം. തയാറായിരുന്ന കൊള്ളാൻ ബോബിച്ചൻ പറഞ്ഞയച്ചു.

തൊ: ബോബിച്ചനെന്തിയേ. ഇങ്ങോട്ടു വരികയില്ലേ?

പൈ: ഇപ്പോൾ വരും. ബോബിച്ചന്റെ അനാഥശാലയിലെ ഒരു രോഗിയെപ്പറ്റി ഡോക്ടർ യജമാനനുമായി സംസാരിക്കയാണു്. ഉടനെ വരും.

(ലൂസിയും റോസമ്മയും കരഞ്ഞുകൊണ്ടു പ്രവേശിക്കുന്നു.)

പാ: ലൂസിക്കുട്ടീ, റോസമ്മേ, കരയരുതു്. ഞാൻ ചെന്നാലുടനെ എഴുത്തയയ്ക്കാം. (ലൂസിയെ കെട്ടിപ്പിടിച്ചുകൊണ്ടു്) കുഞ്ഞിനു് ഉടുപ്പും, മിഠായിയും, റിബ്ബണുമൊക്കെ വാങ്ങിച്ചുകൊണ്ടുവരാം. കേട്ടോ.

ലൂ: ഇനി എന്നാ പാപ്പച്ചനിച്ചായനെ കാണുന്നതു്, ആരാ ഉറക്കെ കരിഞ്ഞു വരയ്ക്കുന്നതു്, ആരാ അച്ചായനെ പത്രം വായിച്ചു കേൾപ്പിക്കുന്നതു്.

പാ: നിങ്ങളെയെല്ലാം ഇനി എന്നാണു ഞാൻ കാണുന്നതു്. അച്ചായാ.....(കരയുന്നു.)

കൊ: (എഴുനേറ്റു) എല്ലാവരും കരച്ചിൽ നിറുത്തു് അതാ ബ്ബേബിച്ചൻ വരുന്നു.

ബ്ബേബി(പ്രവേശിക്കുന്നു.തൊമ്മിയും എഴുനേല്ക്കുന്നു) ഉടനെ തന്നെ പോയില്ലെങ്കിൽ ടെയിനിന്റെ സമയം കഴിഞ്ഞേക്കും. എന്താ ഇറങ്ങുകയല്ലേ?

തൊ: (കരഞ്ഞുകൊണ്ടു) ബ്ബേബിച്ചാ——എന്റെ മോനെ ഞാൻ കുഞ്ഞിനെ ഏല്പിക്കുന്നു.

ബ്ബേ: തൊമ്മിച്ചേട്ടാ ഒന്നുകൊണ്ടും വിഷമിക്കേണ്ടാ. പാപ്പച്ചനവിടെ സുഖമായിരിക്കും. തങ്കച്ചന്റെ അടുത്തു തന്നെയല്ലേ ജോലി.പിന്നെന്താ.

കൊ: ബ്ബേബിച്ചനെവിടെവരെ പോകും?

ബേ: തീവണ്ടി സ്റ്റേഷൻ വരെ പോകാം. സമയം പോകുന്നു. ഒട്ടും താമസിക്കേണ്ടാ. ഇറങ്ങാം. (പോകുന്നു.)

പൈ: വേഗമാകട്ടെ. ആ പെട്ടിയും പായുമൊക്കെ ഇങ്ങെടുത്തേ. (പൈലി പെട്ടിയും മറ്റുമെടുക്കുന്നു. പാപ്പച്ചൻ തൊമ്മിയ്ക്കു് സ്തുതി ചൊല്ലുന്നു. റോസമ്മയും ലൂസിയും ഉറക്കെക്കരയുന്നു. പാപ്പച്ചൻ കരഞ്ഞുകൊണ്ടു് പുറകോട്ടു നോക്കി നോക്കിപ്പോകുന്നു.)

ലൂസിയും റോസമ്മയും പാടുന്നു. ഗാനം നമ്പർ 1.

കർട്ടൻ.

# രംഗം 2.

(ബേബിച്ചന്റെ ബംഗ്ളാവിലെ ഒരു മുറി. മദ്ധ്യാഹ്നസമയം. മേശപ്പുറത്ത് അന്നുവന്ന കത്തുകളും മാസികകളും പത്രങ്ങളും വച്ചിരിക്കുന്നു. വേലക്കാരൻ പൈലി അടുക്കളപ്പണികഴിഞ്ഞ് മൂളിപ്പാട്ടും പാടി ബീഡിയും വലിച്ചുകൊണ്ട് പ്രവേശിക്കുന്നു.)

പൈ: ഇതു നേരത്തെ ജോലി തീരുമെന്നു വിചാരിച്ചില്ല. ഓ! ഒരു കാര്യം; അത്യത്തിനു വരുമ്പഴേ കുടിക്കാൻ ഇറച്ചി ജീരകവെള്ളം വേണം. ങും.... അതും എടുത്തു വച്ചിട്ടുണ്ട്. നേരംഉണ്ടല്ലോ. പത്രമൊക്കെ ഒന്നു നോക്കിക്കളയാം. (നിലത്തു ചമ്രം പടഞ്ഞിരുന്നു വെള്ളെഴുത്തു കണ്ണാടി മൂക്കേൽ വച്ചു പത്രത്തിൽ നോക്കി വായിക്കുന്നു) "പത്രത്തിൽ ഒരു തുള്ളൽ ഉണ്ടല്ലോ, ഒന്നു പാടിക്കളയാം" (ഗാനം നമ്പർ 2 വായിച്ചു വായിച്ചു ഉറക്കെ വായിക്കുമ്പോൾ പുറത്തു പട്ടികുരക്കുന്ന വലിയ ബഹളം കേൾക്കുന്നു. പൈലി എഴുനേല്ക്കുന്നതിനു മുമ്പായി, പുറകോട്ടു നോക്കിക്കൊണ്ടു ഓടിവന്ന കൊച്ചാപ്പു പൈലിയുടെ പുറത്തുകൂടെ അപ്പുറത്തുമറിയുന്നു)

പൈ: (ചാടി എഴുന്നേറ്റു) ഛീ! എന്തടാ ഇതു. കൊന്നേനേയല്ലോ (പിടലി തിരുമ്മുന്നു.)

കൊ: (അണച്ചുകൊണ്ട്) എന്റെ...പൊന്നോ..... പൈലീ ക്ഷമിക്കണേ...നിങ്ങളുടെ ആ...ആ മുടിഞ്ഞ പട്ടി—അവനെന്നെ കൊന്നേനേ.

പൈ: എടോ കളിച്ചും പാഞ്ഞും പരിയമ്പുറത്തു കൂടെയാണോ വരുന്നതു്. തനിക്കു് ആൺപിള്ളേരേപ്പോലെ നേരെയങ്ങു വരാൻ മേലാരുന്നോ?

കൊ: തന്നെ കണ്ണുകണ്ടു് രഹസ്യമായി വർത്തമാനം പറയാമല്ലോ എന്നു കരുതിയല്ലേ അതിലെ വന്നതു്. ങേ.....അതൊക്കെ ഇരിക്കട്ടെ ബോബിച്ചൻ എവിടെ പോയതാ...ങേ... (കസേരയിൽ ഇരിക്കുന്നു.)

പൈ: ഛീ! എഴുന്നേല്ക്കടോ അവിടുന്നു്. തന്നെപ്പോലെയുള്ളവർക്കു് ഇരിക്കാനുള്ളതല്ലാ അതു്. (കൈച്ചാപ്പ മടിക്കുന്നു.) ഹാ എഴുന്നേല്ക്കാനല്ലേ പറഞ്ഞതു്. എടോ എഴുന്നേല്ക്കാൻ. (പൈലി മുണ്ടു മടക്കിക്കുത്തുന്നു.)

കൊ: അതെന്നാടാ പൈലി ഞാൻ കുട്ടംബത്തു പിറന്നവനല്ലേ. ഞാനിരുന്നാൽ തേഞ്ഞുപോകുമോ? ങേ...

പൈ: എടോ മര്യാദയ്ക്കു ഞാനാ പറഞ്ഞതു് അവിടെനിന്നു് എഴുന്നേറ്റുമാറാൻ.

കൊ: ങ്ഹും...മാറണേ മാറാം. (എഴുന്നേല്ക്കുന്നു.) പൈലീ, എന്റെ കുപ്പുകൊണ്ടു് ഞാനിരുന്നുപോയതാ. ങേ... പിന്നെ ഒന്നു ചോദിച്ചോട്ടേ, ബോബിച്ചൻ എവിടെ പോയതാ.

പൈ: എടോ തന്നെപ്പോലെ കല്ല്യാണം എണക്കി
ക്കൊണ്ടു നടക്കുകയല്ല ബോബിച്ചന്റെ തൊ
ഴിൽ. അദ്ധ്യത്തിനു് ധാരാളം പണവും പഠി
ത്തവും ഉണ്ടു്. അതെല്ലാം നല്ല കായ്ത്തിനു
ഉപയോഗിക്കുകയാണു് ബോബിച്ചന്റെ തൊ
ഴിൽ. എന്താ മനസ്സിലായോ?

കൊ: ഒന്നും മനസ്സിലായില്ലല്ലോ ങേ...

പൈ: എടോ, തന്നെപ്പോലെ വെളത്താൽ വൈക
ന്നതുവരെയും വൈകിയാൽ വെളുക്കുന്നതു
വരെയും കണ്ടിനു് ചോറും കണ്ടിനു് കാപ്പി
യുമായി നടക്കുന്നവരോടു് മറ്റുള്ളവരുടെ അ
വശതയെപ്പറ്റി പറഞ്ഞാൽ ഒന്നും മനസ്സിലാ
കുകയില്ലടോ.

കൊ: അതെന്നാ പൈലീ ഈ കണ്ടിനു് ചോറും
കണ്ടിനു് കാപ്പിയുമൊക്കെ ങേ...
(ഇരിക്കാൻ ഭാവിച്ചിട്ടു് വീണ്ടും നിലു്ക്കുന്നു.)

പൈ: മനസ്സിലായില്ലേ, എന്നാൽ പറഞ്ഞുതരാം.
കാപ്പിക്കും ചോറിനും ഒരു നേരത്തും ഒരു കു
പ്പുമില്ലാതെ തുടരെ കിട്ടുന്നതിനാ കണ്ടിനു്
ചോറു് കണ്ടിനു് കാപ്പി എന്നൊക്കെ പറ
യുന്നതു്.

കൊ: എന്നിട്ടു് ബോബിച്ചന്റെ കായ്യം പറഞ്ഞില്ല
ല്ലോ.

പൈ: അക്കാര്യമാ ഞാൻ പറഞ്ഞുവരുന്നതു്. അവ
ശതക്കാരേപ്പറ്റി തനിക്കു വല്ലതും അറിയാ

മോ. ആരും അറിയാത്ത—ആരും അനേഷിക്കാത്ത—ഒരു കൂട്ടരുണ്ട്. ഇടച്ചേരികൾ. കീച്ചേരിക്കും മേച്ചേരിക്കും എത്തുമാകാം. പാവപ്പെട്ട ഇടച്ചേരിയുടെ വിഷമം ആരറിയാനാ. അവർക്ക് കായ്ങ്ങളെല്ലാം ഭംഗിയായി നടത്തണമെന്ന് ആശയുണ്ട്. പക്ഷെ അതിനുള്ള വരുമാനം ഒന്നുമില്ലെന്നുമാത്രം. പഴയ പാരമ്പര്യവും അഭിമാനവും കാത്തുകൊണ്ട് അവരങ്ങനെ തെരിഞ്ഞുതകരുകയാണ്.

കൊ: അതിനെ ബോബിച്ചനെന്താ...ങേ...?

പൈ: അറക്കുന്നതിനുമുമ്പേ പെടയ്ക്കാതെടോ. അങ്ങനെയുള്ള കൂട്ടരെ സഹായിക്കാൻ ഒരു സംഘടനയുണ്ട്; നമ്മുടെ പള്ളീലു്. അതിന്റെ യോഗത്തിനു പോയതാ ബോബിച്ചൻ. എന്താ ഇപ്പം തിരിഞ്ഞോ.

കൊ: അതൊക്കെ പോകട്ടെ. എന്നു വന്നാലും തന്നെ ഒന്നുകാണാൻ തരപ്പെട്ടുകയില്ല. പൈലീ, ഞാനൊന്നു ചോദിച്ചോട്ടെ....ങേ..... താനെന്താ കെളവനായിട്ടും ഇങ്ങനെ പെണ്ണുകെട്ടാതെ നടക്കുന്നതു്. നിനക്കുവേണ്ടി ഞാനൊരുത്തിയെ കണ്ടുവച്ചിട്ടുണ്ട്. (ഇരിക്കാൻ ഭാവിച്ചിട്ടു് വീണ്ടും നിലുക്കുന്നു.)

പൈ: എടോ എന്നാലു് പിന്നെ തനിക്കങ്ങാകരുതോ ആദ്യം. താനെന്തിനാ ഇങ്ങനെ മൂത്തു നരച്ചു കെട്ടാതെ ഒറക്കെട്ടായി നടക്കുന്നതു്. ത

നേരത്തെന്നെ ആദ്യം നടക്കട്ടെ. പിന്നീട് ആലോചിച്ചാൽ മതി എന്റെ കാര്യം.

കൊ: ഏയ് കൊള്ളാം. നല്ല കായ്യം. ഞാനൊരിക്കലും പെണ്ണുകെട്ടുന്നേയില്ല. കെട്ടിയാൽ പിന്നെ കെട്ടിയ പെണ്ണിനെ നോക്കണം. പിള്ളേരെ നോക്കണം. അവക്ക് വല്ല സോക്കേടും വന്നാൽ പിന്നെ അതായി. എന്നുവേണ്ട ആകപ്പാടെ ഈ പെണ്ണുകെട്ട് മഹാമോക്കേടാണന്നേ.

പൈ: എടോ തനിക്ക് വേറെ വല്ലതും പറയാനുണ്ടോ. എനിക്കുജോലിയുണ്ട്. (പോകാനൊരുങ്ങുന്നു)

കൊ: താനിങ്ങനെ ചാടിയാലെങ്ങനെയാ. ങേ... ബോബിച്ചനോട പറഞ്ഞാൽ ഒന്നടുക്കുമോ? ഒരെണ്ണം കയ്യിൽ വന്നിട്ടുണ്ട്. പതിനായിരം രൂപാ സ്ത്രീധനം കിട്ടും.

പൈ: എടോ ഇതല്ലാതെ വേറെ വല്ലതും തനിക്ക പറയാനുണ്ടോന്ന്...?

കൊ: അതെന്നാടാ നിനക്കിത്ര മൂച്ച്. ങേ..... നീയിപ്പം എന്നെ തല്ലുമല്ലോടാ.

പൈ. (കൈചുരുട്ടിക്കൊണ്ട്) വേണ്ടിവന്നാൽ തല്ലുമെടാ. ങ്ഹും...ഇറങ്ങിപ്പോകുന്നോ,

കൊ: ങ്ഹും,...ം...പോകണോ പോകാം. പൈലി എടാ നിന്നെ ഞാൻ...ങ്ഹും...നീകരുതിയ്യോ.

പൈ: എടാ മാടാനാ പറഞ്ഞത്. മാടടാ...എടാ...

കൊ: ഹും മാടാനോ? നീ ആരടാ അത പറയാൻ.

പൈ: (വീണ്ടും അടുക്കുന്നു.) മാടനോ?...

കൊ: (പരിഭ്രമത്തോടെ) അല്ല, ഓടണേ...ഓടാം. (സല്പം നടന്നതിനുശേഷം തിരിഞ്ഞുനിന്നു) എടാ കണ്ടിന്യു പൈലി നിന്നോട്ട ഞാനീ തിനു പകരം ചോദിച്ചില്ലെങ്കിൽ ഞാൻ കോലങ്കഴിയിൽ കൊച്ചാപ്പു അല്ലടാ. (ഓടുന്നു.)

പൈ: (കൊച്ചാപ്പു പോയ വഴി നോക്കിയിട്ടു) ഹും. ഓരോന്നൊക്കെ ഉച്ചയായപ്പം വലിഞ്ഞു കേറി വന്നിരിക്കുന്നു.— ഉണ്ണാൻ; കല്യാണവും പറഞ്ഞുകൊണ്ടു. ഹോ ഇവറകളുടെ ശല്യം. നിന്നെയൊക്കെ കണ്ടോളാമെടാ. (പെട്ടെന്നു ഡോക്ടർ ജോസും ബോബിച്ചനും പ്രവേശിക്കുന്നു.)

ബോ: എന്താ പൈലിച്ചേട്ടാ കണ്ടോളാമെന്നു പറയുന്നതു?

പൈ: അമ്പടാ അവനേ...ആ കല്യാണക്കാരൻ കൊച്ചാപ്പു വഴക്കുംകൊണ്ടു വന്നിരിക്കുവാ.

ഡോ: എന്താ വല്ല കല്യാണക്കായ്യവുമാണോ?

പൈ: അതേന്നേ! അവൻ എന്നോട്ട ചോദിക്കുവാ താൻ പെണ്ണു കെട്ടുന്നില്ലേന്നു. എന്നാൽ പിന്നെ അവനുപോയി വല്ല വെടുക്കിനേയും വലിച്ചുകൊണ്ടുവന്നേച്ചു എന്നോട്ടു ചോദിക്കാൻ മേലായിരുന്നോ? (ഡാക്ടറും ബോബിയും ഉറക്കെ ചിരിക്കുന്നു.) ക്ഷമിക്കണം. കൂടിക്കാൻ ഇപ്പം കൊണ്ടുവന്നേക്കാം (പൈലി പോകുന്നു.)

ബേ: (പോസ്റ്റ് ലറേറെല്ലാം പരിശോധിക്കുന്നു.) ഓ! തങ്കച്ചന്റെ ലറേറമുണ്ട്. (വായിക്കുന്നു)

ഡോ: എന്തുണ്ടു വിശേഷം. പാപ്പച്ചന്റെ കാര്യം വല്ലതുമുണ്ടോ?

ബേ: (വായിക്കുന്നതിനിടയിൽ) പാപ്പച്ചൻ ജോലിയിൽ പ്രവേശിച്ചെന്നും അവരുടെ ലോഡ്ജിനടുത്തുള്ള ഒരു കെട്ടിടത്തിലാണ് താമസമെന്നും മറേറാണ് കത്തിലെ താല്പര്യം. (പൈലി കടിക്കാൻ കൊണ്ടുവരുന്നു. രണ്ടു പേരും കടിക്കുന്നു.)

പൈ: എന്നതാ ബേബിച്ചൻ പറഞ്ഞത്; തങ്കച്ചന്റെ എഴുത്താണെന്നോ? പാപ്പച്ചന്റേതു് അക്ഷരത്തിലില്ലേ?

ബേ: ഇല്ലെന്നാ തോന്നുന്നതു്. (നോക്കുന്നു)

പൈ: അമ്പടാ അവനിതു നന്ദിയില്ലാത്തവനണല്ലോ ചെന്നിട്ടു് ഒരെഴുത്തയയ്ക്കുക. . . . . വേണ്ടാ അയയ്ക്കണ്ടാ.

ബേ: അതു സാരമില്ല പൈലിച്ചേട്ടാ. അവനെഴുത്തയയ്ക്കാതിരിയ്ക്കുമോ. (പൈലി പോകുന്നു. പെട്ടന്നു് തൊമ്മി പ്രവേശിക്കുന്നു. കയ്യിൽ ഒരു കത്തുമുണ്ടു്. ബേബിയും ഡാകുടരും എഴുനേറ്റു തൊമ്മിയെ ഇരിയ്ക്കാൻ ക്ഷണിക്കുന്നു).

ബേ: തൊമ്മിച്ചേട്ടാ, ഇരിക്കണം.....

തൊമ്മി: ഓ! . . .വേണ്ടായേ. . . .ഞാനിവിടെ നിന്നു കൊള്ളാം.

ബേ: അതു്, എന്റെ വീട്ടിൽ വേണ്ടാ. ഈ കസേരയിൽ ഇരിയ്ക്കാതെ ഞാൻ സമ്മതിക്കുകയില്ല. (തൊമ്മിയെ പിടിച്ചിരുത്തുന്നു)

ഡോ: എന്താ തൊമ്മിച്ചേട്ടാ സുഖമാണോ?

തൊ: നിങ്ങളുടെ എല്ലാം കാരുണ്യം കൊണ്ടു് തൊമ്മിയ്ക്കു് എന്തിനാ വിഷമം.

ഡോ: ബേബിച്ചാ, ഇനിയും ഞാൻ പോകട്ടെ. വേറെ അത്യാവശ്യമായ ഒരു കേസുണ്ടു്.

ബേ: അല്ലേലും ഈ ഡോക്ടർ മാക്കു് ഒരിടത്തു് ഒന്നുറച്ചിരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ നമുക്കു് വൈകിട്ടു് വിൻസെന്റു്–ഡി പോൾ ആഫീസിൽ വച്ചു കാണാം.

ഡോ: അങ്ങനെ തന്നെ. (പോകുന്നു).

ബേ: എന്താപിന്നെ. . . . .തൊമ്മിച്ചേട്ടൻ പതിവില്ലാതെ?

തൊ: (പാപ്പച്ചന്റെ കത്തു കൊടുക്കുന്നു.) പാപ്പച്ചൻ അയച്ച എഴുത്താണു്. (ബേബി വായിക്കുന്നു) ഇവിടത്തെ തങ്കച്ചന്റെയും മറ്റും ക്രൂതെയാ നടക്കുന്നതെന്നും മറ്റും എഴുതിയിട്ടുണ്ടു്. കുറച്ചു രൂപാ അയച്ചു കൊടുക്കണമെന്നും.... അല്ല! അവനെന്നാ കരുതിയാ രൂപായ്ക്കു് എഴുതിയിരിക്കുന്നതു്.

ബേ: ശമ്പളം കിട്ടുന്നതു വരെ കുറച്ചു ചെലവൊക്കെ കാണാതിരിക്കുമോ. കുറച്ചു രൂപാ പാപ്പച്ചനു കൊടുക്കണമെന്നു് ഞാൻ തങ്കച്ചന്റെ പേക്കെഴുതിയേക്കാം.

തൊ: എന്റെയീശോയേ, കുഞ്ഞിനെ ദൈവം അനുഗ്രഹിക്കട്ടെ. അവന്റെ ശമ്പളം കീട്ടിയാലുടനെ തന്നെ അങ്ങു തന്നേക്കാം കേട്ടോ....

ബേ: അതൊക്കെ നമുക്കു വേണ്ടതു പോലെ ചെയ്യാം.

തൊ: എന്റെ ബേബിച്ചാ, പാപ്പച്ചനെഴുതിയിരിക്കുന്നതു കണ്ടോ. ഇവിടത്തെ സെലീനാമ്മയെ തങ്കച്ചൻ താമസിക്കുന്നിടത്തു വച്ചു കണ്ടെന്നും ഒത്തിരി വർത്തമാനം പറഞ്ഞെന്നും നല്ലസ്നേഹമുള്ള പെങ്കൊച്ചാണെന്നുമൊക്കെ.

ബേ: അതൊക്കെ ശരിയാ.....പക്ഷേ പഠിക്കാൻ മാത്രം മോശമാണ്. അവൾക്കു വേഷം കെട്ടി നടക്കുന്നതിലും പ്രസംഗത്തിലുമൊക്കെയാണ് കൂടുതൽ ഇഷ്ടം. ഇളയവളായതു കൊണ്ടു് കൂടുതൽ കൊഞ്ചുന്നമുണ്ടു്.

തൊ: ഞാനൊത്തിരി നാളായി ഓർക്കുന്നതാ ഒരു കാര്യം. പറയുന്നതുകൊണ്ടു് കുറവിക്കരുതേ. നമ്മുടെ ഡാക്കിട്ടർ യജമാനനുണ്ടല്ലോ. . . .അദ്ദേഹം. . . . . അദ്ദേഹത്തെ കൊണ്ടങ്ങു കെട്ടിച്ചാലെന്താ... കേട്ടോ... ഞാൻ കൊച്ചാപ്പുവിന്റെ കൂട്ടുകാരനുംമറ്റുമല്ല. നല്ലകാര്യമായതു കൊണ്ടു് പറഞ്ഞന്നേയുള്ളൂ.

ബേ: നല്ല കാര്യമാണ്...ഇതുയും നല്ല ഒരു സ്നേഹിതനെ എനിക്കു കീട്ടിയല്ലോ എന്നോർക്കുമ്പോൾ....ഹാ! ഞാനൊരു ഭാഗ്യവാൻ തന്നെ.

അദ്ദേഹമില്ലെങ്കിൽ എന്റെ പ്രവർത്തനങ്ങളൊന്നും വിജയിക്കുകയില്ല.

തൊ: എന്നാലങ്ങു നടത്തിയാലെന്താ?

ബേ: വരട്ടെ തൊമ്മിച്ചേട്ടാ...എനിക്കും അതിനാഗ്രഹമുണ്ടു്. ഏതായാലും അവൾ കുറച്ചുകൂടി പഠിച്ചു കൊള്ളട്ടെ.

തൊ: എന്റെ ബേബീച്ചാ.... എനിക്കൊരു കാര്യം ഓർക്കുമ്പോൾ ചങ്കുപൊട്ടുന്നു. ഞാനെന്നാ ചെയ്യാനാ—ഒരു പെണ്ണാണെങ്കിൽ പെരനിറഞ്ഞു നിൽക്കുന്നു. ഒരു നിവൃത്തിയുമില്ല. എങ്ങനെയെങ്കിലും ഒന്നു കെട്ടിച്ചാ മതിയായിരുന്നു.

ബ: എന്തുവർത്തമാനമാണു് തൊമ്മിച്ചേട്ടൻ ഇപ്പറയുന്നതു്. വിവാഹത്തിനു് ഇത്രയേ വിലയുള്ളോ? എന്നാൽ പിന്നെ മീഷ്യനെ വിടരുതോ?

തൊ: കെട്ടിക്കാൻ പണമില്ലാതെ വലയുമ്പൊഴാ മീഷ്യനെവിടുന്നതു്.

ബേ: പണത്തിന്റെ കാര്യം ഞാനേറ്റു. റോസമ്മയോടൊന്നു ചോദിച്ചുനോക്കണം കേട്ടോ.?

പൈ; (പ്രവേശിച്ചു്) തൊമ്മിച്ചേട്ടനെപ്പോഴാ വന്നതു്?.

തൊ: കുറച്ചു നേരമായി, കുഞ്ഞേ.

പൈ: കുഞ്ഞേ; ചോറുണ്ണാറായി.

ബേ: (എഴുന്നേറ്റ്) തൊമ്മിച്ചേട്ടാ നേരം ഉച്ചയാ യല്ലോ. ഇനിയും ഊണു കഴിച്ചിട്ടുപോകാം.

തൊ: അയ്യോ വേണ്ടായേ...ഞാൻ വീട്ടിൽ ചെന്നു് ഉണ്ടോളാം. ലൂസിയും റോസമ്മയും നോക്കി യിരിക്കും.

പൈ: ഓ, ശകലം ഉണ്ടാൽ മതി. ങാ നല്ല കാച്ചു മോരുമുണ്ടു്.

തൊ: എന്നാൽ... ശകലം ഉണ്ടുകളയാം

[എല്ലാവരും പോകുന്നു.]

കർട്ടൻ.

## രംഗം 3

(തങ്കച്ചന്റെ, മദ്രാസിലുള്ള വാടകമുറി. സമയം വൈകുന്നേരം 4മണി. സെലീനാ ചിന്താമഗ്നയായി ഇരിക്കുന്നു. പുറകിൽക്കൂടെ പരിഷ്കൃത വേഷധാരിയായ പാപ്പച്ചൻ പ്രവേശിച്ച് ചുമയ്ക്കുന്നു. സെലീനാ ഞെട്ടിത്തിരിഞ്ഞു.)

സെലീന:— ഓ പാപ്പച്ചനായിരുന്നോ. ഞാനങ്ങു ഭയന്നുപോയി.

പാപ്പച്ചൻ:— എന്താ വല്ലാത്ത ഒരു ക്ഷീണംപോലെ. മുഖത്തു് ഒരു പ്രസാദവുമില്ലല്ലോ? (ഇരിക്കുന്നു)

സെ: പാപ്പച്ചാ, അതിനു കാരണമുണ്ടു്. വിചാരങ്ങളേയും, വിഷമങ്ങളേയും എത്ര ഒതുക്കീയാലും അതു മുഖത്തു പ്രകാശിക്കുകതന്നെ ചെയ്യും.

പാ: അയ്യോ! വിഷമമെന്നോ? സെലീനാമ്മയ്ക്കുതിനാണു് വിഷമം.

സെ: ഞാൻ സത്യം പറയാം. ആരോടും പറയുകയില്ലെന്നു് ഉറപ്പുതരാമെങ്കിൽ...

പാ: എന്നെ ഇത്രയും നാളായിട്ടും മനസ്സിലായില്ലേ? ഞാൻ പാറയേക്കാൾ ഉറപ്പുള്ളവനാണു്. എന്നെ ഒന്നു വിശ്വസിക്കൂ.

സെ: ഞാൻ കറച്ചുദിവസത്തെ അവധിയെടുത്തു വന്നിരിക്കുന്നതാണെന്നാണു് തങ്കച്ചായനെ ധരിപ്പിച്ചിരിക്കുന്നതു്. വാസ്തവം അതല്ല. എ

ന്നെഹോസ്റ്റലിൽ നിന്നും ഡിസ്മിസ്സ് ചെയ്തിരിക്കുകയാണു്.

പാ: എന്തു്! സെലീനാമ്മയെ ഡിസ്മിസ്സ് ചെയ്തെന്നോ? ഹേയ്, അങ്ങനെ സംഭവിക്കുമോ?

സെ: പക്ഷെ അങ്ങനെ സംഭവിച്ചു.

പാ: ഒന്നുചുമ്മാതിരിക്കണം. എന്റെ..അല്ല സെലീനാമ്മയോടു ദേഷ്യപ്പെട്ടു് ഒരക്ഷരം പോലും പറയാൻ ഒരുത്തനും വളർന്നിട്ടില്ല. ഇതൊക്കെ മഠത്തിലമ്മച്ചിമാരുടെ മിരട്ടല്ലേ. ഹും..... ഡിസ്മിസ്സ് പോലും; ഡിസ്മിസ്സ്– പോകാൻ പറ.

സെ: ഈ പറച്ചിലുകൊണ്ടൊന്നും അവിടെ വിശേഷമില്ല. ദയവായിട്ടു് എന്റെ പേക്കു് ഒരു കായ്യം ചെയ്യാമോ?

പാ: ആഹാ, സെലീനാമ്മയുടെ പേർക്കു് എന്തു വേണമെങ്കിലും ചെയ്യാമല്ലോ.

സെ: തങ്കച്ചായനോടു് ഈ വിവരം പറഞ്ഞു് ഒന്നു സമാധാനിപ്പിക്കണം.

പാ: അക്കായ്യം ഞാനേറ്റു. വശത്തുകൂടി ശരിപ്പെടുത്തിക്കൊള്ളാം. അപ്പോൾ തങ്കച്ചൻ എവിടെപ്പോയി?

സെ: പാവം! എന്തറിയുന്നു? പുറത്തേക്കു പോയതാ. ഓ...അതാ വരുന്നു. കൂട്ടുകാരനുമുണ്ടു്. ഞാൻ അകത്തേയ്ക്കു പോകാം. നാം തമ്മിൽ സംസാരിച്ചെന്നുള്ള വിവരം അറിയാതെ സൂക്ഷിച്ച

കൊള്ളണം. (സെലീനാ പോകുന്നു. പാപ്പച്ചൻ കസേരയിൽ ചാരിക്കിടന്നു് ഉറക്കം അഭിനയിക്കുന്നു. തങ്കച്ചൻ രവിയോടുകൂടെ പ്രവേശിക്കുന്നു.)

തങ്ക: അല്ല! സഖാവേ! ഇതെന്നാ ഉറക്കമാ(കൊട്ടിവിളിക്കുന്നു)

പാ: (തപ്പിക്കുടഞ്ഞു് എഴുന്നേറ്റു് കോട്ടുവാ വിടുന്നു) ഹോ...ഞാനിവിടെ വന്നിട്ടു് ആരെ കാണാനാ...ഇരുന്നിരുന്നു് അങ്ങുറങ്ങിപ്പോയി.

തങ്ക: സെലീനാ ഇവിടില്ലേ? സെലീനാ...?(വിളിക്കുന്നു)

പാ: സെലീനാമ്മ ഇവിടെ ഉണ്ടെന്നോ? കതകു് അടച്ചിരിക്കുന്നതുകണ്ടു് ഞാൻ ഓത്തു സഹോദരനും സഹോദരിയും കൂടെ എവിടെയോ പോയതാണെന്നു്.

തങ്ക: സെലീനാ എന്തെടുക്കുകയാണെന്നു് ഞാനൊന്നുനോക്കട്ടെ. (അകത്തേക്കു പോകുന്നു)

രവി: എന്നാ പാപ്പച്ചാ, തങ്കച്ചന്റെ വീടൊക്കെ എങ്ങനെയിരിക്കുന്നു? ഏതു്...

പാ: ഞാൻ ഉടനെ തന്നെ ഇങ്ങോട്ടു താമസം മാറുകയാണു്. ഏതായാലും പറഞ്ഞ കമ്പനി തന്നെ. (തങ്കച്ചനും സെലീനായും പ്രവേശിക്കുന്നു.)

സെ: ക്ഷമിക്കണം പാപ്പച്ചനും മറ്റും വന്നതു് ഞാനറിഞ്ഞില്ല. സല്പം ഉറങ്ങിപ്പോയി.

ര: എന്താ തങ്കച്ചാ, ഒരു രസവുമില്ലല്ലോ. വായിലെല്ലാം ഒരു പച്ചച്ചുവയ്ക്കുന്നു.

ത: വിഷമീയ്ക്കുണ്ടോ. സെലീനാ, ഒരെണ്ണമിങ്ങെടുത്തോ– ഒന്നേ ആകാവൂ.

പാ: അതു പേടിയ്ക്കാനൊന്നുമില്ല കേട്ടോ.

(സെലീനാ കൊണ്ടുവന്ന ബ്രാണ്ടി എല്ലാവർക്കും പകർന്നു കൊടുക്കുന്നു.)

ര: സാധാരണ സ്ത്രീകളേപ്പോലെയല്ല സെലീന. പെണ്ണുങ്ങളായാൽ ഇങ്ങനെ വേണം. ഏതു?

ത: അവൾ എന്റെ സഹോദരിയാ. എന്റെ...

പാ: (കുടിയ്ക്കുന്നതിനിടയിൽ എഴുന്നേറ്റ്)അതേ, സമർത്ഥയും; സൽഗുണസമ്പന്നയുമായ ഈ സഹോദരിയോടു് ആ കള്ളക്കന്യാസ്ത്രീകൾ ചെയ്തുകൊണ്ടിരിക്കുന്ന കടുംകൈകൾ കണ്ടുകൊണ്ടിരിക്കുവാൻ ഹൃദയമുള്ള ഒരുവനും സാദ്ധ്യമല്ല.

ത: (ആശ്ചര്യത്തോടെ) എന്തു്? എന്താണിപ്പറയുന്നതു്.

ര: എന്താണു്? വേഗം പറയണം; ഏതു്?

പാ: ഞാൻ സംഗതികളെല്ലാമറിഞ്ഞു. സെലീനാമ്മ മഠത്തിൽ ചേരണമെന്നു് ആ അമ്മച്ചിമാർക്കു നിർബന്ധം. അവൾ സമ്മതിക്കാഞ്ഞതിനാൽ ഹോസ്റ്റലിൽ നിന്നും ഡിസ്മിസ്സു് ചെയ്തതായി കേട്ടു.

ര: ആ കള്ളക്കൂട്ടത്തോടു് ഇതിനു പകരം ചോദി ച്ചില്ലെങ്കിൽ ഞാൻ രവിയല്ല. . .ഏതു്. . . . . ? (വീണ്ടും കടിക്കുന്നു.)

ത. ഹ. . .ഹ. . .ഹ. . . എന്റെ സഹോദരിയോട കളിക്കുത്തക്കവണ്ണം ആ കള്ളക്കന്യാസ്ത്രീകൾ വളന്നിട്ടില്ല. ഉണ്ടോ രവി. . .? പറ; ഉണ്ടോ?

ര: അവളമാരല്ല, അവളമാരുടെ അപ്പനുള്ളവർ പോലും വളന്നിട്ടില്ലെന്നു്. ഏതു്. . .? പിന്നെയാ ഇതു്.

ത. സെലീനാ, എന്റെ രക്തം തിളയ്ക്കുന്നു. ഞാനീ കേൾക്കുന്നതു് വാസ്തവം തന്നെയോ?

സെ. പാപ്പച്ചൻ പറഞ്ഞതെല്ലാം വാസ്തവമാണു്. ഞാൻ ആ കന്യാസ്ത്രീകളെക്കൊണ്ടു മടുത്തു.

ത. ഇപ്പോൾതന്നെ പോകണം. അവളമാരോടു് ഇതിനു പ്രതികാരം ചെയ്യണം.

സെ. വേണ്ടിച്ചാച്ചു. ഒരുകണക്കിനു് ഇതു നന്നായി. എനിക്കു് തങ്കച്ചായന്റെ ക്രൂടെ സുഖമായിട്ടു് ഇവിടെ താമസിക്കാമല്ലോ.

പാ: നേരാണു് ഒരു കണക്കിനു് ഇതു നന്നായി.

ര. ഞാൻ ഇതുകൊണ്ടൊന്നും അടങ്ങുകയില്ല. . . ഏതു്? ആ അമ്മക്കന്യാസ്ത്രീകളെ കോളേജിൽ നിന്നല്ല, മഠത്തിൽ നിന്നുപോലും അടിച്ചുപായിക്കണം. പ്രിയപ്പെട്ടവരേ. . . . . അതിനാൽ. . . . . .

ത. നമുക്കു സംഘടിക്കണം.

ര. അങ്ങനെ പറ. . .എന്തു്?

സെ: ഒരു വിഷമം. വീട്ടിലെങ്ങാനും അറിയുമോ? ബേബിച്ചായൻ അറിഞ്ഞാൽ അങ്ങോട്ടു കയറണ്ട.

ത. അതെന്താ ആർക്കും മുതലുമുടക്കാനുമില്ലല്ലോ. നമ്മുടെ സ്വത്തിൻറെ ഒരംശംപോലും നാം ചെലവാക്കുന്നില്ലല്ലോ. പിന്നെ ബേബിച്ചായൻ എന്തുപറയാനാണു്.

സെ: കായ്മൊക്കെ അങ്ങനെയാണെങ്കിലും ബേബിച്ചായൻഅറിഞ്ഞാൽവലിയ കുഴപ്പമാണു്. കുറച്ചു ദിവസത്തേക്കു് അവധി ഉണ്ടല്ലോ. വീട്ടിൽ പോയി എങ്ങനെയെങ്കിലും ബേബിച്ചായനെ ഒന്നു മയക്കി എടുക്കണം.

പാ: അതു നല്ല കായ്മാണു്. അവധികിട്ടുമെങ്കിൽ ഞാനുംക്രൂടെ പോരാം.

സെ: ഒരു സിക്കു് ലീവു് എടുക്കണം.

ര: ആക്കെങ്കിലും രോഗം ക്രൂരതലാണെന്നും പറഞ്ഞു് ഒരു കള്ളക്കമ്പി അടിക്കണം. എന്തു്? ഞാൻ പണി പറഞ്ഞിച്ചുകൊള്ളാം. എല്ലാവരും ഒരുങ്ങിക്കൊ.

സെ. അങ്ങനെ തന്നെ.

ര. (എഴുന്നേറു് ബാക്കി കുടിക്കുന്നു.) എന്നാൽ ഞാൻ പോകട്ടെ; എന്തു്? അത്യാവശ്യമായിട്ടു് ഒരിടത്തു് പോകണം.

പാ: നേരാ-നേരാ കാത്തിരിക്കും. വേഗം ചെല്ലു്.

ര: (ചിരിച്ചുകൊണ്ട്)അതൊക്കെ വേറെ, ഗ്രഡ് ബൈ.. . .(രവിപോകുന്നു.)

ത: രാവിലെ തന്നെ വരണം; മറക്കരുതേ. (വിളിച്ചുപറയുന്നു.)

പാ: അത്യാവശ്യമായിട്ട് ഒരു കാര്യം പറയുവാനുണ്ടായിരുന്നു. വീട്ടിൽ നിന്നും ഒരെഴുത്ത് വന്നിട്ടുണ്ട്; കുറച്ചുരൂപാ അയച്ചുകൊടുക്കണമെന്നുംപറഞ്ഞു. റോസമ്മ എഴുതിയിരിക്കുന്നു ഒരു നല്ല കവണിക്കുടി വാങ്ങിച്ചു അയച്ചുകൊടുക്കണമെന്ന്.ഞാനെന്തുചെയ്യും. എന്റെ കയ്യിലാണെങ്കിൽ ഒരു പൈസപോലും ഇല്ല.

സെ: അതൊന്നും സാരമില്ല. നമുക്കിനി നാട്ടിൽ പോകുമ്പോൾ പാപ്പച്ചന്റെ വീട്ടിലും പോകണം.

പാ: വളരെ സന്തോഷം. രണ്ടുപേരെയും ഇപ്പോഴേക്ഷണിക്കുന്നു. തങ്കച്ചാ, ഞാൻ വീണ്ടും ചോദിക്കുന്നതിൽ മുഷിയരുതു്. ദയവായി ഒരൻപതുരൂപാ ക്രൂടെ തന്നു് സഹായിക്കണം.

ത: കണ്ടോ! ഇങ്ങനെ പറഞ്ഞാലെങ്ങനെയാ. ബേബിച്ചായന്റെ കഴിഞ്ഞ കത്തിലുമുണ്ടായിരുന്നു പണം ധൂർത്തടിച്ചു കളയരുതു്., അത്യാവശ്യത്തിനുമാത്രമേ ചെലവാക്കാവൂ എന്നൊക്കെ. ഇനിയും ഈയിടെയെങ്ങും രൂപാ ചോദിക്കരുതെന്നും എഴുതിയിട്ടുണ്ടു്.

സെ: അങ്ങനെയൊന്നും പറയാനില്ല. നമ്മുടെയും
ക്രൂടെ സ്വത്തല്ലേ അവിടെ കിടക്കുന്നതു്.
പാപ്പച്ചനു് അൻപതുരൂപാക്രൂടെകൊടുക്കണം.

ത: സെലീനാ അങ്ങനെ പറയുകയാണെങ്കിൽ
ഞാൻ കൊടുത്തേക്കാം. എന്റെ കുറവില്ല.
(പോക്കറ്റിൽ നിന്നും അൻപതുരൂപാ എടുത്തു
കൊടുക്കുന്നു.)

പാ: (എഴുനേറ്റു്)എന്നാൽ നാളെക്കാണാം. മ
റ്റൊന്നും ഓർക്കരുതേ.

ത: ഹേയ്.....

കർട്ടൻ.

## രംഗം 4.

(തൊമ്മിയുടെ വസതി. തങ്കച്ചൻ ഒരു ബാഗ്ഗും പിടിച്ചുയുറോപ്യൻ വേഷധാരിയായി പ്രവേശിക്കുന്നു. ആരെയും കാണാഞ്ഞു് ചുമച്ചു ശബ്ദം ഉണ്ടാക്കുന്നു)

ലൂസി (പ്രവേശിച്ചു്) ഉം. . . . . എന്താ സായിപ്പേ, സായിപ്പെന്തിനാ വന്നതു്.?

തങ്ക (ചിരിച്ചുകൊണ്ടു്)ഞാൻ സായിപ്പും മറുമല്ല. വന്നതു് റോസമ്മയെ ഒന്നു കാണാനാണു്.

ലൂ: അപ്പോൾ സായിപ്പു നാട്ടുകാരനാണോ? ചേച്ചിയെ അറിയുന്നതെങ്ങനെ? സായിപ്പു് അവിടിരി. ഞാൻ പോയി റോസമ്മച്ചേച്ചിയെ വിളിച്ചു കൊണ്ടുവരാം.

(ലൂസി പോകുന്നു. തങ്കച്ചൻ സിഗററു് കത്തിച്ചു് വലിച്ചുകൊണ്ടുലാത്തുന്നു. റോസമ്മയും ലൂസിയും പ്രവേശിക്കുന്നു.)

ത: റോസമ്മേ, എന്താ സുഖമാണോ—എന്നെ കണ്ടിട്ടുണ്ടോ?

റോ: ക്ഷമിക്കണം. മനസ്സിലാകുന്നില്ലല്ലോ.

ത: ഒട്ടും മനസ്സിലായില്ലേ. . . . . ഒട്ടും. . . . . .?

ലൂ: കണ്ടോ എന്നാപ്പിന്നെ സായിപ്പു് ഏതു ഏറോപ്പ്യേയിനേലാ വന്നതെന്നങ്ങു പറയരുതോ?

ത: ഹോ—ലൂസി ഒട്ടും മോശമല്ലല്ലോ. കളിയാക്കാനറിയാമല്ലോ. ഇതാ കുറച്ചുമിഠായി. ചുമ്മാ

തിന്നോ ഇതുയും പറഞ്ഞതല്ലേ, (മീശയി കൊ
ട്ടുക്കുന്നു)

ലൂ: (മീശയി തിന്നുന്നതിനിടയിൽ) ഛേ– എന്തു
മധുരം, സായിപ്പ് ഏതായാലും നല്ല മനു
ഷ്യനാ.....ചേച്ചീ, ചേച്ചിയ്ക്കു വേണോ...?

ത: ലൂസീ തിന്നു കൊള്ളുക. ചേച്ചിക്കു ഞാൻ
കൊടുത്തു കൊള്ളാം.

ഗോ: അതൊക്കെ പോകട്ടെ. ദയവായി അങ്ങു
ആരാണെന്നു പറയണം.

ത: ഞാനോ.....? ഞാനേ.....പറയാം.

ലൂ: ങ്ഹും.....ഞാനേ.....(കളിയാക്കുന്നു)

ഗോ: ലൂസിക്കുട്ടീ, എന്താണിതു്?

ലൂ: ഇതു നല്ല കളിയാണല്ലോ. ചുമ്മാ മനുഷ്യരെ
മെനക്കെടുത്താതങ്ങു പറയരുതോ.

ത: ധൃതി വയ്ക്കാതെ ലൂസീ...ഞാനേ...പിന്നേ....

ലൂ: പിന്നേം കുന്നേം.....മനസ്സിലാണ്ടെ പറ.
ഹോ! എത്ര നേരമായി ചോദ്യം തുടങ്ങിയിട്ടു.
വാ–ചേച്ചീ, നമുക്കുപോകാം.

ഗോ: ദയവായി വേഗം പറയണം. അച്ഛായനു
മരുന്നു കൊടുക്കുവാനുള്ള സമയം കഴിഞ്ഞു.

ത: അപ്പോൾ എന്നെ അറിയുക ഇല്ല അല്ലേ?
ഞാനാണു തെരുവിലെ തങ്കച്ചൻ. എന്താ
ഇപ്പോൾ മനസ്സിലായോ?

ലൂ: ഓ! മദ്രാസിൽ പഠിക്കുന്ന ആളാ അല്ലേ?
അങ്ങനെ വരട്ടെ.

ഗോ: ക്ഷമിക്കണേ, ആളറിയാതെ ഞങ്ങൾ പറ

ഞങ്ങൾ പോയതെല്ലാം ക്ഷമിക്കണേ.

(അകത്തു നിന്നു്, മലമ്പനിയായി കിടന്ന തൊമ്മി "അതാരാ മോളേ എറേത്തു വന്ന മാനം പറേന്നതു്" എന്നു ചോദിക്കുന്നു)

ലൂ: (അകത്തേയ്ക്കു നോക്കിക്കൊണ്ടു്) തെരുവിലെ ബേബിച്ചൻചേട്ടന്റെ അനുജൻ തങ്കച്ചൻ ചേട്ടനാണേ. (തൊമ്മി തീരെ അവശനായി പ്രവേശിക്കുന്നു. റോസമ്മയുടെ സഹായത്തോടെ ബഞ്ചിൽ ഇരിക്കുന്നു.)

തൊ: അയ്യോ! തങ്കച്ചനാണോ. എപ്പം വന്നു? ഇരിമോനെ. ഞങ്ങടെ പാപ്പച്ചനു സുഖമാണോ? സെലീനാമ്മ എന്തിയേ? എല്ലാം വേഗം പറകുഞ്ഞേ. എനിക്കു ധൃതിയാകുന്നു.

(ചുമയ്ക്കുന്നു)

ത: പാപ്പച്ചനു് സുഖം തന്നെ. അവധി കിട്ടാഞ്ഞതു കൊണ്ടാണു് എന്റെ കൂട്ടത്തിൽ പോരാഞ്ഞതു്. സെലീനാമ്മ കോളേജിൽ നിന്നും കുട്ടികളുടെ കൂടെ ഒരു വിനോദ യാത്രയ്ക്കു പോയിരിക്കുകയാണു്. ഒരാഴ്ച കഴിഞ്ഞേ തിരിച്ചെത്തുകയുള്ളൂ.

തൊ: ഞങ്ങടെ പാപ്പച്ചനു് ഒത്തിരി വണ്ണം വച്ചോ?

ത: ആഹാ വണ്ണം വച്ചോന്നു്. ഇപ്പോൾ കണ്ടാൽ ആളറിയുകയില്ലെന്നായി. ദിവസവും വീറുകയാണു്. ശമ്പളമൊക്കെ ഒത്തിരി കിട്ടുന്നുണ്ടു്.

ലൂ: തുപ്പാ എല്ലാം കൂടെ ഒന്നിച്ചു കൊണ്ടു വരാനായിരിക്കും വച്ചിരിക്കുന്നതു്.

തൊ: എടീ റോസമ്മേ; നീ വേഗം ചെന്ന് ഇറച്ചി കാപ്പി അടുപ്പേലിട്ട്. വേഗമാകട്ടെ. (റോസമ്മ പോകുന്നു. തങ്കച്ചൻ ഏറെ കണ്ണിട്ട് റോസമ്മയെ നോക്കുന്നു)

ത: എനിക്കിപ്പോൾ കാപ്പിയും ഒന്നും വേണ്ടാ. ഞാൻ കാപ്പി കുടി കഴിഞ്ഞു വന്നതേയുള്ളൂ. ങാ.....എന്നിട്ട് തൊമ്മിച്ചേട്ടാ വിശേഷമൊന്നും പറഞ്ഞില്ലല്ലോ.

തൊ: എന്നാ വിശേഷം പറയാനാ കുഞ്ഞേ. ഞങ്ങക്കൊക്കെ എന്നാവിശേഷം കെടക്കുന്നു. (ലൂസിയോട്) എടീ പെണ്ണേ, നീക്കുടെ അട്ടക്കളയിലോട്ട ചെല്ല്. അവള തന്നെയല്ലാതുള്ളോ? (ലൂസി പോകുന്നു.)

ത: ങാ, എന്നിട്ട്?

തൊ: കേട്ടോ തങ്കച്ചാ, ലൂസിയ്ക്ക് ഒരു വയസ്സുള്ളപ്പോൾ അവളടെ അമ്മ മരിച്ചതാ. ആണായിട്ട് പാപ്പച്ചൻ മാത്രമേയുള്ളൂ.

ത: അതൊക്കെ പാപ്പച്ചൻ എന്നോട പറഞ്ഞിട്ടുണ്ട്.

തൊ: പറഞ്ഞിട്ടുണ്ടല്ലേ? എന്നിട്ട കേട്ടോ, റോസമ്മയെ എന്റെ കഴിവുപോലെയൊക്കെ പഠിപ്പിച്ചു. കെട്ടിക്കാനാണെങ്കിൽ എന്നെക്കൊണ്ട് ഒരു നിവൃത്തിയുമില്ല. കുഴിയിലേക്ക് കാലും നീട്ടിയിരിക്കുന്ന ഒരു മലമ്പനിക്കാരനാണ ഞാൻ. ഇ ഞാൻ എന്നാചെയ്യാനാ. (ചുമ

യ്യുന്നു.) പത്തുദിവസമായി തീർത്തു കിടപ്പായിട്ട്. പിന്നെ എങ്ങനെ കഴിയാനാ. നിങ്ങളുടെ ഒക്കെ കാരുണ്യംകൊണ്ട് ഇതുയുമൊക്കെ കഴിഞ്ഞു കൂടുന്നു. ആ ഡാക്കിട്ടരും ബേബിച്ചനുമൊക്കെ മിയ്യപ്പോഴും വന്നു് അനേഷിക്കുന്നുണ്ട്. (ശക്തിയായി ചുമയ്യുന്നു)

ത: വാസ്തവം പറയുകയാണെങ്കിൽ എനിക്കു തൊമ്മിച്ചേട്ടന്റെ കാര്യം ഓർക്കുമ്പോൾ വലിയ വിഷമംതോന്നുന്നു. ങും..... എല്ലാംതീരും പാപ്പച്ചൻ വരുമ്പോൾ.

തൊ: നേരാ ഇക്കണക്കിനു് എല്ലാം തീരുമ്പോഴായിരിയ്യും അവന്റെ വരവു്.

ത: ല്യൂസിക്കുട്ടി പഠിക്കുന്നില്ലേ?

തൊ: ഒരു വിധത്തിൽ അവളുടെ പഠിത്തവും നടക്കുന്നുണ്ട്. എന്റെ പഴേ കാലമായിരുന്നെങ്കിൽ..... എന്തിനു പറയാനാ..... എന്റെ കുഞ്ഞുങ്ങൾക്കു പഠിയ്യാനോ സുഖമായി കഴിയാനോ ഉള്ള കാലവും കമ്പവും ഇല്ലാതായിപ്പോയി. എന്റെ കുഞ്ഞേ, മേച്ചേരിക്കും കീച്ചേരിക്കും പഠിത്തമില്ലെങ്കിലും ഒന്നും വരാനില്ല. എന്നാൽ ഞങ്ങളെപ്പോലെയുള്ള ഇടത്തരക്കാക്കു് അല്പം വിദ്യാഭ്യാസംക്രൂടി ഇല്ലെങ്കിലത്തെ സ്ഥതി എന്തായിരിക്കും? (കരയുന്നു) എല്ലാം എന്റെ കാലക്കേടു്.

ത: തൊമ്മിച്ചേട്ടാ, കഴിഞ്ഞതൊക്കെ പോകട്ടെ. അതോർത്തു സങ്കടപ്പെടരുതു്.

തൊ: എങ്ങനെ സങ്കടപ്പെടാതിരിയ്ക്കും. മലബാറിൽ നിന്നും നശിച്ചു് തിരികെ പോന്നിട്ടു് നേരെ നാട്ടിലേക്കു പോകുവാൻ പോലും അഭിമാനം സമ്മതിക്കുന്നില്ല.

ത: അപ്പോൾ റോസമ്മ വീട്ടു ജോലിയുമായി മാത്രം കഴിഞ്ഞു കൂടുകയാണോ.

തൊ: അല്ലാതെന്തു ചെയ്യുന്നു? കല്യാണക്കാർ പലരും വരുന്നുണ്ടു്. എല്ലാവർക്കും പെണ്ണിനെ ഇഷ്ടപ്പെട്ടു.

ത: കൊള്ളാം! ഇഷ്ടപ്പെടാതിരിക്കുമോ.

തൊ: എന്നാലും എനിക്കുകൂടെ ഒന്നു തോന്നണ്ടേ, കൂടും കുടുംബവുമില്ലാത്തവന്റെ കൂടെഎന്റെ പെണ്ണിനെ ഇറക്കി വിടാൻ. ഇന്നു ഈ നിലയിലായിപ്പോയെങ്കിലും ഞാൻഒന്നാന്തരം കുടുമ്മത്തു പിറന്നവനാ. അല്ലെങ്കിൽ എന്റെ കരയിൽ ചെന്നൊന്നു തെരക്കി നോക്കിയ്ക്കു. എന്റെ പെണ്ണിനെ എവിടെയെങ്കിലും കുടുമ്മത്തേ കൊണ്ടെക്കേറുകയുള്ളു. നശിച്ചു പോയെങ്കിലും ഞാൻ അഭിമാനം വിടുകയില്ല കുഞ്ഞേ.

ത: റോസമ്മയെപ്പറ്റി പാപ്പച്ചൻ പറഞ്ഞു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ദൈവം അനുഗ്ര

ഹീച്ചാൽ കൂട്ടംബക്കാരനെക്കൊണ്ടു തന്നെ നമുക്കു കെട്ടിയ്ക്കാം.

തൊ: അതേയുള്ളൂ. അല്ലെങ്കിൽ കെട്ടിയ്ക്കേണ്ടാന്നങ്ങു വയ്ക്കും. അനാസ്സ്യം വിട്ടൊന്നും ചെയ്യാൻ ഞാൻ തീരുമാനിച്ചിട്ടില്ല. തങ്കച്ചാ, ഇടച്ചേരികളായ ഞങ്ങൾ ജീവിക്കുവാൻ വേണ്ടി കഷ്ടപ്പെടുന്നതു കാണുവാനോ, എന്തെങ്കിലും പരിഹാര മാർഗ്ഗം കാണിച്ചു തരുവാനോ ഈ ലോകത്തിൽ ഒരു പ്രസ്ഥാനവുമില്ലല്ലോ .(ചുമയ്ക്കുന്നു) നമ്മുടെ പള്ളിയിലു് ഒരു പുതിയ സംഘടന തുടങ്ങിയിട്ടുണ്ടു്. എന്തോന്നാ..... വിൻസെന്തു പോളോ എന്നോ മറ്റോ പറയും.

ത: അങ്ങനെയല്ല. വിൻസെൻറ് ഡി. പോൾ സഖ്യം എന്നാണു പറയേണ്ടതു്.

തൊ: അതേ; അവരൊക്കെ തീരെ പാവപ്പെട്ടവരെ മാത്രമേ നോക്കൂ. ഞങ്ങളാണെങ്കിൽ അന്നദിനം നശിച്ചു കൊണ്ടിരിക്കുന്നു. ഞങ്ങളെപ്പോലുള്ള ഇടത്തരക്കാരെക്കൂടെ അവർ രക്ഷിച്ചിരുന്നെങ്കിൽ!

ത: തൊമ്മിച്ചേട്ടൻ വിഷമിയ്ക്കേണ്ടാ. ഞാനെന്തും ചെയ്യാൻ തയാറാണു്.

തൊ: (വിറച്ചു കൊണ്ടു്) ഓ.....ഹൊ.....ഹൊ ഹൊ.....തുള്ളാൻ തുടങ്ങി. ഇന്നു.....പ.....പനി കൂട്ടുതലുള്ള ദിവസമാ. മോളേ.....റോസമ്മേ.....എ.....എ.....എ...

ന്നെ. . . . . വന്നൊന്നു പിടിച്ചേ (റോസമ്മ ഓടി വരുന്നു. തങ്കച്ചൻ പരിസരം മറന്നു് നിന്നു മേഷനായി റോസമ്മയെത്തന്നെ നോക്കി നില്ക്കുന്നു) കഞ്ഞേ, എന്നെ കൊണ്ടുപോയി ഒന്നു കെടത്തു്. തങ്കച്ചാ. . . . . കാപ്പി വെള്ളം കുടിച്ചേച്ചേ പോകാവൂ. . . . . കേട്ടോ. ഞാനൊന്നു കെടക്കട്ടെ. (റോസമ്മ തൊമ്മിയെ അകത്തേയ്ക്കു കൊണ്ടു പോകുന്നു)

ത: (സിഗററു വലിച്ചു കൊണ്ടു് ഉലാത്തുന്നു. ആത്മഗതം) ഹാ! നല്ല കിളി പോലുള്ള പെൺകുട്ടി. . . . . റോസമ്മ. . . ഛെ! അതു കൊള്ളുകയില്ല. . . . . ഇല്ല. അതു പാടില്ല. . . . . എങ്ങനെയെങ്കിലും കൈയ്ക്കലാക്കണം. . . . . ഏതായാലും ഉദ്ദേശിയ്ക്കുന്നതു പോലെ സംഗതികൾ നടക്കുന്ന ലക്ഷണമുണ്ടു്.

റോ: (പ്രവേശിച്ചു് കാപ്പി രണ്ടു കൈ കൊണ്ടും നീട്ടി കൊടുക്കുന്നു) ഇതാ, കാപ്പി കുടിക്കാൻ.

ത: (ഒരു കൈ കൊണ്ടു കാപ്പി വാങ്ങിയിട്ടു് മറേറ കൈകൊണ്ടു് റോസമ്മയുടെ കയ്യിൽ പിടിയ്ക്കാൻ ഭാവിക്കുന്നു. അവൾ പെട്ടെന്നു കൈ വലിച്ചിട്ടു് മാറി നില്ക്കുന്നു) എന്തു നല്ല കൈ! കഷ്ടം! തഴമ്പു പിടിച്ചു പോയല്ലോ. (ബാഗിൽ നിന്നും ഒരു പൊതി എടുത്തു കൊടുത്തുകൊണ്ടു്) ഓ. . . . . ഒരു കാര്യം ഞാൻ മറന്നു പോയി. ഇതു റോസമ്മയ്ക്കു് കൊണ്ടു

വന്നതാണു്. റോസമ്മ, പാപ്പച്ചനു് ഒരു കവണിക്കെഴുതിയിരുന്നല്ലോ.

റോ: (കവണി വാങ്ങുന്നു.) ഈ കവണി പാപ്പച്ചനിച്ചായൻ തന്നയച്ചതാണു് അല്ലേ?

തങ്ക: പാപ്പച്ചൻ പറഞ്ഞായിരുന്നു; എന്നാൽ ഞാൻ റോസമ്മക്കായി വാങ്ങിച്ചു കൊണ്ടു വന്നതാണു്.

റോ: വില കൊടുത്തതാരാണു്?

തങ്ക: ഞാനാണു്.

റോ: എന്നാൽ ഈ കവണി എനിക്കു വേണ്ട. (തിരിച്ചുകൊടുക്കുവാൻ ഭാവിക്കുന്നു.)

തങ്ക: അതുപാടില്ല. ഞാൻ റോസമ്മക്കുവേണ്ടിയാണു് ഇതു വാങ്ങിച്ചതു്.

റോ: വേണ്ട തങ്കച്ചാ, മറെറാരാളുടേതെനിക്കുവേണ്ട (കവണി കൊടുക്കുന്നു.) എനിക്കു ജോലിയുണ്ടു്. ഞാൻ അകത്തേക്കു പോകട്ടെ.

തങ്ക. ഓ... ഇങ്ങനെ കെറുവിച്ചാലോ. (റോസമ്മയുടെ കയ്യേൽ പിടിക്കുവാൻ ഭാവിക്കുന്നു)

റോ. ഛീ! നാണമില്ലേ! ഇതെന്തു മര്യാദ! (അവൾ അകത്തേക്കു പോകുന്നു. തങ്കച്ചൻ ഇളിഭ്യനായി നില്ക്കുന്നു.)

കർട്ടൻ.

# രംഗം 5

(റോഡ്. കൊച്ചാപ്പു ഒരു വശത്തേക്ക് എ)
ത്തിനോക്കിക്കൊണ്ട് പ്രവേശിക്കുന്നു.)

കൊ. ആങ്ഹാ! പുള്ളിവരുന്നുണ്ടല്ലോ. മുഖം കണ്ടി
ട്ട് വല്ലാതിരിക്കുന്നല്ലോ. ഏതായാലും സംഭവം
മാറിനിന്നുകളയാം. (പോകുന്നു. തങ്കച്ചൻ
ബാഗുമായി പ്രവേശിക്കുന്നു.)

തങ്ക. (ആത്മഗതം)ഇപ്പോഴും ഇത്തരം പെൺകുട്ടികൾ
ളുണ്ടോ? കഷ്ടം...കാര്യം കുഴപ്പിപ്പോയല്ലോ...
സാരമില്ല. ഇതുപോലെ എത്ര മണികെട്ടിയ
പെൺകൊടികളെ കണ്ടവനാണ് ഈ തങ്ക
ച്ചൻ. (ആലോചിക്കുന്നു.) ശരി; പണിയുണ്ട്.
ആ കൊച്ചാപ്പുച്ചേട്ടനെ ഒന്നു കണ്ടു കളയാം.
എങ്ങനെയെങ്കിലും അവളെ.....

കൊ. (ചിരിച്ചുകൊണ്ട് പ്രവേശിക്കുന്നു.) എന്താ
എന്നെ വിളിച്ചോ? ങേ...

തങ്ക. ഹൊ! തേടിയവള്ളി കാലിൽ ചുറ്റിയല്ലോ?

കൊ. അതെന്താ എന്നെ അനേഷിച്ചോ; ങേ...?
അപ്പഴേ; തങ്കച്ചൻ വരുന്ന വഴിയാണോ?

തങ്ക. അതെ. പിന്നെയെന്തൊക്കെയുണ്ട് കൊച്ചാ
പ്പുച്ചേട്ടാ വിശേഷങ്ങൾ?

കൊ. എല്ലാം വിശേഷമല്ലേ. (ചിരിച്ചുകൊണ്ട്) അപ്പോൾ, മദ്രാസിൽനിന്ന് ഇതിലെ എങ്ങനെ വന്നു. ങേ...?

തങ്ക. (ഇളിഭ്യനായി ചിരിച്ചുകൊണ്ട്) അതേ... പിന്നെ...പിന്നെ... എനിക്ക് ഒരാളെക്കാണാനുണ്ടായിരുന്നു.

കൊ. എനിക്കറിയാം ആരെയാ കാണാനുള്ളതെന്ന് കയറിപ്പോകുന്നതും ഇറങ്ങിവരുന്നതുമെല്ലാം കണ്ടുകൊണ്ട് ഞാനിവിടെ നില്ക്കുകയായിരുന്നു.

തങ്ക. എങ്ങോട്ട പോകുന്നതാ കണ്ടത്.

കൊ; എങ്ങോട്ടാണെന്നോ. എന്നെയാണോ പറയിക്കാൻ നോക്കുന്നത്. ങേ. ആ തെങ്ങുംമൂട്ടിൽ തൊമ്മിച്ചേട്ടന്റെ വീട്ടിലേക്ക്. എന്താ ശരിയാണോ... ങേ

ത: ശരിയാണ്. പാപ്പച്ചൻ പറഞ്ഞതനുസരിച്ച് അതിലെ കയറിയെന്നേ ഉള്ളൂ. പോരെങ്കിൽ തൊമ്മിച്ചേട്ടൻ കിടപ്പുമാണല്ലോ.

കൊ: സ്വന്തം ബംഗ്ലാവിൽ പോയിട്ടങ്ങോട്ട കയറിയാൽ പോരായിരുന്നോ. ങേ.(ചിരിക്കുന്നു)

ത: ഹൊ! കൊച്ചാപ്പച്ചേട്ടൻ ഭയങ്കര പുള്ളിയാണല്ലോ. ഒരു കാര്യം പറഞ്ഞാൽ സാധിച്ചു തരുമോ. നല്ല ഒരു സമ്മാനം തരാം. ങാ..വളരെ രഹസ്യമായിരിക്കണം. കേട്ടോ.

കൊ: കായ്മെന്താണെന്നു് ആദ്യം പറയണം. ചെവിക്കല്ലുപോകുന്ന കായ്മും വല്ലതുമാണോ. ങേ അല്ല—തങ്കച്ചന്റെ ഇടപാടായതുകൊണ്ടു് പറഞ്ഞന്നേയുള്ളൂ.

ത: തൊമ്മിച്ചേട്ടന്റെ മകളില്ലേ. ആ.....

കൊ: ഓ...ആ ലൂസിപ്പെണ്ണു്. അവൾം മഹാ കുസൃതിയാണെന്നേ. ആരെയും കളിയാക്കുന്ന സ്വഭാവം.

ത: ഛെ! അവളല്ല. മറ്റവൾം ആ റോസമ്മ.

കൊ: ആഹാ. തങ്കപ്പെട്ട പെങ്കൊച്ചല്ലേ. എന്തൊരു അടക്കവും ഒതുക്കവുമുള്ള കുഞ്ഞു്.

ത: അതു നല്ല സ്വഭാവമാണോ. താനെങ്ങനെ അറിഞ്ഞു.

കൊ: ആഹാ. ഞാനറിയാത്തവരോ, കയറി ഇറങ്ങാത്ത വീടോ ഉണ്ടോ. ങേ..... എന്റെ ജോലി പിന്നെയെന്താണു്.

ത: കൊച്ചാപ്പച്ചേട്ടാ എനിക്കാ റോസമ്മയോടു് ഒരു വല്ലാത്ത സ്നേഹം തോന്നുന്നു.

കൊ; വല്ലാത്ത സ്നേഹമാണോ. ങേ...എന്നാൽ കഴപ്പുമാണേ.

ത. തനിക്കു് ഒരു കായ്മും ചെയ്യാമോ. എനിയ്ക്കു വളെ തനിച്ചൊന്നു കണ്ടു് സംസാരിയ്ക്കണം. (തമ്മിൽ രഹസ്യം പറയുന്നു. കൊച്ചാപ്പു സമ്മതഭാവത്തിൽ തല കുലുക്കുന്നു.)

കൊ: നോക്കാം.....പക്ഷേ അവസാനം മണ്ടനാകരുത്.

ത: (ബാഗിൽ നിന്നും കവണി എടുത്തുകൊടുത്തുകൊണ്ട്) ഇപ്പോൾ ഇതിരിക്കട്ടെ. ബാക്കിയെല്ലാം പിന്നീട് തന്നുകൊള്ളാം.

കൊ: (കവണി വാങ്ങി നോക്കിക്കൊണ്ട്) അയ്യോ! പെണ്ണും പെടക്കോഴിയും ഒന്നുമില്ലാത്ത എനിക്കെന്തിനാ ഈ കവണി.....ങേ. ങ്ഹും... ഏതായാലും ഇരിക്കട്ടെ. എന്നെങ്കിലും പെണ്ണുകെട്ടാതിരിക്കുമോ. തങ്കച്ചൻ എനിക്കു പോകാൻ തിടുക്കമുണ്ട്. ഇന്ന് ഒരു ചെറിയ കല്യാണാലോചനയ്ക്ക് ഇറങ്ങിയതാണ്. അപ്പൊഴാണ് തങ്കച്ചനെകണ്ടത് (സല്ലും നടന്നിട്ട് പോക്കറ്റിൽ തപ്പുന്നു.) ചില്ലറ എടുക്കാൻ മറന്നുപോയി. അധികമൊന്നും വേണ്ടാ. ഉണ്ടെങ്കിൽ ഒരു രണ്ടു രൂപായിങ്ങു തന്നെ.

ത: അതിനാണോവിഷമം. രണ്ടോ മൂന്നോ തരാമല്ലോ. (രൂപാകൊടുക്കുന്നു.)

കൊ. എന്നാൽ...

ത: മറക്കരുതേ. സമ്മാനം പുറകേയുണ്ട്.

കൊ. അതുപിന്നെ എനിക്കറിയരുതോ.

(പോകുന്നു.)

(തങ്കച്ചൻ ചുറ്റി നടക്കുന്നു. ബായ്ക്ക് കർട്ടൻ ഉയരുന്നു. തെരുവിൽ ബംഗ്ലാവിന്റെ ഒരു മുറി. ബേബിച്ചൻ പത്രം വായിച്ചുകൊണ്ടിരിക്കുന്നു.)

ബേ: തങ്കച്ചാ. . . . . ഇപ്പോഴെന്താ അവധിയാണോ?

ത: കുറച്ചു ദിവസത്തെ അവധി ഉണ്ട്.

ബേ: നീ തന്നെ ഉള്ളോ. സെലീനാ എവിടെ?

ത: അവൾം ക്ലട്ടുകാരികളുമൊത്തു് വിനോദ യാത്രയ്ക്കു് ഊട്ടിയ്ക്കു പോയിരിയ്ക്കുകയാണു്.

ബേ: പാപ്പച്ചനു സുഖമാണോ? തൊമ്മിച്ചേട്ടനു് കുറവുമില്ലല്ലോ? അവനെക്കൂടെ കൊണ്ടു വരാൻ പാടില്ലായിരുന്നോ?

ത: പാപ്പച്ചനു് അവധി കിട്ടിയില്ല.

ബേ: എന്താ എല്ലാവരും നന്നായി പഠിക്കുന്നുണ്ടോ അതോ. . . . . ?

ത: കഴിയുന്നതും നന്നായി പഠിക്കുന്നുണ്ടു്. സെലീനായും പഠിക്കുന്നുണ്ടെന്നാണു് തോന്നുന്നതു്. പൈലിച്ചേട്ടനിവിടില്ലേ?

ബേ: പൈലിച്ചേട്ടൻ ചന്തയ്ക്കു പോയതാണു്. നീ അകത്തു ചെന്നു് ഡ്രസ്സു് ഒക്കെ മാറു്. (തങ്കച്ചൻ അകത്തേക്കു പോകുന്നു. പൈലി ഒരു കമ്പിസന്ദേശവുമായി പ്രവേശിക്കുന്നു)

പൈലി: ഇതാ ഈ ക്ലട്ടിനകത്തു് ഒരു കമ്പിയുണ്ടു്. നമ്മുടെ കമ്പിപ്പാപ്പു തന്നതാ.

ബേ: (വാങ്ങി വായിക്കുന്നു) തങ്കച്ചാ – – തങ്കച്ചാ (ഉറക്കെ വിളിക്കുന്നു)

പൈ: ആങ്ഹാ. . . . തങ്കച്ചൻ വന്നോ? തങ്കച്ചാ. . . തങ്കച്ചോ (പൈലി അകത്തേക്കു പോകുന്നു.

തങ്കച്ചൻ മറുവശത്തു കൂടെ പ്രവേശിക്കുന്നു. പുറകെ പൈലിയും)

ബേ: (കോപത്തോടെ) ഇതെന്താണെന്നു നോക്കു്. (തങ്കച്ചൻ വാങ്ങി വായിക്കുന്നു. വിഷണ്ണനായി നിൽക്കുന്നു.)

ത: എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ.

ബേ: നിനക്കു് ഒന്നും മനസ്സിലാകുന്നില്ല. ഒന്നും അറിയത്തും ഇല്ല, അല്ലേ. വേഗം പറയണം. എനിക്കു് ഉടനെ കാര്യം അറിയണം.

പൈ: എന്റെ കത്താവേ! ആ കമ്പിയേലെന്നാ ഉണ്ടായിരുന്നു. ഒന്നും മനസ്സിലാകുന്നില്ലല്ലോ.

ബേ: എന്തു പറയാനാ പൈലിച്ചേട്ടാ. ഒരു സഹോദരി ഉണ്ടായിരുന്നതു് പേരുകേൾപ്പിച്ചു. സ്വഭാവത്തിന്റെ വിശേഷംകൊണ്ടു് കോളേജിൽ നിന്നും ഡിസ്മിസ്സു് ചെയ്തെന്നും ഉടനെ ചെന്നു കൊണ്ടുപോരണമെന്നുമാണു് കമ്പി.

പൈ: അയ്യോ! സെലീനാമ്മയേയോ! ഒന്നേ ചെയ്തോള്ളോ, അതോ ഒത്തിരി പ്രാവശ്യം കിസ്മിസ്സു് ചെയ്തോ?

ബേ: പൈലിച്ചേട്ടാ, പിള്ളയോടു് ഉടൻ കാർ ഇറക്കാൻ പറ. ഉടനെതന്നെ പോകണം. (പൈലി പോകുന്നു.) നീ ആണു് ഇതിനൊക്കെകാരണം. അല്പം മുൻപു് നീ എന്താണു് എന്നോടു പറഞ്ഞതു്. കഷ്ടം! മനുഷ്യരു കുറ്റ

മല്ലോ. ഒരു പെൺകുട്ടിയെ കോളേജിൽ നിന്നും ഡിസ്മിസ്സ് ചെയ്യണമെങ്കിൽ കാര്യത്തിന്റെ ഗൗരവം എത്രമാത്രമുണ്ടായിരിക്കണം. എടാ, നിന്നോട് കോളേജിലെ അധികാരികൾ ഈ കാര്യത്തെപ്പറ്റി ഒന്നും പറഞ്ഞിില്ലേ?

ത: എന്താണെന്നറിയത്തില്ല.നല്ല സുഖമില്ലെന്നും പറഞ്ഞ് കുറച്ചു ദിവസമായി എന്റെ ക്രൂടെയാണ് താമസം.

ബേ: എന്തു്! എന്നിട്ട നീ ആ വിവരം എന്നെ അറിയിച്ചോ. (ആലോചിക്കുന്നു.) ശരി, ഉടനെ തന്നെ പോകണം. അവളെ ഇവിടെ കൊണ്ടു വരണം. ങും... ഒരുങ്ങിക്കോ.

കർട്ടൻ.

## രംഗം 6

(തങ്കച്ചന്റെ, മദ്രാസിലുള്ള വാടക മുറി. സന്ധ്യാസമയം. സെലീന ചമഞ്ഞൊരുങ്ങി കണ്ണാടിയുടെ മുമ്പിലിരുന്ന് മുളിപ്പാട്ടുപാടുന്നു. മുഖത്ത് പൗഡറിടുന്നു. രവി പ്രവേശിച്ച ഒരു വശത്ത് മാറി നിൽക്കുന്നു.)

രവി: ഹോ... എന്തൊരു സൗന്ദര്യം... കൺകുളിർക്കെ കണ്ടാനന്ദിക്കേണ്ട ഒരു രംഗം...ഏത്?
ഹ...ഹ...ഹ... എന്തൊരു കാഴ്ച.

സെ: (നോക്കുന്നു.) എന്താ രവി! രംഗമെന്നോ? കാഴ്ചയെന്നോ?

ര: (അതേനില്പിൽ തന്നെ) ഹാ... അതു കാണുവാൻ എനിക്കു മാത്രമേ ഭാഗ്യമുള്ളൂ. ഏത്..? ഞാനങ്ങനെ കണ്ടു കണ്ട്.....

സെ: ങും. കണ്ടു കണ്ട്.....രവി, എന്താണീപ്പറയുന്നത്. എന്താ കിറുക്കുണ്ടോ?

ര: അതേ. ഞാനൊരു കിറുക്കനാണ്... സ്നേഹഭാരാന്തൻ... മനസ്സിലായോ?

സെ. എനിക്കൊന്നും മനസ്സിലാകുന്നില്ല. വ്യക്തമായി പറയണം.

ര. ഹ...ഹ...ഹ... അതാ രണ്ടുപേർ അങ്ങനെ നിൽക്കുന്നു.

സെ. എവിടെ? ഞാനെങ്ങും ആരെയും കണ്ടില്ല. (മുൻവശത്തേക്കു നോക്കുന്നു.)

ര. ഒന്നുകൂടെ നോക്കിക്കേ... ഒരു സ്ത്രീയും ഒരു പുരുഷനും.

സെ. എവിടെ..(എത്തിനോക്കുന്നു.) എവിടെ?

ര. ഇതാ..സെലീനാമ്മ കാണുന്നില്ലേ? ഇതാ ഇവിടെത്തന്നെ.

സെ. ആഹാ... ഇതായിരുന്നോ ഇത്ര വിശേഷം പറഞ്ഞതു്. നിങ്ങളു കുറച്ചുപേരുണ്ടു് തലയിലെ ആണി ഇളകിയവർ.

ര. (ഇരുന്നുകൊണ്ടു്) ഒരു കണക്കിനു് അതും ശരിയാണു്. ഏതു്.....? ആകട്ടെ ഇന്നെന്താണു് ഒരപ്സരസ്സിനെപ്പോലെ കാണപ്പെട്ടന്നതു്.

സെ. എന്താ! സ്ത്രീകൾക്കു് വൃത്തിയായി നടന്നുകൂടെ.

ര. അതുകൊണ്ടു് പറഞ്ഞതല്ല..... ഏതു്? നിങ്ങളൊക്കെ ഇങ്ങനെതന്നെ നടക്കണം.. സെലീനാ, കുറച്ചു നാളായി ഒരു കാര്യം ചോദിക്കണമെന്നു വിചാരിക്കാൻ തുടങ്ങിയിട്ടു്. ഇന്നതിനു് പറ്റിയ അവസരമാണെന്നു കരുതിയാണു് ഞാൻ വന്നതു്. ഏതു്--(സെലീനായുടെ സമീപേകസേര വലിച്ചു അടുപ്പിക്കുന്നു)

സെ. കൊള്ളാം... ഇന്നു നല്ല അവസരം തന്നെ.

ര: സെലീനാ എന്താരുച്ചൻറുകൂടെ നാട്ടിലേക്കുപോകാഞ്ഞതു്.

സെ: ഓ...കോളേജിൽ നിന്നും ഒരു വിനോദയാത്രക്കുപോയിരുന്നു.

ര: നല്ല വിനോദയാത്ര....ഏതു്? പക്ഷേ അതു പാപ്പച്ചന്റെ കൂടെ ആയിരുന്നു അല്ലേ?

സെ: (ഉദ്വേഗത്തോടെ) ആരു പറഞ്ഞു. ഇതുകള്ളമാണു്.

ര. കള്ളം... "ഈ എന്നിൽ നിന്നു വേറിട്ടായ് ഒന്നുമില്ല സെലീനാ" പാവപ്പെട്ട തങ്കച്ചനെ കളിപ്പിക്കാം. പക്ഷേ എന്റെ കണ്ണിൽ പൊടിയിടാൻ സാദ്ധ്യമല്ല; ഏതു്—?

സെ; രവീ! സത്യം പറയാമല്ലോ. എനിക്കു് പാപ്പച്ചനെ പിരിഞ്ഞു് ജീവിക്കുവാൻ പാടില്ലാത്തവിധം ഞങ്ങൾ തമ്മിൽ സ്നേഹിച്ചുപോയി.

ര: അങ്ങനെപറ; ഏതു്.... സ്നേഹം.... ഹ.. ഹ... അതു് ഇപ്പോഴത്തെ ചെറുപ്പക്കാക്കുള്ള ഒരു ഫാഷനാണു് പക്ഷേ... ഒരു കാര്യം... പാപ്പച്ചനാരു്. സെലീനാമ്മയാരു്. അവൻ നിങ്ങളുടെ ഒരാശ്രിതൻ. നിങ്ങൾ നാട്ടിലെ ഒരു കുബേര കന്യക. സ്ഥാനം മറന്നു പെരുമാറരുതെന്നു് എനിക്കൊരുപേക്ഷയുണ്ടു്. ക്രൂടാതെ അവൻ മഹാചതിയനാണെന്നു് ഞാൻ അനുഭവത്തിൽ നിന്നു് പറയുന്നു; ഏതു്—?

സെ: ഞാൻ സ്ഥാനത്തിനോ കുബേരത്വത്തിനോ വിലകല്പിച്ചിട്ടില്ല.

ര: അങ്ങനെയെങ്കിൽ ഞാനൊന്നു ചോദിക്കട്ടെ. നിങ്ങളുടെ മതക്കാർക്കു് അന്യ മതസ്ഥരുമായി വിവാഹബന്ധത്തിലേർപ്പെടാമോ? ഏതു്. (വീണ്ടും അടുക്കുന്നു.)

സെ: എനിക്കീ നിയമമൊന്നുംതന്നെ അറിഞ്ഞുകൂടാ. ഒന്നറിയാം. സ്ത്രീയും പുരുഷനും. ഇങ്ങനെ രണ്ടു ജാതി മാത്രമേയുള്ളൂ. അവർക്കു തമ്മിൽ സ്നേഹിക്കുന്നതിനും വിവാഹം കഴിക്കുന്നതിനും അവകാശമുണ്ടു്.

ര: അപ്പോൾ സെലീനാമ്മ മിശ്രവിവാഹത്തിനു എതിരല്ല; ഏതു്? ഉദാഹരണമായി എനിക്കു് സെലീനാമ്മയോടും സെലീനാമ്മക്കു് എന്നോടും സ്നേഹമുള്ള സ്ഥിതിക്കു് നമുക്കു തമ്മിൽ കല്യാണം കഴിക്കരുതോ?

സെ. ഛീ; ഇതു പറയാനാണോ ഈ വളച്ചു കെട്ടെല്ലാം കൊണ്ടു വന്നതു്.

ര: അതേ; എന്റെ സെലീനാമ്മയെ ഞാനത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു് അറിയാമോ? ഏതു്.

സെ: ആ സ്നേഹം നല്ലതു തന്നെ.

ര: അതുകൊണ്ടു് ഭവതി എന്റെ അപേക്ഷ സഫീകരിക്കണം. നമുക്കൊരുമിച്ചു് എന്നും സുഖിച്ചു് ആനന്ദിച്ചു് ജീവിക്കാം. (എഴുനേറ്റു്) സൗന്ദര്യധാമമേ! എന്റെ ജീവിത സർവസ്വമേ!.....നിന്നെ.....

സെ: (ഭേഷ്യത്തോടെ) ഛീ....., നിന്റെയോരോ തന്റെ പ്രസംഗം. ഹും... ജീവിത സർവ

സ്വംപോലും. . . . . പോയി വല്ല നെല്ലിക്കാ
ത്തളവും ഉണ്ടാക്കിയിട്ട്.

ര: ഹാ. . . . . എനിക്കിനി വയ്യാ. . . ഏതു്. . . . . എന്റെ പ്രാണേശ്വരീ. . . . . നിന്നെക്കൂടാ
തെ ജീവിക്കുവാൻ എനിക്കു വയ്യാ. (കയ്യേൽ
പിടിക്കുന്നു. സെലീനാമ്മ ചെവിക്കല്ലിനു്
ഒന്നു കൊടുക്കുന്നു)

സെ: ഛീ. . . . . പട്ടീ. . . . . ഇറങ്ങെടാ പടിക്കു പുറ
ത്തു്. (രവി ഇളിഭ്യനായി പോകുന്നു. പെ
ട്ടെന്നു കയറിവന്ന പാപ്പച്ചനുമായി ക്കൂട്ടി മുട്ടു
ന്നു. രവി തിരിഞ്ഞു നോക്കാതെ പോകുന്നു)

പാ: എന്താണു സെലീനാമ്മേ, ഇവിടൊരു ബഹളം
കേട്ടതു്?

സെ: എന്തു പറയാനാ, ഞാൻ ആ പോയ പേപ്പട്ടി
യ്ക്കിട്ടു് ഒന്നു കൊടുത്തു.

പാ: ങേ–? നന്നായിപ്പോയി. എന്താ അവൻ വല്ല
തും പറഞ്ഞോ, അതോ വല്ലതും കാണിച്ചോ.?

സെ: സെലീനായോടു് കാണിക്കാൻ ഒരുത്തനും വ
ളർന്നിട്ടില്ലെന്നു്.

പാ: അതു പിന്നെ എനിക്കറിയരുതോ. ആകട്ടെ
അവനെന്തു പറഞ്ഞു.

സെ: അവനു പ്രേമ ഭ്രാന്താണെന്നു്. ചുരുക്കത്തിൽ
എന്നെ വിവാഹം കഴിക്കണംപോലും.

പാ: അമ്പടാ. . . നല്ല കാര്യം. . . നാണമില്ലെങ്കിൽ
പിന്നെ എന്തു പറയാനാ. എന്റെ സെലീ

നായെ പ്രേമിക്കാൻ വരാൻ തന്നെ അവനു നാണമില്ലായിരുന്നല്ലോ.

സെ: തന്നെയുമല്ല, അവൻ നമ്മുടെ രഹസ്യവേഴ്ചകളെല്ലാം അറിഞ്ഞു. അതിനേപ്പറ്റി എന്നോടു പറയുകയുണ്ടായി. (പെട്ടെന്നു് രവി പ്രവേശിക്കുന്നു)

ര: നിൻെറ സെലീനാ..... എന്നാണു മിസ്റ്റർ, ഇവൾ നിൻേറതായതു്.

പാ: ആഹാ! ഇവൾ എൻേറതായിട്ടു് മാസങ്ങൾ തന്നെ പലതായി. ഇനി പിന്നെ നിനക്കു് ഇവിടെന്താണു കാര്യം.

ര: അതു തന്നെയാ ഞാനും ചോദിക്കുന്നതു്; ഏതു–? നിനക്കിവിടെ എന്തു കാര്യം?

സെ: കാര്യമുണ്ടായിട്ടാണു പറഞ്ഞതു്.

ര. അതേടി.....എനിക്കെല്ലാം മനസ്സിലായി. എടാ! നീ പുറകോട്ടൊന്നു നോക്കിക്കേ; നിൻെറ പൂർവ സ്ഥിതിയേപ്പറ്റി. ബേബിച്ചൻ ഇല്ലായിരുന്നെങ്കിൽ ഇന്നു നിൻെറ അവസ്ഥ എന്തായിരുന്നേനെ. എടാ! അല്പം ധനമുണ്ടായാൽ അർദ്ധരാത്രിയ്ക്കും കുടപിടിയ്ക്കും.

പാ: ശബ്ദിച്ചുപോകരുതു്.

ര: ഫൂ; നീയാരാടാ അതു പറയാൻ.

സെ: പറയാൻ അവകാശമുണ്ടായിട്ടാണു പറഞ്ഞതു്.

ര: അതേടീ, നിൻെറ സഹോദരനിങ്ങു വരട്ടെ; ഇതിൻെറയെല്ലാം കേട്ട തീർത്തേക്കാം.

പാ: ഇറങ്ങിപ്പോടാ ഇവിടുന്ന് (അടിക്കാനോങ്ങുന്നു)

ര: ങേ... എന്നാലങ്ങനെതന്നെ– രണ്ടുപേരിൽ ഒരാൾ ഇരുന്നാൽ മതിയെടാ. (അടിബഹളം. തമ്മിൽ പിടിക്കുന്നു. രവിയുടെ പുറകെ പാപ്പച്ചനും സെലീനായും അകത്തേയ്ക്ക് ഓടുന്നു. അണിയറയിൽ ബഹളം കേൾക്കുന്നു. മറുവശത്തുകൂടെരവി രക്തം തുപ്പിക്കൊണ്ട് ഓടിവന്ന് 'അയ്യോ' എന്നു പറഞ്ഞുവീഴുന്നു. പുറകെ പാപ്പച്ചനും സെലീനായും ഓടിവരുന്നു. അവർ രവിയെ മേശക്കാലിൽ ബന്ധിക്കുന്നു.)

പാ: സംഗതി വഷളായല്ലോ. (ചിന്തിയ്ക്കുന്നു) ശരി; പണിയുണ്ട്. ഞാൻ പോയി പോലീസിനെ കൊണ്ടുവരാം. തക്കംപോലെ പറഞ്ഞുകൊള്ളണം. ഇതാ ഈ കാരി അവന്റെ അടുത്തു വച്ചേക്കണം. വളരെ അവശയായി കാണപ്പെടണം. (കാരി കൊടുത്തിട്ടു പോകുന്നു. സെലീനാ അതു് എടുത്തു് രവിയുടെ അടുത്തുവയ്ക്കുന്നു. പെട്ടെന്ന് ബേബിച്ചനും തങ്കച്ചനും പ്രവേശിക്കുന്നു.)

സെ: (കരഞ്ഞുകൊണ്ട്) എന്റെ ഈശോയേ! ഇവനെന്നെ കൊന്നേനെ.

ബേ: (സെലീനായെ താങ്ങിക്കൊണ്ട്) എന്തു പറ്റി സെലീനാ. എന്താണിവിടെ സംഭവിച്ചതു്. (സെലീന വീണ്ടും കരയുന്നു.)

ത: എന്താണു സെലീനാ... രവീ... എന്താണീ തിന്റെ അർത്ഥം.

ബേ: വേഗം പറ, എനിക്കു ഒന്നും മനസ്സിലാകുന്നില്ല.

സെ: ഇവൻ – അതേ ഈ ദുഷ്ടൻ–തങ്കച്ചായന്റെ പ്രാണസ്നേഹിതൻ–രവി; പ്രേമാഭ്യർത്ഥനയുമായി വന്നു. പല പ്രാവശ്യം ഞാനപേക്ഷിച്ചു എന്നെ ഉപദ്രവിക്കരുതെന്നു്. എന്റെ വിസമ്മതം കണ്ടു ഇവൻ കഠാരി എടുത്തു. ദൈവഗത്യാ പാപ്പച്ചൻ ഇതിലേ വന്നു. ഹാ...ബാക്കി ഞാനെങ്ങനെ പറയും (കരയുന്നു)

ബേ: എന്തൊരു കഷ്ടകാലം. (തങ്കച്ചനോടു്) എടാ മനസ്സിലായില്ലെ നീയാണു് ഇതിനെല്ലാം കാരണം. നീ അല്ലാതെ വേറെ വല്ലവരും സ്ത്രീകളെത്തന്നെ ഇവിടെയാക്കിയിട്ടു് പോകുമോ? (പോലീസു് ഇൻസ്പെക്ടരും, പോലീസുകാരും, പാപ്പച്ചനും പ്രവേശിക്കുന്നു.)

ഇൻ: ഇവനാണോ പ്രതി.

പാ: അതേ, ബേബിച്ചനും മറ്റും വന്നതേ ഉള്ളോ? ഏതായാലും ദൈവാനുഗ്രഹംകൊണ്ടു് മരണമൊന്നും ഉണ്ടായില്ല. (പോലീസിനോടു്) ഞാൻ മുമ്പേ പറഞ്ഞതാണു് സംഗതി. ഒരു വലിയ ബഹളം കേട്ടു് ഞാൻ ഓടിവന്നു. ഞാൻ വന്നപ്പോൾ ഇവൻ കഠാരിയും ഓങ്ങിപ്പിടിച്ചു സെലീനാമ്മയോടു് അടുക്കുന്നു. അര നിമിഷം തെറ്റിയിരുന്നെങ്കിൽ കഥ കഴിഞ്ഞേനെ. ഞാൻ ഇവനെ ഇവിടെ പിടിച്ചു

കെട്ടിയിട്ടിട്ട് സ്റ്റേഷനിലേയ്ക്ക് വരികയും ചെയ്യു.

ര: (പതുക്കെ) ഹോ—പച്ചക്കള്ളം. വാസ്തവം ഇതല്ല. ഇവനും.....

ഇൻ: മിണ്ടിപ്പോകരുത്. നിന്നെ അറസ്റ്റു ചെയ്തിരിക്കുന്നു. എടോ, ഇടിയൻ പിള്ളേ? ഇവനെ വിലങ്ങു വയ്ക്കു. ആരെങ്കിലും സ്റ്റേഷനിലേക്കു വന്നേക്കണം. (പോലീസ് രവിയെ കൊണ്ടുപോകുന്നു.)

സെ: ബേബിച്ചാച്ചാ—ഈ പാപ്പച്ചനില്ലായിരുന്നെങ്കിൽ എന്റെ ജീവിതം ഇന്നുകൊണ്ടു് അവസാനിച്ചേനേ.

പാ: എന്നെക്കൊണ്ടു് ഇത്രയുമെങ്കിലും ഉപകാരം കീട്ടാൻ കാരണക്കാരൻ ബേബിച്ചനാണു്. അദ്ദേഹത്തോടാണു് നന്ദി പ്രദർശിപ്പിക്കേണ്ടതു്.

ബേ: എല്ലാം ദൈവാനുഗ്രഹം. തങ്കച്ചനും പാപ്പച്ചനും സ്റ്റേഷനിൽ ചെന്നു് അനന്തര നടപടികളേപ്പറ്റി ഇൻസ്പക്ടരോടു് ആലോചിക്കുക. ഒരു കാര്യം; വൃഥാ നിരപരാധികളെ ഉപദ്രവിക്കരുതു്. (തങ്കച്ചനും പാപ്പച്ചനും പോകുന്നു.)

ബേ: സെലീനാ—ഉടൻ ഒരുങ്ങിക്കൊള്ളുക. നമുക്കു് വീട്ടിലേക്കു പോകണം.

സെ: (അമ്പരക്കുന്നു) എനിക്കു്...എനിക്കു്.....

# രംഗം 7

(തൊമ്മിയുടെ വസതി. സമയം ഉച്ചകഴിഞ്ഞു് 2 മണി. തൊമ്മി അത്യാസന്ന നിലയിൽ ബോധശൂന്യനായി കിടക്കുന്നു. റോസമ്മയും ലൂസിയും ശുശ്രൂഷിക്കുന്നു.)

റോസമ്മ: എന്റെ ലൂസിക്കുട്ടീ, കുഞ്ഞു വേഗം ഒന്നു പോയിവാ. ഇതുവരേയും ഡാക്ടരെ കണ്ടില്ലല്ലോ.

ലൂ: ചേച്ചീ, അല്പം കൂടെ കാത്തിരിക്കരുതോ? ബേബിച്ചൻ ചേട്ടൻ പറഞ്ഞതു് ഡാക്ടർ ഉടനെ വരുമെന്നല്ലേ?

റോ: കാണുന്നില്ലല്ലോ. ഏതായാലും കുഞ്ഞൊന്നു ചെല്ലു്.

(ലൂസി പോകുന്നു. റോസമ്മ തൊമ്മിയെ വിളിക്കുന്നു.)

അച്ചായാ...അച്ചായോ...കഷ്ടം! ഒരനക്കവുമില്ലല്ലോ(കരയുന്നു)ദൈവമേ! എന്റെ അച്ചായനെ രക്ഷിക്കണേ. അമ്മയോ ഇല്ല... അച്ചായനും ഇതാണു ഗതിയെങ്കിൽ...ഹാ ഞങ്ങളുടെജീവിതം...(വീണ്ടും വിളിക്കുന്നു)ദൈവമേ എത്ര എഴുത്തയച്ചു; ഇതുവരെയായിട്ടും പാപ്പച്ചനിച്ചായൻ വന്നില്ലല്ലോ.

(ഡാക്ടർ, ബേബി, ലൂസി എന്നിവർ പ്രവേശിക്കുന്നു)

ബേബി: എങ്ങിനെയിരിക്കുന്നു. രാവിലത്തേതിലും ആശ്വാസമില്ലേ?

(തൊമ്മിയുടെ സമീപമിരിക്കുന്നു)

റോ: (കരഞ്ഞുകൊണ്ട്)ഇല്ല. വിളിച്ചിട്ട് അനക്കം പോലുമില്ല.

ഡാക്ടർ: (പരിശോധിക്കുന്നതിനിടയിൽ) കുഞ്ഞേ, അല്പം ചൂടുവെള്ളം കൊണ്ടു വരൂ.(ലൂസി പോകുന്നു)

റോ: അച്ചായൻ ഒന്നു കണ്ണു തുറന്നു കാണുവാൻ ഞങ്ങൾ എത്ര നേരമായി കാത്തിരിക്കുന്നു.

(ലൂസി വെള്ളം കൊണ്ടുവരുന്നു. ഡാക്ടർ സിറിഞ്ചു് ശരിപ്പെടുത്തി മരുന്നു് കുത്തി വയ്ക്കുന്നു)

ബേ: എന്തു പറയുന്നു, ഡാക്ടർ? (എഴുന്നേല്ക്കുന്നു)

ഡാ: രോഗം അല്പം കൂടിനിൽക്കുന്ന അവസരമാണു്. ഭയപ്പെടാനൊന്നുമില്ല. എന്നാലും ഡിസ്പൻസറിയിലേക്കു കൊണ്ടുവരുന്നതാണു് കൂടുതൽ സൗകര്യം.

ബേ: എന്താ, റോസമ്മേ, അതല്ലേ നല്ലതു്.

റോ: ഡിസ്പൻസറിയിലേക്കു ഞാനുംകൂടെ പോരുമ്പോൾ ലൂസിക്കുട്ടി തന്നെയാകുമല്ലോ.

ബേ. അവളും പോരട്ടു്.

റോ. എന്നാൽ വീടു് അടച്ചിട്ടേക്കാം. കഷ്ടപ്പാടുകളൊന്നും സാരമില്ല. എങ്ങിനെയെങ്കിലും അച്ചായനെ രക്ഷിക്കണം.

ഡാ: ഒന്നുകൊണ്ടും വിഷമിക്കണ്ട. ഡിസ്പൻസറിയിലാണെങ്കിൽ ചികിത്സക്കു കൂടുതൽ സൗകര്യമുണ്ടല്ലോ.

റോ: അങ്ങു പറയുന്നതുപോലെ ചെയ്യാം.

ഡാ: എന്നാൽ ഞാൻ ഇറങ്ങട്ടെ.
(പോകാൻ ഒരുങ്ങുന്നു.)

റോ: നിൽക്കണേ. (തൊമ്മിയുടെ തലയിണക്കീഴിൽ നിന്നും കുറച്ചു പണം എടുത്തുകൊണ്ടു വന്നു് നീട്ടിക്കൊണ്ടു്) ഇതു്, അങ്ങു സ്വീകരിക്കണം.

ഡാ. ഛേ; റോസമ്മ എന്താണിക്കാണിക്കുന്നതു്. ഞാൻ ആദ്യം ഒരു ക്രിസ്ത്യാനി! അതു കഴിഞ്ഞാണു ഡാക്ടർ. മേലാലെങ്കിലും ഇതു് ആവർത്തിക്കരുതേ.

ബേ. അതല്ലാ. ഇപ്പോഴത്തെ പതിവനുസരിച്ചു് അങ്ങനെ ചെയ്തേനേയുള്ളൂ. മിക്ക ഡോക്ടർമാരും പണത്തിന്റെ കൂടുതൽ കുറവനുസരിച്ചാണല്ലോ രോഗത്തിന്റെ മാനദണ്ഡം നിശ്ചയിക്കുന്നതു്. റോസമ്മേ; തൊമ്മിച്ചേട്ടന്റെ തലയിണക്കീഴിൽ ഇരിക്കുന്നതു് അവിടെ ഇരുന്നുകൊള്ളട്ടെ.

ഡാ. റോസമ്മ ഒരു കാര്യം ചെയ്താൽ മതി. തൊമ്മിച്ചേട്ടനെ ശരിയായി ശ്രുശ്രൂഷിച്ചുകൊള്ളുക. റോസമ്മയ്ക്കു് രോഗ ശ്രുശ്രൂഷ നല്ല വശമുണ്ടെന്നു് എനിക്കു് ഇപ്പോൾതന്നെ മനസ്സി

ലായി. (വാച്ചിൽ നോക്കുന്നു.) ഓ നമ്മുടെ അനാഥശാലയിൽ കിടക്കുന്ന പരമുവിന്റെ ഓപ്പറേഷൻ സമയമായിരിക്കുന്നു. ബേബിച്ചൻ തൊമ്മിച്ചേട്ടനെയും കൊണ്ടു വന്നേരും. (ഡോക്ടർ പോകുന്നു.)

ബേ. ലൂസിക്കുട്ടി ചെന്ന് ആ ഡ്രൈവർ പിള്ളയോട് ഉടനെ തന്നെ ഇങ്ങോട്ടു വരാൻ പറ. (ലൂസി പോകുന്നു.)

(പോസ്റ്റ്മാൻ പ്രവേശിച്ച് "ഇതാണോ തെങ്ങും മൂട്ടിലെ വീട്?" എന്നുവിളിച്ചു ചോദിക്കുന്നു. റോസമ്മയും ബേബിയും പോസ്റ്റുമാന്റെ അടുത്തേക്കു വരുന്നു. സെൻറർ കട്ട്സ് ഇടുന്നു.)

റോ. എന്താണു ചോദിച്ചത്.

പോ. (കയ്യിലിരുന്ന കത്തുകളുടെ ഇടക്കു നിന്ന് ഒന്നെടുത്ത് മേൽവിലാസം വായിക്കുന്നു) നിങ്ങളാണോ. . .റോ. റോ. റോസമ്മ എന്നുപറയുന്നു. ആയ്ം.

റോ. അതേ ഞാൻ തന്നെ. (റോസമ്മക്കു കത്തുകൊടുക്കുന്നു.)

പോ: ബാംഗ്ലാവിലേക്കുള്ള കത്തെല്ലാം കൊടുത്തയച്ചിട്ടുണ്ട്.

ബേ. കൊള്ളാം. (പോസ്റ്റുമാൻ പോകുന്നു.)

റോ. പാപ്പച്ചനിച്ചായൻ അയച്ചതായിരിക്കും. വേഗം നോക്കട്ടെ. (കത്തു വായിച്ചു വിഷണ്ണയാകുന്നു) ഈ എഴുത്ത് ദയവായി ഒന്നു വായിച്ചു

നോക്കണം. (കത്തു കൊടുക്കുന്നു. ബേബി വാങ്ങി വായിക്കുന്നു. മുഖം മ്ലാനമാകുന്നു.)

ബേ. എന്താണിതിന്റെ കാര്യം. തങ്കച്ചനുമായി ഇതിനു മുമ്പു് പരിചയമുണ്ടോ?

റോ. പരിചയം ഇല്ലെന്നില്ല. കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ ഇവിടെ വന്നിരുന്നു. പാപ്പച്ചനിച്ചായൻ പറഞ്ഞിട്ടാണെന്നും പറഞ്ഞു് ഒരു കവണിയും കൊണ്ടുവന്നായിരുന്നു. എന്നിട്ടു്...

ബേ. എന്നിട്ടു്?

റോ. ഞാനതു വാങ്ങിയില്ല. തങ്കച്ചന്റെ പേക്ഷ്ത്തുകണ്ടു് പെട്ടെന്നു് ഞാനകത്തേക്കു പോയി. എപ്പോഴാണു് അദ്ദേഹം തിരിച്ചു പോയതെന്നു് അറിഞ്ഞുകൂടാ.

ബേ. കഷ്ടം! എന്തു പറയാനാണു്. ഇത്തരം കുത്തയ്യുവാൻ എന്റെ സഹോദരൻ ഒരുമ്പെട്ടല്ലോ. റോസമ്മ ക്ഷമിക്കണം.

റോ. സഹോദരങ്ങളായ നിങ്ങള തമ്മിൽ ഇതു അന്തരമുണ്ടാകുവാൻ കാരണം. ഹൊ....

ബേ. റോസമ്മേ; അവൻ ശുദ്ധനാണു്. ദുഷ്ടസംസർഗ്ഗമാണു് അവനെ ഇതു അധഃപതിപ്പിച്ചതു്. അല്ലെങ്കിലും ദൂരെയുള്ള സ്വതന്ത്രജീവിതവും ധാരാളം പണവും മനുഷ്യനെ നശിപ്പിക്കുകതന്നെ ചെയ്യും. റോസമ്മ വിഷമിക്കേണ്ടാ.

സെ: (പെട്ടെന്നു് പ്രവേശിച്ചു്) എന്തു പറഞ്ഞു. റോസമ്മ വിഷമിക്കേണ്ടാന്നു്...കഷ്ടം.....

ലജ്ജയില്ലല്ലോ കണ്ട തേവിടിശ്ശികളുടെ വീട്ടിൽ വന്നിരുന്നു് ശൃംഗരിക്കാൻ. . .ഹും. . .നല്ല മാതൃക.

ബ്രേ. സെലീനാ; നീ എന്താണു പറയുന്നതു്. തേവിടിശ്ശിയെന്നോ...? ശൃംഗാരമെന്നോ...? പാവം നീ ഇതു മണ്ടിയായിപ്പോയല്ലോ.

സെ. മണ്ടി. . .അതേ ഞാൻ മണ്ടി തന്നെയാണു്. ആണുങ്ങളായാൽ കുറച്ചു മാനംമര്യാദവേണം.

ബ്രേ. നീ എന്തറിഞ്ഞുകൊണ്ടാണിപ്പറയുന്നതു്. കുറച്ചുകൂടെ സൂക്ഷിച്ചു സംസാരിക്കണം.

സെ. ഹൊ.....ഹൊ.....കണ്ടോ അവളുടെ നില. എടീ അപ്പൻ ബ്രോധം കെട്ടു കിടക്കുന്നു. മകളുനിന്നു് പരസ്യമായി കഴഞ്ഞാടുന്നു. ലജ്ജയില്ലല്ലോ. ഛീ!. . . പോടീ അകത്തു്.

റോ. ചേച്ചീ; ചേച്ചീ കുറച്ചുകൂടി മര്യാദയായിട്ടു സംസാരിക്കണം. നിങ്ങൾ ധരിക്കുന്നതുപോലെയുള്ളവളല്ല ഞാൻ. പാവപ്പെട്ടവരാണെങ്കിലും ഞങ്ങൾക്കും കുറച്ചൊക്കെ അഭിമാനമുണ്ടു് ചേച്ചീ. . .

സെ. എന്തുപറഞ്ഞെടീ. നിന്റെ അഭിമാനം.....ഹോ. . . നോട്ടം കണ്ടാൽ ദഹിച്ചുപോകുമല്ലോടീ. . . അസത്തെ പോടീ അവിടുന്നു്.

റോ. ഞാനാണതു പറയേണ്ടതു്. ചേച്ചീ ഇതെന്റെ വീടാണെന്നു മനസ്സിലാക്കണം.

ബേ. റോസമ്മേ ക്ഷമിക്കണം. അവൾ ഒന്നും മനസ്സിലാക്കാതെ സംസാരിക്കുകയാണു്. തെറ്ററിഞ്ഞുപറയുകയാണു്.

റോ. അല്ലേലും പാവപ്പെട്ടവരായ ഞങ്ങൾ ക്ഷമിക്കാതെ നിവൃത്തിയൊന്നുമില്ലല്ലോ.

സെ. നീ അതു പറയുമെടീ വ്യഭിചാരിണീ...

റോ. അതു ഞാനല്ല. ആരാണെന്നു ഞാൻ പറയണമോ...?

ബേ. (സെലീനായുടെ അടുത്തുചെന്നു) നീ വേഗം വീട്ടിലേക്കു പോക്കു. ഞാനാണു പറഞ്ഞതു്. ഉം. വേഗമാകട്ടെ. സമാധാനമായിട്ടു ബാക്കികാര്യങ്ങൾ പറഞ്ഞുകൊള്ളാം. (സെലീന ദേഷ്യത്തോടെ തല വെട്ടിച്ചു നോക്കിയിട്ടു പോകുന്നു) കഷ്ടം! എന്തൊരു ഏടാകൂടമാണു്. റോസമ്മേ; ലൂസിയേ ഇതു വരെ കണ്ടില്ലല്ലോ. ഞാൻതന്നെ പോയി കാറുകൊണ്ടുവരാം.

(പോകുന്നു.)

കർട്ടൻ.

# രംഗം 8

(ബേബിച്ചന്റെ ബംഗ്ളാവ്. സായാഹ്ന സമയം. സെലീനായും ബേബിച്ചനുംസംസാരിച്ചു കൊണ്ടു് പ്രവേശിക്കുന്നു. ഗാനം നമ്പർ 4)

ബേ. സെലീനാ, നിന്റെ പ്രവൃത്തികളെല്ലാം ശരിയാണെന്നാണോ നീ വിചാരിക്കുന്നതു്. ഒരു പെൺകുട്ടിയെ ഹോസ്റ്റലിൽ നിന്നും അല്ലാ; കോളേജിൽനിന്നുപോലും ഡിസ്മിസ് ചെയ്യണമെങ്കിൽ എത്ര ഭയങ്കരകുറ്റം ചെയ്തിരിക്കണം.

സെ. എന്താണെന്നു വേഗം പറയണം.....എനിക്കൊന്നുറങ്ങണം.

ബേ. നിനക്കുറങ്ങണം. അതും ഈ പകൽ സമയംബാക്കിയുള്ളവക്കു് രാത്രിയിൽപോലും ഒന്നുറങ്ങാൻ സമയം കിട്ടുന്നില്ല.

സെ. കണ്ടതെണ്ടികളുടെ വീട്ടിലൊക്കെ പോയിരുന്നിട്ടല്ലേ ഉറങ്ങാൻപോലും സമയം കിട്ടാത്തതു്.

ബേ. എടീ, എനിക്കൊന്നും മനസ്സിലാകുന്നില്ലെന്നായിരിക്കും നിന്റെ വിചാരം. വീണ്ടും പറയുന്നു; നീ ധരിച്ചിരിക്കുന്നതുപോലെയുള്ള ഒരുവനല്ല ഞാൻ. എന്റെ ഹൃദയം വേദനയാൽ നീറുകയാണു്. കുഞ്ഞേ, നാം ധനത്തി

ന്റെ ലഹരിയിൽ മദിച്ച് ഉല്ലസിക്കുമ്പോൾ എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ പട്ടിണിയുടേയും രോഗത്തിന്റേയും കൊടും യാതനകളിൽപെട്ട് നട്ടം തിരിയുന്നത്. സഹോദരീ, നീ ഒന്നു ചിന്തിച്ചുനോക്കൂ. ഇതിൽ നിന്നെല്ലാം വിഭിന്നരായി മറെറാരു കൂട്ടരുണ്ട്.

സെ: ആരാണാ പുതിയ കൂട്ടർ.

ബേ: ഇടത്തരക്കാർ. അന്തസ്സും അഭിമാനവും ഉപേക്ഷിയ്ക്കുവാൻ നിവൃത്തിയില്ലാതെ പാരമ്പര്യത്തിന്റെ പേരിൽ നിരാശയിൽ ആണ്ടു കഴിയുന്നവരാണ് അവർ. ജീവിക്കുന്നതിനുവേണ്ടി അവർ പ്രതിദിനം മരിക്കുകയാണ്. ആരോടു പറയുന്നു അവരുടെ വിഷമങ്ങൾ. അങ്ങുമിങ്ങും കേൾക്കാറില്ലേ ചില ദുരന്തങ്ങൾ. അവയൊക്കെ അതിന്റെ പൊട്ടിത്തെറിക്കലാണ്.

സെ: അതിനു നമുക്കെന്തു ചേതം.

ബേ: ഇതൊക്കെ അന്നദിനജീവിതത്തിൽ ദർശിച്ചുകൊണ്ട് അടങ്ങിയിരിക്കുവാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിയ്ക്ക് ഒരിക്കലും സാദ്ധ്യമല്ല. നമ്മുടെ പ്രയത്ന ഫലമായി കുറച്ചു കുടുംബങ്ങളെയെങ്കിലും ഉദ്ധരിക്കുവാൻ സാധിച്ചാൽ ദൈവം നമ്മേ അനുഗ്രഹിക്കും. ഈ സേവാദളത്തിന്റെയും അനാഥശാലയുടേയും ഒക്കെ ഉ

ദ്ദേശം ഇതു തന്നെ. നമുക്ക് ജീവിക്കുന്നിട
ത്തോളം കാലം മറ്റുള്ളവർക്ക് ഉപകാരം ചെ
യ്യാൻ ശ്രമിക്കാം.

സെ: അതൊക്കെ ധാരാളം പണച്ചെലവുള്ള കാര്യ
ങ്ങളല്ലേ?

ബ്രേ: എന്തിനാണു പണം. അതു ശാശ്വതമാണോ?
സൂക്ഷിച്ചു വച്ചാലും മരിക്കുമ്പോൾ കൊണ്ടു
പോകാൻ സാധിക്കുമോ? നമ്മുടെ പണം കുറ
ച്ചു സാധുക്കൾക്കെങ്കിലും ഉപകരിക്കട്ടെ.

സെ: നല്ലകാര്യമായിപ്പോയി....

ബ്രേ: ഞാൻ യാതൊരു സ്വത്തും എടുക്കുവാൻ ഉദ്ദേ
ശിക്കുന്നില്ല, എല്ലാം അതർഹിക്കുന്നവർക്കു
തന്നെ കൊടുക്കാൻ പോകുകയാണ്. എന്റെ
സേവന രംഗം ഇവിടം മാത്രമല്ല. എന്റെ
പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നതിന്
മറെറാരു സ്ഥാനത്തേയ്ക്കു പോകണമെന്നു
ഞാൻ വളരെ നാളായി ആഗ്രഹിക്കുന്നു.
പഠിത്തം പൂർത്തിയാക്കി നിങ്ങളെ നല്ലനില
യിൽ എത്തിച്ചതിനു ശേഷം ഭാവി കാര്യ
ങ്ങൾ തീരുമാനിക്കണമെന്നാണ് ഞാൻ വി
ചാരിച്ചിരുന്നതു്. നിർഭാഗ്യമെന്നേ പറയേ
ണ്ടൂ നിന്റെ പഠനവുംനിന്നു. ഇനിയും ഞാൻ
പറയുന്നതു് അനുസരിക്കുക.

സെ: എന്താണു വേഗം പറയണം.

ബേ: ആ ഡാക്ടർ ജോസ് എത്ര നല്ല മനുഷ്യനാണെന്നോ. അദ്ദേഹത്തിന്റെ സഹായവും ഉപദേശവുമാണ് എന്റെ പ്രസ്ഥാനങ്ങളേയെല്ലാം വിജയിപ്പിക്കുന്നത്. സ്ഥലത്തെ വിൻസെന്റ് ഡി. പോൾ കോൺഫ്രൻസിനു് ഒരു പുതിയ അദ്ധ്യായം തന്നെ അദ്ദേഹം സൃഷ്ടിച്ചു. നിരാശയിലാണ്ടുകഴിയുന്ന മാനവ സമുദായത്തിലെ ഇടത്തരക്കാരായ ബഹുഭൂരിപക്ഷത്തെക്കൂടെ ഉദ്ധരിക്കുവാൻ ഞങ്ങൾ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്.

സെ: അതിനു ഞാനെന്തുവേണം?

ബേ: അതുകൊണ്ടു് എന്റെ ആത്മസുഹൃത്തായ ഡോക്ടരെക്കൊണ്ടു് നിന്നെ വിവാഹം കഴിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സെ: ദയവായി മേലാൽ അക്കാര്യം സൂചിപ്പിക്കുകപോലും ചെയ്യരുതു്. എനിക്കു അതിനു മനസ്സില്ല.

ബേ: അങ്ങനെ പറയരുതു്. അദ്ദേഹം വളരെ നല്ല മനുഷ്യനാണു്. എനിക്കു് താങ്ങും തണലും അദ്ദേഹമാണു്. എല്ലാക്കാര്യങ്ങളും നിങ്ങളെ ഏൽപ്പിക്കണമെന്നാണു് ഞാൻ കരുതുന്നതു് അതുകൊണ്ടു്.....

സെ. എന്റെ വിവാഹക്കാര്യം ഞാൻ നിശ്ചയിച്ചുകൊള്ളാം. ആരുടേയും ഉപദേശം എനിക്കു വേണ്ടാ.

ബേ: കഷ്ടം! അങ്ങനെപറയരുതു്. ഇപ്പോൾ ദൈവ
വിളിക്കു കീഴ്വഴങ്ങിയില്ലെങ്കിൽ ഒരു കാ
ലത്തു് ആവശ്യപ്പെട്ടാലും വിവാഹത്തിനു്
ആളില്ലാതെ വന്നേക്കും.

പൈ. (പെട്ടെന്നു പ്രവേശിച്ചു്)തൊമ്മിച്ചേട്ടനു് സു
ഖക്കേടു കൂടുതലാണെന്നും ഉടനെ വരണമെ
ന്നും പറഞ്ഞു് ഡാക്കിട്ടർ യജമാനൻ ആളുവി
ട്ടിരിക്കുന്നു.

ബേ: എന്തു്! കൂടുതലാണെന്നോ? പൈലിച്ചേട്ടാ,
നമുക്കുടനെ പോകാം.(സെലീനായോടു്) ഏ
തെങ്കിലും തരത്തിൽ അല്പം താമസിച്ചാൽ
പൈലിച്ചേട്ടനെ നേരത്തെ ഇങ്ങോട്ടു വിട്ടേ
ക്കാം. (ബേബിയും പൈലിയും വേഗത്തിൽ
പോകുന്നു. സെലീന പാപ്പച്ചന്റെ കത്തു്
വായിച്ചുകൊണ്ടിരിക്കുന്നു. പാപ്പച്ചൻ പതു
ക്കെപ്പതുക്കെ പുറകിൽ ക്രൂടെ വന്നു് സെലീ
നായുടെ കണ്ണുകൾ പൊത്തുന്നു.)

സെ: ആരതു്? ഛീ, വിടുന്നുണ്ടോ(ഉത്തരീ മാറുന്നു.
പാപ്പച്ചനെ കണ്ടു് ആശ്ചര്യത്തോടെ)ആരു്
പാപ്പച്ചനായിരുന്നോ? എപ്പോൾ വന്നു. തൊ
മ്മിച്ചേട്ടനു് സുഖക്കേടു കൂടുതലാണെന്നും പ
റഞ്ഞു്; എല്ലാവരും അങ്ങോട്ടുപോയിരിക്കുക
യാണു്.

പാ. ചുമ്മാതെ കൂടട്ടെ. ജനിച്ചാൽ ഒരിക്കൽ മരി
ക്കണം. ഞാൻ വന്നു് ഒളിച്ചു നില്ക്കാൻ

തുടങ്ങിയിട്ട് കുറച്ചുനേരമായി. ഏതായാലും എല്ലാവരും പോയതു് നമ്മുടെ ഭാഗ്യം.

സെ. അപ്പോൾ തൊമ്മിച്ചേട്ടനെ കാണാൻ വന്നതല്ലേ?

പാ: തൊമ്മിച്ചേട്ടൻ...ഹ...ഹ...ഹ അതിനൊന്നും നേരമില്ലെന്നു് പറഞ്ഞില്ലേ. എനിക്കു് എന്റെ സെലീനാമ്മയെ കാണണം. അവൾക്കുവേണ്ടിയാണു് ഞാൻ ജീവിക്കുന്നതു്. അവളുടെ സാമീപ്യസുഖം തൊമ്മിച്ചേട്ടന്റെ അടുക്കൽ ചെന്നാൽ കിട്ടുമോ?

സെ. കഷ്ടം! തൊമ്മിച്ചേട്ടനെന്നോ, അങ്ങനെയൊന്നും പറയരുതു്.

പാ: എനിക്കെന്റെ സെലീനാ—അതിനപ്പുറം ഒന്നുമില്ല. ങാ...എനിക്കു ധൃതിയുണ്ടു്, ഞാനയച്ച കത്തുകിട്ടിയോ?

സെ: കിട്ടി. അതല്ലേ ഇതു്...

പാ: അതിലെ തീരുമാനമനുസരിച്ചു് തങ്കച്ചൻ ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടു്. പാവം! തങ്കച്ചൻ കാണാതെ ഞാൻ മുൻപേ പോന്നതാണു്. ഞാൻ വന്ന വിവരം ആരും അറിയരുതു്.

സെ. അതെന്താ ഇത്ര ധൃതി? ഇപ്പോൾ പോകണ്ടാ. അല്ലെങ്കിൽ ഞാനുംകൂടെ പോരുന്നു. ആക്കും സംശയമുണ്ടാകാതിരിക്കുവാൻ ഞാൻ ഇപ്പോൾ വെളിക്കോട്ടെങ്ങും ഇറങ്ങുന്നില്ല. കൂടെക്കൂടെ തലകറക്കം ഉണ്ടാകുന്നു. ഡാക്ടരെ ഒന്നുകണ്ടു് ക്ഷീണത്തിനു അല്പം മരുന്നുവാങ്ങിക്കുടിക്കു

വാൻ ബേബീച്ചായൻ നീർബന്ധിക്കുന്നു. പാവം! എന്തറിയുന്നു.

പാ. ഛേ, ഛേ. . . ഡാകിടരെ കാണിക്കരുതു്. അ ദ്ദേഹം കായ്യം മനസ്സിലാക്കും. സംഗതി കുഴ പ്പത്തിലുമാകും. സെലീനാ തങ്കച്ചന്റെ ക്രൂടെ പോന്നാൽ മതി. ഒരു കായ്യം; സചത്തുമുഴുവൻ പണമാക്കി സൂക്ഷിച്ചുകൊള്ളണം. ഞാൻ ത ങ്കച്ചനെ വേണ്ടതുപോലെ പറഞ്ഞിളക്കിയിട്ടു ണ്ടു്. സന്ദർഭംപോലെ തട്ടിവിട്ടുകൊള്ളണം. തങ്കച്ചൻ ഉടനെ വന്നേക്കും. ഞാൻ പോകട്ടെ. (പോകാനൊരുങ്ങുന്നു.)

സെ: (ഗർവ്വുകലന്ന സചരത്തിൽ) ഓ! ഒരു കായ്യം പറയാൻ മറന്നുപോയീ. ആ പെങ്ങമ്മാരെ യെങ്കിലും ഒന്നു കണ്ടിട്ടു പോകണം. റോസമ്മ ചില ക്രുട്ടുകെട്ടൊക്കെ തുടങ്ങിയിട്ടുണ്ടു്. പ ലരും കയറിയിറങ്ങുന്നുണ്ടു്. ബേബീച്ചായനും അവിടെ പോകുന്നുണ്ടെന്നാണു് എന്റെ അറിവു്.

പാ: എന്തു്? എന്റെ സഹോദരി ഒരു വ്യഭിചാ രിണിയെന്നോ? നാട്ടുകാരുടെ കണ്ണിലുണ്ണിയെ ന്നു് സചയം അഭിമാനിക്കുന്ന ബേബീച്ചനും ഇതിനു ക്രൂട്ടുനിൽക്കുന്നെന്നോ, സെലീനാ! ഇ പ്പോൾ സമയമില്ല. എന്റെ ശരീരത്തിൽ ഒരു തുള്ളി രക്തമുണ്ടെങ്കിൽ ഞാൻ ഇതിനു പ്ര തികാരംചോദിക്കുകതന്നെ ചെയ്യും. (പോകുന്നു)

# രംഗം 9

(ബേബിച്ചന്റെ ബംഗ്ളാവു്. സമയം രാവിലെ പത്തുമണി. ബേബിച്ചനും തങ്കച്ചനും നിന്നുകൊണ്ടു് സംസാരിക്കുന്നു. പൈലികസേരകൾ പോളീഷ് ചെയ്യുന്നു.)

ബേ: അപ്പോൾ നീ തന്നെയാണു് ഈ കത്തു് റോസമ്മയ്ക്കയച്ചതു്. കുഞ്ഞേ, ഈ പ്രവൃത്തി നല്ലതാണോ?

ത: നല്ലതോ ചീത്തയോ എന്നു തീരുമാനിക്കേണ്ടതു് ഞാനാണു്. ഉം...എന്താ അതിലുള്ളതെറ്റു്?

ബേ; യാതൊരു തെറ്റുമില്ലേ. നിനക്കു് റോസമ്മയെ വിവാഹം കഴിക്കണമെന്നുണ്ടെങ്കിൽ എന്നോടു പറയാൻ പാടില്ലേ. ഞാൻ വേണ്ടതു പോലെ ചെയ്യുകയില്ലേ.

പൈ: ബേബിച്ചാ പൈലിയ്ക്കു് ഒരു തോന്നലുവരുന്നു. വായിൽ കൊള്ളുമോ എന്നറിയത്തില്ല. തങ്കച്ചൻകുഞ്ഞു കാണിച്ചതല്ലേ ഈ ലപ്പെന്നും പ്രേമമെന്നും ഒക്കെ പറയുന്നതു്.

ത: എടോ ഒരു കായ്യം പറഞ്ഞേക്കാം. താൻ കുറെ മര്യാദയ്ക്കു സംസാരിക്കണം കേട്ടോ?

ബേ. നീ എന്തിനാണു് പൈലിച്ചേട്ടനോടു പിണങ്ങുന്നതു്. അവർക്കു സമ്മതമില്ലെങ്കിൽ പി

ന്നെയെന്തിനാണ് ഈ കത്തുകളൊക്കെ അയക്കുന്നത്.

ത: വേണ്ട വേണ്ട; എനിക്കും കുറച്ചൊക്കെ മനസ്സിലായിട്ടുണ്ട്. അമ്പോ! ഒരു പുണ്യവാൻ ആരും ഒന്നും അറിയുന്നില്ലെന്നാ വിചാരം. പാവം!

ബേ: തങ്കച്ചൻ എന്താണീപ്പറയുന്നത്.

ത: ഞാൻ കത്തെഴുതിപ്പോയി—അതു തെറ്റായിരിക്കാം. എന്നാലും ക്രൂടെക്രൂടെഅങ്ങോട്ടപോകുന്നതാരാ. അതു ഞാനല്ലല്ലോ. അങ്ങു പ്രേമിച്ചുകൊള്ളണം. പക്ഷെ ഒരു കായ്യം. ഈ സ്വത്തു് കണ്ട പെണ്ണുങ്ങൾക്കൊന്നും കൊടുക്കാനുള്ളതല്ല.

ബേ: ദൈവമേ! ഇവനു സ്ഥിരബുദ്ധിയില്ലാതായിപ്പോയോ. ഇവനെന്താണീപ്പറയുന്നത്.

പൈ: വേണ്ടാ...അങ്ങനെയൊന്നും പറയേണ്ട. നിങ്ങളു രണ്ടു പേരേപ്പറ്റിയും എനിക്കു നല്ലതുപോലെ അറിയാം. പോരെങ്കിൽ നാട്ടുകാക്കു മറിയാം. പിന്നെന്തിനാ തങ്കച്ചൻ ചുമ്മാ അതുമിതും പറയുന്നത്.

ത: എടോ തന്നോടു ഞാനാണു പറഞ്ഞത്.....

പൈ: എന്നാ പറയാനാ. ക്രൂടിവന്നാൽ എന്നെ അങ്ങു പറഞ്ഞു വിട്ടുമായിരിക്കും. സാരമില്ല. ഞാനീ ബേബിച്ചനെ ഒരാളെ ഓർത്താണ് ഇവിടെ കിടക്കുന്നത്. എന്റെ ദൈവമേ! എ

ന്നാലും ഈ പൊന്നംകൊടത്തിനേപ്പറ്റി ഇങ്ങനെ ഇല്ലാവചനം പറഞ്ഞല്ലോ. എന്റെ കുഞ്ഞേ, മലന്നുകിടന്നു തുപ്പരുതേ.....

ബേ: പൈലിച്ചേട്ടാ, പോകട്ടെ. സാരമില്ല ഇവൻ എന്റെ കുഞ്ഞനുജനല്ലേ. അറിവില്ലായ്മകൊണ്ടു് പറഞ്ഞതാണു്. ക്ഷമിക്കു.

ത: ഞാൻ വന്നതിന്റെ കാരണം മനസ്സിലായോ. ഞങ്ങളുടെ വീതം സ്വത്തുമുഴുവൻ ഇന്നുതന്നെ ഭാഗം ചെയ്യുതരണം.

ബേ: അതിനെന്താ. അതെപ്പോഴും നിങ്ങൾക്കുള്ളതല്ലേ. അതിലൊരൊറ്റ കാശുപോലും ഞാൻ ചെലവാക്കുന്നില്ല.

ത: (ഉറക്കെ) സെലീനാ, നീയിതു കേട്ടോ?

സെ: (പ്രവേശിച്ചു്) എന്താണു പറഞ്ഞതു്.

ബേ: മറ്റൊന്നുമല്ല. തങ്കച്ചനു്, സ്വത്തുടനെ വീതം വയ്ക്കണമെന്നു്.

സെ: ശരിയാണു്. എന്റെ വീതവും കിട്ടണം.

ബേ: എന്തു്? നിന്റെ വീതവും വേണമെന്നോ.? അതു കിട്ടിയിട്ടു് നീ എന്തു ചെയ്യാൻ പോകുന്നു.

സെ: ബേബിച്ചായനു് അതറിഞ്ഞിട്ടു കാര്യമില്ല. ഞാൻ എന്റെ വസ്തു വിറ്റു് പണമാക്കിക്കൊണ്ടു് മദ്രാസിൽ സുഖമായിതാമസിക്കാൻ പോവുകയാണു്.

ബേ: നാണമില്ലല്ലോടി ഇനിയും മദ്രാസിനു പോ

കാൻ. മദ്രാസ്സ് കോളേജിൽ നീന്നല്ലേ നിന്നെ ഡിസ്മിസ്സ് ചെയ്തത്.

ത: സെലീനാ അവളടെ സഹോദരന്റെ ക്രൂടെയാണ താമസിക്കാൻ പോകുന്നത്. മനസ്സിലായോ.

ബ്രേ: എന്താ ഇവിടുത്തെ താമസം സുഖകരമല്ലേ. ഞാനും നിന്റെ സഹോദരനല്ലേ?

പ്രൈ: എന്റെ കുഞ്ഞേ. . .. . . ഇനിയുമെങ്കിലും അറിവുള്ളവർ പറയുന്നത കേക്കു. "മൂത്തവർ ചൊല്ലും വാക്കും മുതുനെല്ലിക്കായും ആദ്യം കയ്ക്കും പിന്നെ ഇനിക്കും." എന്നു കേട്ടിട്ടില്ലേ. പഠിത്തമൊക്കെ നീന്നില്ലേ. ആ ഡാക്ടർ യജമാനൻ ഉണ്ടല്ലോ. നല്ല പൊന്നുംകൊടുത്തു മനുഷ്യനാ. അദ്ദേഹത്തെക്കൊണ്ടങ്ങു കെട്ടിച്ചു ഇവിടെയെങ്ങാനും സുഖമായി ജീവിക്കരുതോ. അനാഥശാലയായി, സേവാദളമായി വിൻസെന്റ് ഡി. പോളായി; ഇതിന്റെയെല്ലാം പുറകേ നടന്നു കഷ്ടപ്പെടാൻ ബ്രേബിച്ചനല്ലാതെ ആരുണ്ടു.

സെ: അക്കാര്യങ്ങളൊക്കെ ഞങ്ങൾ ആലോചിച്ചുകൊള്ളാം. താൻ തന്റെ കാര്യം നോക്കു. ബ്രേബിച്ചായാ, ഒട്ടും താമസിക്കാതെ ഉടമ്പടി എഴുതിത്തരണം. ഞങ്ങൾക്കു പോകാൻ ധൃതിയുണ്ട്.

പൈ: ബേബീച്ചാ എന്നാൽ പിന്നെ എല്ലാം ക്രൂടെ വീ. പീ. ആയിട്ട് അങ്ങയച്ചു കൊടുത്താൽ പോരേ?

സെ. എടോ.....

പൈ. കുഞ്ഞേ എല്ലാറ്റിനും കുറച്ചു ക്ഷമ ഒക്കെ വേണം. ചുമ്മാതെ വസ്തു അങ്ങു തരാനും മറ്റും ഒക്കുകേല. നിങ്ങൾക്കു് ഇതിൽ അത്ര ചൂടൊന്നുമില്ല. ബേബീച്ചനു വന്നിട്ടുള്ള കഷ്ടപ്പാടുകളൊക്കെ എനിക്കു നല്ലതുപോലെ അറിയാം.

ത: എടോ തൻറെ കൈമണിയൊന്നും ഇവിടെ ചെലവാകത്തില്ല. ഇന്നതന്നെ ഉടമ്പടി ചെയ്യണം അതുകഴിഞ്ഞിട്ടേ ഞങ്ങൾ പോകുന്നുള്ളൂ.

(ഡാക്ടർ പ്രവേശിക്കുന്നു)

ഡാ. എന്താ എല്ലാവരും, എപ്പോൾ വന്നു തങ്കച്ചാ.

ബേ. വന്നയുടനെ പോകാനും ഒരുങ്ങിയിരിക്കുകയാണു്.

സെ. ഡാക്ടർ, ഞാൻ മദ്രാസിൽ തന്നെ താസിക്കുവാൻ പോവുകയാണു്. അതിനാൽ ഞങ്ങളുടെ വീതം വേണം അതിനായിട്ടാണു് തങ്കച്ചായൻ വന്നതു്.

ഡാ. കൊള്ളാം...നല്ലകായ്യം...എന്താണു് ഉടനെ?

ത: അതിനു കാരണം പലതുമുണ്ടു്. ആക്കും അതറിയേണ്ട കായ്യമില്ല. (ബേബീച്ചനോടു്) എന്താണു് ഒന്നും പറയാത്തതു്. വേഗം വേണം.

ബേ: ഓഹോ! എനിക്കു യാതൊരു വിസമ്മതവുമില്ല. പിന്നെ ഒരു കാര്യം. എല്ലാം കളഞ്ഞുകളിച്ചേച്ചു് ഇങ്ങോട്ടവന്നേക്കരുതെന്നുമാത്രം.

സെ: എന്റെ പട്ടിവരും.

പൈ. പട്ടിയാണോ പട്ടിച്ചിയാണോ വരുന്നതെന്നു കാണാമല്ലോ.

ഡാ: ബോബിച്ചാഒട്ടുംതാമസിയ്ക്കണ്ടാ.ഉടനെ തന്നെ എഴുതിക്കൊടുത്തേക്കണം. അതാണു നല്ലതു്.

ബേ: ഡോക്ടർ, കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും എന്റെ സഹോദരങ്ങളായ ഇവർ ഏതോ തെറ്റിദ്ധാരണയിൽ പെട്ടിരിക്കുകയാണു്. സത്തു വീതിക്കുന്നതിനൊന്നും എനിക്കശേഷം സങ്കടമില്ല. എന്റെ വീതം ക്രൂടി വേണമെങ്കിൽ കൊടുത്തേക്കാം. പക്ഷേ ഇവർ എന്നെ കണ്ടിട്ടില്ല ഭാവംപോലും കാണിക്കാത്തതിലാണു സങ്കടം. ഡാക്ടർ, പ്രിയപ്പെട്ട മാതാപിതാക്കന്മാരുടെ മരണശേഷം ഈ കുഞ്ഞുങ്ങളെ വളർത്തുവാൻ ഞാൻ എത്രമാത്രം ബുദ്ധിമുട്ടിയെന്നു ഇവരറിയുന്നുണ്ടോ? ഇവരെ ഉന്നത പദവിയിൽ എത്തിക്കണമെന്നുകരുതി എന്റെ രക്തം വെള്ളമാക്കി ഞാൻ കഷ്ടപ്പെട്ടു.

ത: അതിനു ഞങ്ങളെന്തുവേണം. മൂത്തവർ കഷ്ടപ്പെട്ടെങ്കിലേ ഒക്കൂ. കഷ്ടപ്പാടിനു തക്ക മുതലും എടുത്തിട്ടുണ്ടല്ലോ.

ഡാ: തങ്കച്ചാ ഒരിക്കല്പം അങ്ങനെ പറയരുതു്. ബേ ബിച്ചൻ നിങ്ങൾക്കുവേണ്ടി മാത്രമല്ല ഈ നാ ട്ടുകാക്കു തന്നെയും ചെയ്തുകൊണ്ടിരിക്കുന്ന ഉ പകാരങ്ങൾക്കു് എത്രതന്നെ കൃതജ്ഞത പ്രക ടിപ്പിച്ചാലും അധികമായിപ്പോവുകയില്ല.

സെ: ഹേ! ഡാക്ടർ, നിങ്ങൾക്കു് ഇതിൽ കൈകട ത്തേണ്ട കാര്യമില്ല. എന്താ ആശുപത്രിയിൽ രോഗികളാരുമില്ലേ?

ഡാ: ആശുപത്രിയിൽ രോഗികളും എനിക്കു് ജോ ലിയും ഇല്ലാഞ്ഞിട്ടുവന്നതല്ല. ബേബിച്ചനെ കണ്ടു് സംസാരിക്കേണ്ട അത്യാവശ്യമുള്ളതു കൊണ്ടു് വന്നെന്നുമാത്രം.

ബേ: ഡോക്ടർ, ഇനിയും അധികം പറഞ്ഞതുകൊ ണ്ടു് ഫലമില്ല ദൈവമേ! ഈ കുഞ്ഞുങ്ങൾക്കു് അവിടന്നു് നല്ലബുദ്ധി കൊടുക്കണമേ. തങ്ക ച്ചാ, സെലീനാ, ഞാനെല്ലാം ക്ഷമിക്കുന്നു. നി ങ്ങളുടെ പ്രത്യാഗമനത്തിനുവേണ്ടി ഞാൻ ക ണ്ണുനീരോടുകൂടെ എന്നുമെന്നും കാത്തിരിക്കും.

സെ. എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ യൊന്നുണ്ടാകാൻ പോകുന്നില്ല.

പൈ. ഉവ്വന്നേ: ഇങ്ങനെ എത്രപേരെ കണ്ടവനാ ഈ പൈലി.

ബേ: ഇനി ഒട്ടും താമസിക്കുന്നില്ല. ഡാക്ടർ, ഞാൻ പോയി പ്രമാണങ്ങൾ എടുക്കട്ടെ.(പോകുന്നു)

ലൂസി: (പ്രവേശിച്ചു്) പാപ്പച്ചനിച്ചായനെന്നാ വരാഞ്ഞതു്?

ത. പാപ്പച്ചനു് അവധി കിട്ടിയില്ല.

സെ. എന്നാ ഇതു ധ്യതി. ഇനിയും വരുന്നില്ലെന്നാ പറഞ്ഞതു്.

ലൂ. അതു ഞങ്ങളാലോചിച്ചുകൊള്ളാം. ചേച്ചിയൊന്നു ചുമ്മാതിരി.

പൈ. അടി ഇരിക്കുന്നിടത്തു ചെവിട്ടു വച്ചാൽ അങ്ങനെ ഇരിക്കും.

സെ. പൈലിച്ചേട്ടാ... തന്നോടു ഞാനാപറഞ്ഞതു് ങ്ങാ...

ലൂ. അപ്പൻ തീത്തു കിടപ്പാണെന്നും വേഗം വരണമെന്നും പറയണേ.

ത. നീ പൊയ്ക്കോ; ഞാൻ ചെന്നാലുടനെ പാപ്പച്ചനെ പറഞ്ഞുവിടാം. (ലൂസി പോകുന്നു.)

ബേ. (പ്രവേശിച്ചു്) ഒരു സാക്ഷി വേണമല്ലോ. ഡാകു്ടർക്രൂടി വരാമോ?

ഡാ: ഞാനും ക്രൂടി പോരാം. കുറച്ചു ജോലിയുണ്ടു് അതു കഴിഞ്ഞേ ഒക്കൂ.

ബേ. അതുമതി.

കർട്ടൻ.

# രംഗം 10

(തങ്കച്ചന്റെ, മദ്രാസിലെ വാടകമുറി. തങ്കച്ചനും പാപ്പച്ചനും പരിഷ്കൃത വേഷത്തിൽ പ്രവേശിക്കുന്നു.)

തങ്ക: പാപ്പച്ചന്റെ ഉപദേശം പാലിയിരുന്നു. ബേബിച്ചായനെ വരച്ചവരയിൽ നിറുത്തി, ഞങ്ങളുടെ വീതം വാങ്ങിച്ചു.

പാ; എല്ലാം കിട്ടിയോ?

തങ്ക: മുഴുവനും കിട്ടി. എല്ലാം വിറ്റ് പണമാക്കി സെലീനായെ ഏല്പിച്ചിരിക്കയാണ്.

പാ: സെലീനാ എവിടെപ്പോയി?

തങ്ക: അവൾ പണവും കൊണ്ട് ബാങ്കിൽ പോയിരിക്കുന്നു.

പാ: അതേതായാലും നന്നായി.

തങ്ക: ഓ! ഒരു കാര്യം പറയുവാൻ മറന്നുപോയി. തൊമ്മിച്ചേട്ടൻ തീഞ്ഞുകിടപ്പാണ്. ഉടനെ അവധി എടുത്ത് വീട്ടിൽ ചെല്ലണം.

പാ: സമയം ഒട്ടുമില്ലല്ലോ. അല്ലെങ്കിൽ നിങ്ങളുടെകൂടെ പോരുമായിരുന്നല്ലോ.

തങ്ക: അങ്ങനെയൊന്നും പറയരുത്. എങ്ങനെയെങ്കിലും പോകണം. പാവപ്പെട്ട ആ സഹോദരികൾ വളരെയധികം കഷ്ടപ്പെടുന്നു. ഞാനവിടെ പോയിരുന്നു. തൊമ്മിച്ചേട്ടൻ

പാപ്പച്ചന്റെ കാര്യം പറഞ്ഞു് കരയുകയുണ്ടായി. പോകാൻ പണമില്ലെങ്കിൽ ഞാൻതരാം.

പാ: ഹേയ് അതുകൊണ്ടൊന്നുമല്ല.

സെ. (പ്രവേശിച്ചു്) എല്ലാം റെഡിയാക്കി.

തങ്ക: എല്ലാം ശരിപ്പെടുത്തിയോ? കൊള്ളാം. (ശിപായി പ്രവേശിച്ചു് പാപ്പച്ചനു കമ്പി സന്ദേശം കൊടുക്കുന്നു. പാപ്പച്ചൻ വായിക്കുന്നു)

പാ: അച്ഛായൻ മരിച്ചു. ഉടൻ ചെല്ലണമെന്നാണു കമ്പി. (പാപ്പച്ചൻ സെലീനായെ നോക്കുന്നു. സെലീനാ, പോകണ്ടായെന്നു് കണ്ണുകൊണ്ടു് ആംഗ്യം കാണിക്കുന്നു. ശിപായിയോടു്) വരുവാൻ ഒട്ടും സമയമില്ലെന്നു് തിരിച്ചു കമ്പി അടിക്കൂ. ഇതാ പണം. (പണം കൊടുക്കുന്നു. ശിപായി പോകുന്നു.)

തങ്ക: എന്തു്? എന്താണീ കാണിക്കുന്നതു്? സ്വന്തം പിതാവിനെ... അതും മരിച്ചിട്ടുപോലും... കാണുവാൻ സമയമില്ലെന്നോ...കഷ്ടം? എന്തൊരു നന്ദികേടാണു്.

സെ: പാപ്പച്ചൻ പറഞ്ഞതാണു കാര്യം. മരിച്ചവരോ മരിച്ചു. ഇനിപ്പോയിട്ടെന്താണു ഗുണം.

തങ്ക: നീയും അതാണോ പറയുന്നതു്. പാപ്പച്ചാ, ഞാനും കൂടെ പോരാം. ഉടൻതന്നെ പുറപ്പെടണം.

പാ: പുറപ്പെടാം. പക്ഷെ അങ്ങോട്ടല്ലെന്നുമാത്രം.

തങ്ക: കഷ്ടം! നീയിത്ര കഠിന ഹൃദയനാണോ. താലോലിച്ചു് വളർത്തിയ പിതാവിനെ, അതേ നിന്നെ ഈ നിലയിലെത്തിച്ച വാത്സല്യ പിതാവിന്റെ പ്രേതത്തെപ്പോലും ഒരു നോക്കു കാണുവാൻ സമയമില്ലെന്നോ...?

സെ. തങ്കച്ചായനെന്നാ കിറുക്കാണോ? മരിക്കുന്നവർ മരിച്ചുകൊള്ളട്ടെ. ജീവിക്കുന്നവരെങ്കിലും ആനന്ദിക്കട്ടെ!

തങ്ക: കഞ്ഞേ, നിന്റെയും മനസ്ഥിതി ഇതാണോ? ദൈവം പോലും ഇതു പൊറുക്കുന്നതല്ല.

പാ: ദൈവം...ഹ...ഹ...ഹ...ദൈവം. ഞങ്ങളുടെ ഇടയിൽ പുള്ളീക്കു വലിയ സ്ഥാനമൊന്നും കല്പിച്ചിട്ടില്ല സഖാവേ.

തങ്ക: ങേ, അപ്പോൾ നീയൊരു നിരീശ്വരനാണു് അല്ലേ?

പാ: ആങ്ങ്ഹാ. അതിത്രവരെ മനസ്സിലാക്കിയിട്ടില്ലേ...മഠയൻ.

തങ്ക. മഠയനെന്നോ? ഛീ..... നീ എന്തുപറഞ്ഞു. (ആലോചിച്ചിട്ടു്) അതേ, ഞാൻ ഒരു മഠയൻ തന്നെ. നിന്നെ സ്നേഹിതനെന്നു കരുതി എന്റെകൂടെ താമസിപ്പിച്ച ഞാൻ ശുദ്ധമഠയൻ തന്നെ. ഇപ്പോഴാണു് എനിക്കു നിന്നെ ശരിക്കു മനസ്സിലായതു്. പാപ്പച്ചാ, മേലാൽ നീ ഇവിടെ താമസിക്കണമെന്നില്ല.

സെ. അല്ലേല്യം ആരും താമസിക്കുന്നില്ല. ഞങ്ങൾം പോകുകയാണു്.

തങ്ക. ആരു്...? നീയോ...? എങ്ങോട്ടു്?

സെ. അറിഞ്ഞില്ലേ. ഞങ്ങൾം രണ്ടുപേരും ക്രൂടെ രാജ്യം കാണാൻ പോകുകയാണെന്നു്. മനസ്സിലായോ...

തങ്ക. ആരാണി ഞങ്ങൾം?

പാ. ഇതാ മറയനാണെന്നു പറഞ്ഞതു്. ഒന്നുക്രൂടെ കേട്ടോ. ഞാനും സെലീനാമ്മയുംക്രൂടെ രജിസ്റ്റർ വിവാഹം ചെയ്യുവാൻപോകയാണു്. വ്യക്തമായോ?

തങ്ക. എന്തു്...?

സെ. അതുതന്നെ.

തങ്ക. എന്തു പറഞ്ഞെടീ ദുഷ്ടേ (അടിക്കുന്നു. പാപ്പച്ചൻ തടുക്കുന്നു.)

പാ. അവളെതൊടരുതു്.

തങ്ക. ഫൂ പട്ടി... നീയാരാടാ അതുപറയാൻ. (തമ്മിൽ പിടിക്കുന്നു. തങ്കച്ചൻ പാപ്പച്ചനെ അടിച്ചുശേഷം അകത്തേയ്ക്കു് ഓടുന്നു. പുറകെ പാപ്പച്ചനും. അകത്തു വലിയ ബഹളം കേൾക്കുന്നു. സെലീനാ അകത്തേയ്ക്കു് ഓടുന്നു. "എന്റെ അമ്മേ" എന്നു വിളിച്ചു കൊണ്ടു് തങ്കച്ചൻ മറുവശത്തുക്രൂടെവന്നു് രംഗത്തു് കമിഴ്ന്നു വീഴുന്നു. പാപ്പച്ചൻ പുറകെ ഓടിവന്നു് "നീയെന്നെ തല്ലുമോടാ നിന്നെ ഞാൻ കൊ

ല്ലം." കൈത്തോക്കുകൊണ്ടു് വെടിവെയ്ക്കുവാൻ ഒരുങ്ങുന്നു. സെലീനാ ഓടിവന്നു് തടയുന്നു.)

സെ. ഛേ! ഒരിക്കലും അങ്ങനെ ചെയ്യരുതു്. (തോക്കു പിടിച്ചുവാങ്ങുന്നു.) ഇതുതന്നെ വളരെ ഭയങ്കരമായിപ്പോയി.

പാ. ശരി. ക്ഷമയെല്ലാം ഇങ്ങുതന്നേക്കു്. നമുക്കുടനെ സ്ഥലം വിടാം: അല്ലെങ്കിൽ വലിയ കുഴപ്പമാണു്. (ഇരുവരും ഓടുന്നു.)

കർട്ടൻ.

# രംഗം 11

(തൊമ്മിയുടെ വസതി. ലൂസി ദു:ഖിതയായി പാടിക്കൊണ്ടിരിക്കുന്നു. ഗാനം ന. 5 റോസമ്മ പള്ളിയിൽ നിന്നു് മടങ്ങി വരുന്ന വേഷത്തിൽ പ്രവേശിക്കുന്നു.)

റോ. ലൂസിക്കുട്ടീ; എന്തിനാണു് കരയുന്നതു്. എന്റെ പൊന്നുലൂസിയല്ലേ, നീ ഒട്ടും വിഷമിയ്ക്കണ്ടാ. ജോലികളെല്ലാം ഞാൻ ചെയ്തുകൊള്ളാം. നീ പഠിച്ചുകൊള്ളുക. നീ എങ്കിലും ഒരു നല്ല നിലയിൽ എത്തിക്കാണുവാൻ ഞാനാഗ്രഹിക്കുന്നു.

ലൂസി. വേണ്ടവേണ്ടാ...എന്റെ ചേച്ചി കഷ്ടപ്പെടുന്നതു കണ്ടേച്ചു് ഞാൻ പഠിക്കാനോ? നമുക്കു രണ്ടുപേർക്കും എന്തെങ്കിലും ജോലി കിട്ടാതിരിക്കുമോ. അല്ലെങ്കിൽ ക്രൂലിവേലയ്ക്കു പോകാം. യാതൊരു നാണക്കേടുമില്ല ചേച്ചി.

റോ. ലൂസി എന്താണു പറയുന്നതു്. ക്രൂലിവേലയ്ക്കു പോകാനോ! ഞാനൊരിക്കലും സമ്മതിക്കുകയില്ല, നീ പഠിച്ചുകൊള്ളുക. കഞ്ഞിന്റെ പേർക്കുക്രൂടെ ഞാൻ ജോലി ചെയ്തുകൊള്ളാം.

ലൂസി. എന്റെ പൊന്നു ചേച്ചി അങ്ങനെ പറയരുതേ.

റോ. അതെന്താ താമസിയാതെ നമ്മുടെ പാപ്പച്ച നിച്ചായൻ വരുമല്ലോ. പിന്നെ നമുക്ക് ബുദ്ധിമുട്ടൊന്നുമില്ല:

ലൂ. ഈ ചേച്ചി എന്തൊരു ചേച്ചിയാ. പാപ്പച്ച നിച്ചായൻ കൊണ്ടുവന്നിട്ട് ഉണ്ണാനിരുന്നോ. (കരഞ്ഞുകൊണ്ട്) എങ്കിലും അച്ചായൻ മരിച്ചിട്ടുപോലും വരാൻ നേരമില്ലെന്നു പറഞ്ഞ ദുഷ്ടനല്ലേ നമ്മളെ ഉപേട്ടുന്നതു്.

റോ. അങ്ങനെപറയരുതു്. മാതാപിതാക്കന്മാരില്ലാത്ത നമ്മുടെ ആശാകേന്ദ്രം പാപ്പച്ചനിച്ചായൻ മാത്രമല്ലയോ? എന്റെ കുഞ്ഞു് ഒന്നും ദുഷിച്ചുപറയരുതേ.

ലൂ. ഞാനൊന്നും പറയുന്നില്ല. ഒരാങ്ങള ഉണ്ടായിട്ടു് അനുഭവം ഇതാണല്ലോ. ആരുമേതുമില്ലാത്ത നമ്മെ ആരു സഹായിക്കാനാണു്. ആ ബോബിച്ചൻ ചേട്ടനും ഡാക്ടരും ഇല്ലായിരുന്നെങ്കിൽ നമ്മുടെ ഇന്നത്തെ സ്ഥിതി എന്തായിരുന്നേനേ.

റോ. അതു ശരിയാണു്. എല്ലാ ഡാക്ടർമാരും ഇങ്ങനെ ആയിരുന്നെങ്കിൽ പാവങ്ങൾ ജീവിച്ചുപോയേനെ.

ലൂ. ചേച്ചി പറഞ്ഞല്ലോ പാപ്പച്ചനിച്ചായനെ ഒന്നും പറയരുതെന്നു്. എന്റെ ഓമ്മ എപ്പോഴും അതുതന്നെ. ലോകത്തിൽ ഇങ്ങനെയുള്ളവല്ല മനുഷ്യരുമുണ്ടോ, സ്വന്തം അപ്പൻ മരി

ച്ചിട്ട്ം ഒന്നു കാണാൻ വരാൻ നേരമില്ലാത്ത തായിട്ട്ം. അതും വേണ്ടാ ദിവസങ്ങൾ എത്ര യായീ. രണ്ടു പെങ്ങന്മാർ ഉണ്ടായിരുന്നതു് ച ത്തോ ഉണ്ടോ എന്നറിവാനെങ്കിലും ഒന്നു തീ രിഞ്ഞുകയറുക. ചേച്ചി കണ്ടോ, ഇതിനെല്ലാം ഫലം കിട്ടിക്കോളും. ദൈവമല്ലേ ഉള്ളതു്. (അരിയും സാമാനങ്ങളും ചുമന്നുകൊണ്ടു് പൈലി പ്രവേശിക്കുന്നു.)

രോ. ഇതൊന്നും ആവശ്യമില്ലായിരുന്നല്ലോ പൈ ലിച്ചേട്ടാ.

പൈ. തുടങ്ങിയല്ലോ അഭിമാനം പറച്ചിൽ.

ബേ. (പ്രവേശിച്ചു്) സാരമില്ല. കുറച്ചു സാധനങ്ങ ളേ ഉള്ളു. നിങ്ങളുടെ ദാരുണാവസ്ഥയേപ്പ റ്റി ചിന്തിക്കുമ്പോൾ വലിയ വിഷമം തോ ന്നുന്നു. എന്തെങ്കിലും ആവശ്യമുള്ളപ്പോൾ പൈലിച്ചേട്ടനോടു് പറഞ്ഞയയ്ക്കണം. വാ ങ്ങിച്ചുതന്നുകൊള്ളാം.

പൈ. നേരാ, ഞാനെന്നും വന്നു് അനേഷിച്ചുകൊ ള്ളാം കേട്ടോ.

ലൂ. പൈലിച്ചേട്ടനു് എന്നും വരാനൊക്കുമോ. ബംഗ്ലാവിൽ ധാരാളം ജോലിയുള്ളതല്ലേ. അതു കൊണ്ടു് ഞാനങ്ങുവന്നേക്കാം.

പൈ. അതും ശരിയാ. എന്നിട്ട്ം നമ്മൾക്കു രണ്ടുപേ ക്കുംകൂടെ ഇങ്ങോട്ടുപോരാം അല്ലേ.

ബേ. ലൂസിക്കുട്ടീ, നിങ്ങളിന്നുപള്ളിയിൽപ്പോയോ?

ലൂ. പോയായിരുന്നു. അച്ഛായന്റെ കൃഴിമാടത്തിങ്കലും പോയി പ്രാർത്ഥിച്ചു. ഞാൻ കുറച്ചു നേരത്തെ ഇങ്ങുപോന്നു.

ബേ. കൊള്ളാം, നല്ല കായ്യം. നിങ്ങൾ രണ്ടുപേരും എന്നും പള്ളിയിൽ പോകുകയും കൃഴിമാടത്തിങ്കൽ ചെന്നു് തൊമ്മിച്ചേട്ടന്റെ പേക്കു് പ്രാർത്ഥിക്കുകയും വേണം. അക്കായ്യം ഒരിക്കലും മറക്കരുതു്.

റോ. ഒരിക്കലും മറക്കുകയില്ല. ഹാ അവിടെ ചെല്ലുമ്പോൾതന്നെ പ്രത്യേകാൽ ഒരാനന്ദമുണ്ടു്.

ബേ. പൈലിച്ചേട്ടാ, നിങ്ങൾ ഈ സാധനങ്ങളെല്ലാം അകത്തുകൊണ്ടുപോയി വയ്ക്കുക.

(ലൂസിയും പൈലിയും കൂടെ സാധനങ്ങൾ പെറുക്കിക്കൊണ്ടു് അകത്തേക്കു പോകുന്നു. ബേബി ബഞ്ചിലിരിക്കുന്നു.)

ബേ. ലൂസിക്കുട്ടിയുടെ കായ്യം നമുക്കൊന്നു തീരുമാനിക്കണം. അവളെ നമുക്കു മഠംവക ബോർഡിംഗിൽ താമസിപ്പിക്കാം. ഞാനെല്ലാം ഏർപ്പാടുചെയ്തിട്ടുണ്ടു്.

റോ. ശ്യൊ—അതു വേണ്ടായിരുന്നു. എന്തൊരു പണച്ചെലവു്.

ബേ. ഓ! അതു സാരമില്ല. ഒരു കായ്യം പറയാൻ മറന്നുപോയി. അനാഥശാലയിൽ ഒരു ജോലി ഒഴിവു വന്നിട്ടുണ്ടു്. പോരെങ്കിൽ ഒരു നേഴ്സിന്റെ ആവശ്യവുമുണ്ടു്. റോസമ്മക്കു്

ഇഷ്ടമുണ്ടെങ്കിൽ നേഴ്സിഗ്രം പഠിക്കാം, ജോലിയുമായി.

റോ. എനിക്കതിനു പ്രാപ്തിയുണ്ടോ. തന്നെയുമല്ല ഇവിടെ ആരുമില്ലല്ലോ.

ബേ. കന്യാസ്ത്രീകളോടുകൂടെ താമസിയ്ക്കാമല്ലോ. ഏകാകിനിയായി ഇവിടെ താമസിച്ചാൽ ലോകം വൃഥാ പലതും പറഞ്ഞുണ്ടാക്കും. ലോകരെ ഭയന്നിട്ടല്ലാ ഞാൻ പറയുന്നതു്. ഏതായാലും ഒറ്റയ്ക്കു താമസിക്കുന്നതു് അത്ര നല്ലതല്ല. പാപ്പച്ചൻ വരുന്നതുവരെ ഞാൻ പറഞ്ഞതുപോലെ ചെയ്യു്.

പൈ. (വീണ്ടും പ്രവേശിച്ചു്) എന്നിട്ടു്—റോസമ്മേ പാപ്പച്ചന്റെ വിവരം വല്ലതും അറിയാമോ.

റോ. ക്ഷമിക്കണം; മദ്രാസിൽ നിന്നു് കമ്പി വന്നിട്ടുണ്ടായിരുന്നു: (അകത്തുപോയി കമ്പിസന്ദേശം കൊണ്ടുവന്നു് ബേബിച്ചന്റെ കയ്യിൽ കൊടുക്കുന്നു. ബേബിച്ചൻ വാങ്ങി വായിക്കുന്നു.)

ബേ. ഹാ. . .കഷ്ടം നേരമില്ലെന്നു്. ദൈവമേ! അവനിങ്ങനെ ആയിപോകുമെന്നു് ആരു വിചാരിച്ചു.

പൈ. എനിക്കും വലിയ സംശയങ്ങളൊക്കെ തുടങ്ങിയിട്ടുണ്ടു്. പറയാൻ കൊള്ളുകയില്ലാത്തതുകൊണ്ടു് പറയാത്തതാണു്.

ബേ: ഏതോ തലതിരിവു് ഉണ്ടായിട്ടുണ്ടു്. അവ നിങ്ങു വന്നിരുന്നെങ്കിൽ ഈ സഹോദരിക ളെങ്കിലും സമാധാനമായി കഴിഞ്ഞേനേ.

പൈ. അവൻ വരാൻ പോകുന്നു. ഇപ്പം കാണാമല്ലോ.

ഡാ. (വിഷണ്ണനായി പ്രവേശിച്ചു്) മദ്രാസ് ഹോ സ്പിറ്റലിൽ നിന്നും എന്റെ സ്നേഹിത നായ ഒരു ഡാക്ടർ അയച്ച കമ്പിയാണിതു്. (കമ്പ. സന്ദേശം കാണിക്കുന്നു.)

ബേ. എന്താണു വിശേഷം. ആശുപത്രിയിൽ നി ന്നോ?

ഡാ. ഇതാ വായിച്ചുനോക്കണം. (കമ്പി സന്ദേശം കൊടുക്കുന്നു.)

ബേ. (വായിക്കുന്നു) നിങ്ങളുടെ നാട്ടുകാരൻ തെ രുവിൽ തങ്കച്ചൻ എന്ന യുവാവിനെ പാപ്പ ച്ചൻ എന്നൊരുവൻ അടിച്ചു് തലപൊട്ടി ആ ശുപത്രിയിൽ കിടക്കുന്നു. പിച്ചും പേയും പറ യുന്നുണ്ടു്. പ്രതിയും തങ്കച്ചന്റെ സഹോദരി യും നാടുവിട്ടെന്നും കേട്ടു. ദയവായി വീട്ടുകാ രെ വിവരം അറിയിക്കുക. ('ഹാ! തങ്കച്ചാ' എ ന്നുവിളിച്ചുകൊണ്ടു് ബേബി ബോധംകെട്ടു വീഴുന്നു. ഡാക്ടർ, പൈലി ഇവർ താങ്ങുന്നു.)

പൈ. എന്റെ തമ്പുരാൻ കത്താവേ! ഇതിനൊക്കെ ഇടയായല്ലോ. (ഉറക്കെ കരയുന്നു)

## രംഗം 12

(വഴിക്കവല. മണവാളവേഷത്തിൽ പൈലിയും സാധാരണവേഷത്തിൽ കൊച്ചാപ്പുവും സംസാരിച്ചുകൊണ്ടു് പ്രവേശിക്കുന്നു.)

പൈ: അപ്പോൾ, കൊച്ചാപ്പു ഇന്നലെയും അവിടെ പോയിരുന്നോ?

കൊ. കൊള്ളാം. പോയോന്നു് ങേ... എടോ പൈലി, ഞാൻ തന്റെ പേക്കു് എത്രമാത്രം കഷ്ടപ്പെട്ടുന്നുണ്ടെന്നു തനിക്കു് അറിയാമോ?

പൈ. കൊച്ചാപ്പു ഇത്ര സ്നേഹമുള്ളവനാണെന്നു് അറിഞ്ഞിരുന്നെങ്കിൽ പണ്ടു് ഞാൻ അങ്ങനെയൊന്നും ചെയ്യുകയില്ലായിരുന്നു.

കൊ: പൈലി എന്തു കാണിച്ചാലും എനിക്കു വൈരാഗ്യമൊന്നുമില്ല. ങേ... തന്റെ പേക്കു് എത്ര പ്രാവശ്യം വേണമെങ്കിലും ബുദ്ധിമുട്ടാൻ ഞാൻ തയ്യാറാണു്. അല്ലേലും എന്റെ ഉദ്യോഗം തന്നെ കെട്ടാതെ നടക്കുന്നവക്കു് എവിടെയെങ്കിലുംചെന്നു് ഒന്നിനെ കണ്ടുപിടിച്ചു് എണക്കി കൊടുക്കുകയാണല്ലോ.

പൈ. എന്താ കൊച്ചാപ്പു, വേഷമൊക്കെ ഇത്രമതിയോ. എനിക്കു് ഈ കവിയന്നമൊക്കെ ഇട്ടന്നതു് വലിയൊരു വിമ്മിട്ടമാ. കണ്ടമാനം

ഒരു ഉഷ്ണസഞ്ചാരം. ഛേ. എനിക്കു നാണം തോന്നുന്നു. ഇന്നലെയും റോസമ്മയുടെ അടുത്തുപോയതു് ഈ പൈലി ഒരു കയീലിയും ഉടുത്തുകൊണ്ടാണു്.

കൊ: ആങ്ഹാ... പൈലി ഇത്ര സുന്ദരനാണെന്നു് ഇപ്പഴല്ലേ മനസ്സിലായതു്. ങ്ഹേ... ഈ വേഷം തനിക്കു നല്ലതുപോലെ ചേരുന്നുണ്ടു്. ങ്ഹാ...

പൈ. അപ്പഴേ കൊച്ചാപ്പൂ, ഞാനിതുവരെ കല്യാണക്കാര്യം റോസമ്മയുടെ അടുക്കൽ സൂചിപ്പിച്ചിട്ടപോലുമില്ലല്ലോ.

കൊ. അയ്യോടാ അതുകൊള്ളാം. കെട്ടാനുള്ള ചെറുക്കന്മാരു് അങ്ങനെ വല്ലതും പറയുമോ? ഇപ്പഴത്തെ തലതിരിഞ്ഞ യുവാക്കന്മാക്കാണെങ്കിൽ ഇടനിലക്കാരുടേയും ഒന്നും ആവശ്യമില്ല. അതുപോലെയാണോ പ്രായം ക്രുടിയവരായ നമ്മൾ ങ്ഹേ... അതുതന്നെയുമല്ല, എല്ലാവരും തന്നെ പറഞ്ഞുകെട്ടാൻ തുടങ്ങിയാൽ ഇടനിലക്കാരായ ഞങ്ങൾ കറങ്ങിപ്പോകുമല്ലോ.

പൈ. ഇതൊക്കെയാണെങ്കിലും ഇതുവരെ ഒന്നുപോലും കെട്ടാത്ത എനിക്കു് റോസമ്മയുടെ അടുക്കൽ ചെന്നു് ഈ കാര്യം പറയാനൊരു നാണം. ഛോ! എന്റെ അടിവയറ്റിൽ നിന്നും ഏതാണ്ടു് കയറി വരുന്നതുപോലെ... കുമുകുമാന്നു്.....

കൊ. എടോ ഞാനും തന്നേപ്പോലെ ഒരുത്തനാ. ങേ... ഞാൻ ഒരിക്കലും കെട്ടിയിട്ടുള്ളവനല്ല. എന്നിട്ട് എനിക്കില്ലല്ലോ ആ ഭയം. ങേ... താനൊരുകാര്യം ചെയ്യ്; ഞാൻ പറഞ്ഞതു പോലെ ഒക്കെ അങ്ങു ചെയ്തേച്ചാൽ മതി.

പൈ. ആദ്യം തുടങ്ങുന്നതെങ്ങനെയാ. അതു ഞാനങ്ങു മറന്നുപോയല്ലോ.

കൊ. താൻ വിചാരിക്കുന്നതുപോലെ പ്രയാസമൊന്നുമില്ല തുടങ്ങാൻ. പറഞ്ഞുതന്നതൊന്നും മറക്കരുതു്; ങേ..... ഞാനുടനേ വന്നേക്കാം. അല്പം മുറുക്കാൻ വാങ്ങിക്കട്ടെ. താൻ നടന്നോ കേട്ടോ. ങേ..." (പോക്കറ്റിൽ തപ്പുന്നു) ഓ! ചില്ലറയെടുക്കാൻ മറന്നുപോയല്ലോ. ചില്ലറയുണ്ടെങ്കിൽ ഒരു രണ്ടണ ഇങ്ങു തന്നേ. (അണ കൊടുക്കുന്നു. കൊച്ചാപ്പു പോകുന്നു. പൈലി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പിൻകർട്ടൻ ഉയരുന്നു. തൊമ്മിയുടെ വസതി. ലൂസി സ്റ്റൂളിൽ പോകുവാനുള്ള വേഷത്തിൽ പ്രവേശിക്കുന്നു. 'മണവാളൻപൈലിയെ' കാണുന്നു. പുസ്തകം താഴത്തു വച്ചശേഷം കളിയാക്കുന്ന സ്വരത്തിൽ)

ലൂ. അയ്യോ! പൈലി മുതലാളി; എങ്ങോട്ടാണോ? ഏതുകാറിലാ വന്നതു്?

പൈ. എടീപെണ്ണേ; എല്ലാത്തിനും ഒരു വകതിരിവു വേണം. റോസമ്മ എന്തിയേ?

ലൂ. ആവശ്യക്കാരു ചെന്നു തെരക്കു്. എനിക്കു പള്ളിക്കൂടത്തിൽ പോകണം.

ലൂസി പോകുന്നു. പൈലി ഞെളിഞ്ഞു് ഉലാത്തുന്നു. റോസമ്മയെ കാണാഞ്ഞു് "എടീ റോസമ്മേ" എന്നു വിളിക്കുന്നു. റോസമ്മ പ്രവേശിച്ചു് പൈലിയെ ആപാദചൂഡം നോക്കുന്നു.)

റോ: അല്ല! പൈലിച്ചേട്ടൻ പണ്ടില്ലാതെ ഈ വേഷത്തിലൊക്കെ. ഞാനോർത്തു ഇതാരാണെന്നു്.

പൈ: റോസമ്മേ നീ ഇനിയും എന്നെ അങ്ങനെ വിളിക്കരുതു് കേട്ടോ. (പൈലി ബഞ്ചിലിരിക്കുന്നു.)

റോ: എന്നാൽ ഞാനിനിയും അപ്പാപ്പാ എന്നു വിളിച്ചോട്ടെ.

പൈ: എടീ, ഡിക്കാരം നിറുത്തണം. അതുപോകട്ടെ ഇന്നലെ ആ കൊച്ചാപ്പുച്ചേട്ടൻ ഇവിടെ വന്നില്ലേ. അപ്പോൾ എന്താണു പറഞ്ഞതു്?

റോ: അതെന്നാ പൈലിച്ചേട്ടാ കൊച്ചാപ്പുച്ചേട്ടൻ ഇവിടെ വന്നേയില്ല. പിന്നെങ്ങനെയാ പറയുന്നതു്.

പൈ: ചുമ്മാ കള്ളം പറയാതെന്റെ റോസമ്മേ. അല്ലേലും പെണ്ണുങ്ങൾ ആദ്യം ഇങ്ങനെയൊക്കെയാണെന്നാ കൊച്ചാപ്പു പറഞ്ഞതു്.

റോ: എന്തു്, കൊച്ചാപ്പു പറഞ്ഞെന്നോ! പെണ്ണുങ്ങൾ ഇങ്ങനെയാണെന്നോ! എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ, തെളിച്ചുപറയണം.

പൈ: എന്നെക്കൊണ്ടു തന്നെ പറയിക്കണമെന്നാ റോസമ്മയുടെ നിർബന്ധമെങ്കിൽ ഞാൻ പറഞ്ഞേക്കാം. പിന്നെ—ആ കല്ല്യാണക്കാര്യത്തെപ്പറ്റി കൊച്ചാപ്പ ഒന്നും പറഞ്ഞില്ലേ.

റോ: ഏതു് കല്ല്യാണക്കാര്യം?

പൈ: ഓ! ഞാനതു വിസ്തരിച്ചു പറയണമായിരിക്കും. ഇപ്പോൾ റോസമ്മ തന്നേയുള്ളല്ലോ ഇവിടെ താമസത്തിനു് (സല്പം അടുത്തിരിക്കുന്നു.)

റോ. അതു പൈലിച്ചേട്ടനു അറിയാമല്ലോ.

പൈ. എനിക്കാണെങ്കിൽ പലടത്തുനിന്നും കല്യാണക്കാരു വരുന്നു.

റോ: ഈ വയസ്സുകാലത്തോ?

പൈ: കല്യാണത്തിനു് വയസ്സുണ്ടോ? റോസമ്മ ഉദ്ദേശിക്കുന്നതുപോലെയുള്ള പ്രായമൊന്നും എനിക്കില്ല. എന്നാൽ ഇതുവരെ മനസ്സിനിണങ്ങിയ ഒരു പെണ്ണിനെ കിട്ടിയില്ല. ഇപ്പോഴാണു് അതു കയ്യിൽ വന്നതു്. (കുറച്ചുകൂടെ അടുത്തിരിക്കുന്നു.)

റോ: ആ വല്യമ്മ ആരായിരിക്കും.

പൈ: ഹ. . .ഹ. . .ഹ അതു് ഈ നിൽക്കുന്ന കൊച്ചമ്മ തന്നെ.

റോ. കഷ്ടം! തനിക്കു ലജ്ജയില്ലല്ലോ. പാവപ്പെട്ട വരോടു് എന്തും കാണിക്കാമെന്നോ, പൈലിച്ചേട്ടനായതുകൊണ്ടു് ഞാൻ അധികമൊന്നും പറയുന്നില്ല. പോരെങ്കിൽ ബേബിച്ചന്റെ

ആളമാണല്ലോ. മേലാൽ ഈ മാതിരീ പണി യുംകൊണ്ട് ഇങ്ങോട്ട വന്നേക്കരുത്. കൊ ച്ചാപ്പുച്ചേട്ടൻ കളിപ്പിച്ചതാണ്.

പൈ: ങേ...അപ്പോൾ.....

(പൈലി വിഷണ്ണനായി നിൽക്കുന്നു. കൊ ച്ചാപ്പു കൈകൊട്ടിച്ചിരിച്ചുകൊണ്ട് പ്രവേ ശിക്കുന്നു.)

കൊ: എടാ കണ്ടിനൃ പൈലി, കൊച്ചാപ്പുവിനോ ട കളിച്ചാൽ ഇങ്ങനെ ഇരിക്കും. ങേ... അ യ്യോടാ നീയോള്ളൂ റോസമ്മ നിന്റെ സ ന്തമാണെന്ന്. ഇറങ്ങെടാ മുതുകുരങ്ങേ.....

(പൈലി ക്രുദ്ധനായി പോകുന്നു. കൊച്ചാപ്പു പതുക്കെ താളം പിടിച്ചുകൊണ്ട് റോസമ്മയു ടെ സമീപേ ചെല്ലുന്നു.) റോസമ്മേ, പൈലി എന്തെങ്കിലും അനാവശ്യം പറഞ്ഞോ ങേ... പറഞ്ഞെങ്കിൽ അവനെ ഒരു പാഠം പഠിപ്പി ച്ചേക്കാം. ആങ്ഹാ...

റോ: കൊച്ചാപ്പുച്ചേട്ടാ ഇതിന്റെയൊക്കെ അത്ഥം മനസ്സിലാകുന്നില്ലല്ലോ.

കൊ: എന്റെ റോസമ്മയുടെ അടുക്കൽ വിളയാ ടാൻ ആരും വളന്നിട്ടില്ലെന്ന്. ങേ...

റോ: എന്റേതെന്നോ? ഏതുവകയിലാണ തന്റേതാ യതു്? അധികപ്രസംഗത്തിനു് ഒരതിരുവേണം ഇറങ്ങിപ്പോടോ ഇവിടുന്നു്.

കൊ: പോകണോ...പോകാം. ങേ... പക്ഷേ റോസ മ്മ ഇന്നുമുതൽ എന്റേതാണെന്നു് എനിക്കു റപ്പുതരണം.

റോ: ഛീ, ഇറങ്ങിപ്പോകണോ...അതോ ചൂലെടുക്കണോ...മൂത്തുമൂരടിച്ചിട്ടും പ്രേമിക്കാൻ വന്നിരിക്കുന്നു. ഈശ്വരാ, ഈ സാധുവിനു് ഒരിക്കലും സൈ്വരത ഇല്ലെന്നോ.

കൊ: അങ്ങനെ പിണങ്ങിയാലോ. ങേ...(തങ്കച്ചൻ കൊടുത്ത കവണി കാണിച്ചുകൊണ്ടു്) റോസമ്മയ്ക്കു് ഞാൻ നല്ല ഒരു സമ്മാനം കൊണ്ടുവന്നിട്ടുണ്ടു്—ഇതാ. (പൈലി ഒരു പത്തലുമായി ഓടിവന്നു് 'തന്റെ സമ്മാനം ഇന്നാ പിടിച്ചോ' എന്നു പറഞ്ഞു് കൊച്ചാപ്പുവിന്റെ നടുമുറിക്കു് ഒന്നു കൊടുക്കുന്നു. കൊച്ചാപ്പു 'അയ്യോ' എന്നു വിളിച്ചുകൊണ്ടു് ഭയപ്പെട്ടു മുമ്പോട്ടു ചാടുന്നു. പുറകോട്ടു തിരിഞ്ഞുനോക്കിക്കൊണ്ടു് ഓടുന്നു.)

പൈ. റോസമ്മേ അവൻ എന്നെ ചതിച്ചതാണു്. എന്റെ അറിവില്ലായ്മ ക്ഷമിക്കണം. മേലാൽ ഈ തൊഴിൽ ഞാനവർത്തിക്കുകയില്ല.

റോ: പൈലിച്ചേട്ടനോടു് എനിക്കു യാതൊരു വിരോധവുമില്ല. ഇങ്ങനെ ഒരു സംഭവം നടന്നതായി ഞാൻ ഒർക്കുക പോലുമില്ല. (കവണി എടുത്തുകൊണ്ടു്) പാവം കവണി കൊണ്ടുപോകാൻ മറന്നു പോയി. ഓ—ഹോ ഈ കവണി ഇ

തീരെ മുമ്പ് തങ്കച്ചൻ ഇവിടെ കൊണ്ടുവന്ന താണല്ലോ.

പൈ: ആരു്! തങ്കച്ചനോ? തങ്കച്ചൻ ഇവിടെ വന്നിരുന്നോ?

റോ: ഏതായാലും പൈലിച്ചേട്ടൻ ഈ കവണി എടുത്തു കൊള്ളുക.

പൈ: (കവണി വാങ്ങിയിട്ടു്) ങാ.....ഇരിക്കട്ടേ. പെരുന്നാളു ക്രൂടാൻ പോകുമ്പം തോളേൽ ഇടാമല്ലോ. ഹൊ; പെണ്ണുകെട്ടുബഹളത്തിനിടേൽ ഒരു കാര്യം മറന്നു പോയി. ബംഗ്ലാവിൽ ആരുമില്ല. ബേബിച്ചനും മറ്റും മദ്രാസിനു പോയിട്ടു് ഇതു വരെ വന്നില്ല. ഞാൻ പോകട്ടെ. (പോകുന്നു)

കർട്ടൻ

# രംഗം 13

(തെരുവിൽ ബംഗ്ളാവിലെ ഒരു മുറി. ഭ്രാന്തനായ തങ്കച്ചനെ തുടലിൽ ബന്ധിച്ചിട്ടിരിക്കുന്നു. റോസമ്മ അടുത്തുനിന്ന് ശുശ്രൂഷിക്കുന്നു.)

തങ്കച്ചൻ ഹ. . .ഹ. . .ഹ. . .മ്രാസ്. . .ഒരു കപ്പി. . . . സെലീനാ. . .നിന്നെഞാൻ. . .വേണ്ടാ അവളെ ന്നെ ഒന്നും ചെയ്തില്ല. . . .ഹ. . .ഹ. . .ഹ. . .ആ പിശാച്. പാപ്പച്ചൻ. . . . . .എടാ. . .നിന്നെ കൊല്ലുമെടാ. . . . .(റോസമ്മ മരുന്നുകൊടുക്കുന്നു. അതു മുഴുവൻ അവളുടെ മുഖത്തു തുപ്പുന്നു. ഉറക്കെ ചിരിക്കുന്നു.)ഹ. . .ഹ. . .ഹ. . .റോസമ്മേ റോസമ്മേ. . . . . .പാവം. . . . . .(പാടുന്നു)

"ആനത്തലയോളം തേങ്ങാ തരാമെടാ
പാപ്പച്ചാ നീയിങ്ങോടി വാടാ"

ഉം. . .പാടുറോസമ്മേ പാട്—പാട്. . . ഇങ്ങനെ പാട്. . .

"കപ്പലുമാങ്ങാ വട്ടംചെത്തി
തേനിലുമുക്കിത്താ" ഹ. . .ഹ. . .ഹ. . .

റോസമ്മ (ഗ്ലൂക്കോസ് കൊടുക്കുന്നു.)ഭയപ്പെടുത്തി ബഹളമുണ്ടാക്കാതെ ഇതു കഴിക്കു. ഇങ്ങനെയായാൽ വല്ലവരും കേൾക്കുകയില്ലേ.

തങ്ക. റോസമ്മേ, റോസമ്മ പാടാമെങ്കിൽ ഗ്രളിക തീന്നാം. ഹ...ഹ...ഹ...പാട്ട റോസമ്മേ പാട്ട്.

റോ. കഷ്ടം, നാണമില്ലേ. ഞാൻ പറയുന്നതു കേൾക്കു്. അല്ലെങ്കിൽ ഞാൻ പോകുകയാണു് റോസമ്മ(പോകാനൊരുങ്ങുന്നു.)

തങ്ക: വേണ്ട...വേണ്ട... ഗ്രളിക തീന്നുകൊള്ളാം. (ഗ്രളിക തിന്നുന്നു.) ഹ...ഹ... എന്തു മധുരം അയ്യടാ... (പുറത്തേയ്ക്കു നോക്കി) അതാരാ ആ വരുന്നതു്. ഹ...ഹ...ഹ...

കൊ. (പ്രവേശിച്ചു് ചുമയ്ക്കുന്നു.) തങ്കച്ചാ; എങ്ങനെയിരീക്കുന്നു ങ്ങേ...?

തങ്ക. (പെട്ടെന്നു് ചാടി എഴനേല്ക്കുന്നു.) ഛേ പട്ടീ ഇവിടെ വാടാ...നിന്നെ ഞാൻ...ഹ...ഹ...

റോ. താനെന്തിനു് ഇവിടെ കയറിവന്നു. രോഗം അല്പം കുറവായതായിരുന്നു.

തങ്ക. (ചിരിച്ചുകൊണ്ടു് മര്യാദസ്വരത്തിൽ)ആഹാ കൊച്ചാപ്പ ചേട്ടനായിരുന്നോ... എത്രനാളായി കണ്ടിട്ടു്;ഇങ്ങടുത്തു വന്നേ...എന്തുണ്ടു വിശേഷം...

കൊ: ഓ, ഒന്നുകാണാൻ വന്നതാണേ. (അടുത്തു ചെല്ലുന്നു. തങ്കച്ചൻ പെട്ടെന്നു ചാടി കൊച്ചാപ്പുവിന്റെ കഴുത്തിനു പിടിച്ചുഞെക്കുന്നു. കൊച്ചാപ്പ കാറുന്നു.)

തങ്ക: എവിടെടാ എന്റെ റോസമ്മ...എന്റെ കുഞ്ഞ്... നിന്നെക്കൊല്ലും. (പൈലി പ്രവേശിച്ച് കൈ കൊട്ടി ചിരിച്ചുകൊണ്ട് കൊച്ചാപ്പുവിനെ കളിയാക്കുന്നു. റോസമ്മ പിടിവിടുവിക്കുന്നു. കൊച്ചാപ്പു ഭയപ്പെട്ട് ഓടുന്നു. സെൻറർ കർട്ടൻ വീഴുന്നു. ബേബിയും ഡാക്ടരും പ്രവേശിക്കുന്നു.)

ബേ: (ദുഃഖത്തോടെ) അങ്ങെന്റെ പ്രാണസ്നേഹിതനാണ്. ഉപദേശകനാണ്. അങ്ങയെ ഞാൻ എപ്പോഴും സ്മരിക്കാം. എങ്കിലും ഈ കാര്യത്തിൽ എന്നെ നിർബന്ധിക്കരുതു്.

ഡാ: പ്രിയ സ്നേഹിതാ! അങ്ങനെ പറയരുതു്. സാഹോദര്യത്തിന്റെ വിലഅങ്ങേയ്ക്കറിയാമല്ലോ. തങ്കച്ചനു് ഇപ്രകാരം സംഭവിച്ചു. നാം അവനെ വേണ്ടപോലെ ശ്രുശ്രൂഷിക്കുന്നു. സുഖപ്പെടുമെന്നു് എനിക്കു് ഉറപ്പുണ്ടു്. അതുപോകട്ടെ...സെലീനായ്ക്കും അറിവില്ലായ്മകൊണ്ടു അങ്ങനെ സംഭവിച്ചു.

ബേ: അബദ്ധം...ഡാക്ടർ...അവളുടെ നാമം എനിക്കു് കണ്ണുകോരമാണു്. അതു ദയവായി ഇനിയും ഉച്ചരിക്കരുതേ.

ഡാ: ബേബിച്ചാ... ഏതു തെറ്റും ക്ഷമിക്കുവാനല്ലേ സഭ നമ്മെ ഉപദേശിക്കുന്നതു്. അതുകൊണ്ടു് നമുക്കു് അവളെ അന്വേഷിച്ചു പുറപ്പെടണം. തങ്കച്ചനെ റോസമ്മ ശ്രുശ്രൂഷിച്ചുകൊള്ളും.

റോസമ്മ (പ്രവേശിച്ചു്) നേരം സന്ധ്യയാകാറായതു കൊണ്ടു് ഞാൻ പോകട്ടെ. മരുന്നെല്ലാം കൊടുത്തു. രാവിലെ വരാം.

ഡാ. ആകട്ടെ. മുൻപിലത്തേതിലും വ്യത്യാസമുണ്ടല്ലോ. ആ ഗുളിക തിന്നില്ലേ.

റോ. ആദ്യം കൊടുത്തതു് എന്റെ മുഖത്തു തുപ്പി. എപ്പോഴും പാട്ടപാടണം. ഏതായാലും ആ മരുന്നും ഗുളികയുമെല്ലാം കഴിച്ചു.

ബേ: (ദീർഘനിശ്വാസത്തോടെ) ദൈവമേ! ഈ കരിഞ്ഞകളെല്ലാം പരിപൂർണ്ണസന്തോഷത്തോടെ സഹിപ്പാൻ എനിക്കു ശക്തി തരണമേ.

ഡാ: പേടിക്കണ്ടാ. താങ്ങാൻ പാടില്ലാത്ത കരിഞ്ഞകൾ ദൈവം നമുക്കു തരികയില്ല.

ബേ: റോസമ്മേ, സഹോദരി വളരെ കഷ്ടപ്പെട്ടന്നുണ്ടെന്നു് എനിക്കറിയാം. ദൈവം അതിനു ഫലം തരട്ടെ. റോസമ്മ രാവിലെ വരുമല്ലോ.

റോ: വരാം. എന്നാൽ ഞാൻ പോകട്ടെ.(പോകുന്നു.)

ഡാ: ഉടനെ തന്നെ നമുക്കു സെലീനായെ അന്വേഷിച്ചു പുറപ്പെടണം.

ബേ: ഡാകു്ടക്കു നിർബന്ധമാണെങ്കിൽ പോയി അന്വേഷിക്കൂ. ഞാൻ വരുന്നില്ല. പുകഞ്ഞ കൊള്ളി പുറത്തു്.

കർട്ടൻ.

# രംഗം 14

(ഒരു നാട്ടുവഴി. പോലീസ് ഇൻസ്പെക്ടർ, ഡാക്ടർ, രവി ഇവർ സംസാരിച്ചുകൊണ്ട് പ്രവേശിക്കുന്നു)

രവി: പാപ്പച്ചൻ; വഞ്ചകൻ—ആ നീചനെ ഞാൻ അന്നു തന്നെ ശരിപ്പെടുത്തിയേനേ. പക്ഷേ തങ്കച്ചനെ ഓർത്ത് ഞാനങ്ങു ക്ഷമിച്ചു.

ഡാ: വിവരങ്ങളൊക്കെ മുമ്പുതന്നെ എന്നെ ധരിപ്പിച്ചിട്ടുണ്ടല്ലോ.

ഇൻ: പ്രതിയുടെ താമസസ്ഥലം അടുത്തോ?

ര: വീട് നല്ല നിശ്ചയമില്ല. എന്നാവരുകിലും ഇവിടെ അടുത്തു തന്നെ ആണെന്നാണ് എന്റെ അറിവ്.

ഡാ: സെലീനാ ക്രൂടത്തന്നെ കാണുമായിരിക്കും.

ര. അത്ര അകലെയൊന്നും പോകുവാൻ അവളെക്കൊണ്ടു സാദ്ധ്യമല്ല. അവൾ ഗർഭിണിയാണെന്നുള്ള വസ്തുത ഒരു പക്ഷേ ഡാക്ടർ അറിഞ്ഞിട്ടില്ലായിരിക്കാം.

ഡാ. എന്തു്! അവൾ ഗർഭിണിയെന്നോ! ഈശ്വരാ അതാണ് ബാംഗ്ലാവിൽ വച്ച് എൻറടുത്തു വരുവാൻ അവൾ മടിച്ചതു്. ഹോ! ഭയങ്കരം. ഭയങ്കരം. . . . . .

ഇൻ. അതൊന്നും അത്ര ഭയങ്കരമല്ല. പോരെങ്കിൽ ഇന്നത്തെ കാലം.

ര: എന്റെ വൈരാഗ്യം തീർപ്പാനായി ഞാനവനെ അന്വേഷിച്ചുനടക്കുകയായിരുന്നു. നാം തമ്മിൽ കണ്ടുമുട്ടിയതു് അതിനൊരു തടസ്സമായി.

ഇൻ: രവി ഒരുതരത്തിലും പകരം ചോദിയ്ക്കണ്ടാ. അവനെ ഞാൻ വേണ്ടതരത്തിൽ ശരിപ്പെടുത്തിക്കൊള്ളാം. എന്റെ പക്കൽ അറസ്റ്റ് വാറണ്ടു് ഉണ്ടു്. സമയം വളരെ ചുരുക്കമാണു്. ഒട്ടും താമസിക്കരുതു്. വേഗംപോകാം. (മൂവരും പോകുന്നു. പുറകെ പെട്ടെന്നു് പാപ്പച്ചൻ പ്രവേശിക്കുന്നു.)

പാ: (പരിഭ്രമത്തോടെ) ആരു്? ഡാക്ടർ, രവി, ക്രൂടെ പോലീസ് ഇൻസ്പെക്ടറും. ഹോ; ഇനിയും രക്ഷയില്ല. അവർ എന്നെ കൊല്ലും. ഉടനെ കടക്കണം (അകത്തേക്കു് ഓടുന്നു. അല്പനിമിഷങ്ങൾക്കുശേഷം സെൻറർ കർട്ടൻ ഉയരുന്നു. ഇടതിയിൽ പാപ്പച്ചൻ ഒരു ബാഗുമായി പ്രവേശിക്കുന്നു. മറുവശത്തുക്കൂടെ ഗർഭിണിയായ സെലീനാ പ്രവേശിച്ചു് പാപ്പച്ചനെ തടഞ്ഞുകൊണ്ടു്)

സെ: നിൽക്കുവിടെ. നിങ്ങൾ എവിടെ പോകുന്നു.

പാ: എനിക്കു് ഇഷ്ടമുള്ളിടത്തു്. നിനക്കു് അറിഞ്ഞിട്ടു് എന്തുകാര്യം?

സെ: അറിഞ്ഞിട്ട് കായ്മെന്തെന്നോ. എനിക്ക് അ
റിഞ്ഞേ മതിയാക്കൂ.

പാ: ദുഷ്ടേ! മാറിനിൽക്കൂ. പോലീസ് അട്ടത്തെ
ത്തിക്കഴിഞ്ഞു. ഓരോരുത്തക്കും അവരവരു
ടെ ജീവനെ കരുതിയിട്ടേ മറ്റുകായ്മുള്ളൂ.

സെ: അപ്പോൾ എന്റെ ജീവൻ ജീവനല്ലെന്നോ?

പാ: നിന്റെ ജീവൻ. എടീ—ദ്രോഹി, സ്വന്തം സ
ഹോദരനെ കൊല്ലുന്നതിനും പോലും മടിക്കാ
ത്ത നിനക്ക് ജീവനുണ്ടോ? ഉം... മാറി നി
ല്ല്. (പോകാനൊരുങ്ങുന്നു. സെലീനാ തട
യുന്നു)

സെ: നിങ്ങളുടെ രക്ഷയ്ക്കും സുഖത്തിനും വേണ്ടി—
അതെ, അങ്ങയെ വിശ്വസിച്ച് ഞാൻ ചെ
യ്തതെല്ലാം തെറ്റാണെന്നോ?

പാ: അതു് ശരിയോ തെറ്റോ എന്നു നോക്കേണ്ട
ആവശ്യം എനിക്കില്ല. എനിക്കു പോകണം.

സെ: ഛേ... ദുഷ്ടാ ദ്രോഹി... (കരഞ്ഞുകൊണ്ടു്)
ഞാനെന്തിനു പറയുന്നു. അങ്ങാണു് ഈ നി
ലയിൽ എന്നെ എത്തിച്ചതു്. പാവനമായ
എന്റെ ജീവിതത്തെ അങ്ങയുടെ പാദത്തി
ങ്കൽ കാണിക്കവച്ച എനിക്കു ലഭിച്ച പ്രതി
ഫലം. ദൈവമേ, ഇതോ എന്റെ വിധി...
(കരയുന്നു.)

പാ: എടീ, മനുഷ്യനു് പണം സുഖം ഇതുരണ്ടുമാ
ണു് ആവശ്യം. ഇതിനായിട്ടത്രേ അവൻ ജീ

വിക്കുന്നത്. ജീവിതം ആനന്ദപ്രദമാക്കുന്നതിനുവേണ്ടിമാത്രം അവൻ ഒരു സ്ത്രീയെ വശത്താക്കുന്നു.

സെ: അപ്പോൾ പുരുഷന്റെ മോഹശമനത്തിനു മാത്രമുള്ള ഒരുപകരണമാണോ സ്ത്രീ?

പാ: എന്നെ സംബന്ധിച്ചിടത്തോളം അതതുയും പരമാത്മാണ്. അപ്രകാരമുള്ള ആനന്ദം മാത്രമേ ഈ ലോകത്തിൽ ഞാൻ തേടുന്നുള്ളൂ. (പരിഭ്രമത്തോടെ ഒരു വശത്തേക്കു നോക്കുന്നു.)

സെ: അങ്ങെന്താണീ പറയുന്നത്. എന്റെ ജീവനിൽ ജീവനായി അങ്ങയെ ഞാൻ പൂജിച്ചു. സഹോദരങ്ങളേപ്പോലും തൃണവൽ ഗണിച്ച് അങ്ങയെ ഞാനാരാധിച്ചു. (കരയുന്നു) ശരീരവും ആത്മാവും എന്നുവേണ്ടാ എന്റെ സർവസ്വവും അങ്ങിൽ ഞാനർപ്പിച്ചു. എന്നിട്ട് എന്നെ അന്ധകാരത്തിലേക്കു വലിച്ചെറിഞ്ഞിട്ട്, സുഖിക്കുവാനായി അങ്ങ് ഓടിപ്പോകുന്നു...ഇതെന്തൊരു മായ്കം...എന്തൊരു ന്യായം...

പാ: എടീ, നിന്റെ വേദാന്തം കേൾക്കുവാൻ എനിക്ക് സമയമോ സൗകര്യമോ ഇല്ല. ഞാൻ എന്റെ വഴിക്കുപോകുന്നു. (പോകാൻ ഭാവിക്കുന്നു)

സെ: (തടഞ്ഞുകൊണ്ട്) എന്റെ ഉദരത്തിൽ കീടക്കുന്ന അവിട്ടത്തെ അരുമശിശുവിനെ ഓത്തെങ്കിലും അങ്ങനെ ഉപേക്ഷിക്കരുതേ.

പാ: ശിശുവോ! ഹ. . ഹ. . .ഹ. . . ശിശു! ആരുടെ ശിശു. കുബേരകുമാരിക്ക് സാധാരണക്കാരന്റെ ശിശുവോ? ഛേ. . . അബദ്ധം.

സെ: ഛീ ദുഷ്ടാ, നന്ദികെട്ട നായേ; ദരിദ്രനായ നിന്നെ എന്റെ വാത്സല്യ സഹോദരൻ ഈ നിലയിൽ എത്തിച്ചു. എടാ മൂഢമേ. . .അദ്ദേഹത്തിന്റെ അരുമസഹോദരിയേ ഭംഗി വാക്കുകളാൽ വിശ്വസിപ്പിച്ച് നിന്റെ ആഗ്രഹ നിവൃത്തിക്കുശേഷം തെരുവിലെ ഓടയിൽ തള്ളുവാൻ തുനിയുന്ന നീ ഒരു മനുഷ്യനോ? എന്നെ കൊല്ലുക. മലിനമായ എന്റെ ജീവിതം ഇതോടെ അവസാനിക്കട്ടെ. . . . (സെലീനാ പാപ്പച്ചന്റെ കാൽക്കൽ വീഴുന്നു. പാപ്പച്ചൻ തൊഴിക്കുന്നു.)

പാ, നീ ഇനി ജീവിക്കണ്ടാ. (കൈത്തോക്കെടുക്കുന്നു. പെട്ടെന്ന് രവി പ്രവേശിച്ച് പാപ്പച്ചന്റെ കൈക്കു തട്ടുന്നു. തോക്ക് തെറിച്ചുവീഴുന്നു. പാപ്പച്ചൻ തോക്കെടുത്തുകൊണ്ട് അകത്തേക്കു ഓടുന്നു; പുറകെ രവിയും. ഇൻസ്പെക്ടരും ഡോക്ടരും ഓടിവരുന്നു.)

ഇൻ: നിൽക്കവിടെ, അമ്പടാ അവന്റെ ഓട്ടം. (ഇൻസ്പെക്ടർ അകത്തേക്കു ഓടുന്നു. ഡാക്ടർ സെലീനായെ പരിശോധിക്കുന്നു.)

ഡാ: ഹോ! ഭയങ്കരം. ഇവളെ ഉടൻ ആശുപത്രിയി
ലാക്കണം. (കട്ടൻ വീഴുന്നു; വീണ്ടും പൊങ്ങുന്നു)

പാ. (ഓടി പ്രവേശിച്ചു) രക്ഷയില്ല. അവർ എ
ന്നെ കൊല്ലാതെ കൊല്ലും. (അണയ്ക്കുന്നു) ഇ
വൻ ജീവിച്ചിടത്തോളം സുഖമായി ജീവിച്ചു.
ആക്കും കീഴ്പ്പെടുവാൻ തീരുമാനിച്ചിട്ടില്ല.
മരിക്കുക തന്നെ. (തന്നത്താൻ വെടിവെക്കു
ന്നു. മരിച്ചുവീഴുന്നു. രവിയും ഇൻസ്പെ
ക്ടരും ഓടിക്കിതച്ചു പ്രവേശിക്കുന്നു.)

ര. ഹാ ചതിച്ചു. ദുഷ്ടൻ...

ഇൻ. നിന്നെ അറസ്റ്റ് ചെയ്തിരിക്കുന്നു.

ര. ശവത്തെ എന്തിനാണ് അറസ്റ്റു ചെയ്യു
ന്നത്.

കർട്ടൻ.

## രംഗം 15

(ബേബിച്ചന്റെ ബംഗ്ളാവിലെ വിസിറ്റിംഗ് റൂം. ഡോക്ടരും ബേബിച്ചനും സംസാരിച്ചുകൊണ്ട് പ്രവേശിക്കുന്നു.)

ഡാ: ഞാൻ പറയുന്നതു് ഒരു പ്രാവശ്യംകൂടെ അനുസരിക്കുക. ഇനിമേലാൽ ഞാൻ നിർബന്ധിക്കുകയില്ല.

ബേ: ഡാക്ടർ ജോസ്;അങ്ങെന്താണിപ്പറയുന്നതു്. അവൾ എവിടെയെങ്കിലും പോയി തുലയട്ടെ. കഷ്ടം! കുടുംബത്തിന്റെ അഭിമാനം നശിപ്പിച്ച ആ കുലടയെ ഇനിയും ഇവിടെ കയറണമെന്നോ?

ഡാ: കാര്യമൊക്കെശരി. അവൾ അങ്ങനെ പിഴച്ചുപോയി. അതെ, സാഹചര്യം അവളെ പിഴപ്പിച്ചു. ഏതായാലും ആ കുട്ടി മരിച്ചു. അവളെ ജീവനോടുകൂടെ കിട്ടിയതുതന്നെ വലുതായ ദൈവാനുഗ്രഹമെന്നുവേണം വിചാരിക്കുവാൻ. സംഭവസമയത്തു് ഞാനവിടെ എത്തിയില്ലായിരുന്നുവെങ്കിൽ അവളെ ജീവനോടെ കാണാൻപോലും സാധിക്കുകയില്ലായിരുന്നു.

ബേ: ഹേ; ഡോക്ടർ മറ്റുവല്ല സംഗതികളുമുണ്ടെങ്കിൽ പറയൂ. ആ വേശ്യയുടെ കാര്യം കള. എന്നെ ഇനിയും വിഷമിപ്പിക്കരുതേ.

ഡാ: മാപ്പ് ഇരക്കുന്നവർക്ക് മാപ്പുകൊടുക്കുക തന്നെ വേണം. ക്രിസ്തുനാഥൻ നമ്മെ പഠിപ്പിക്കുന്നതും അതുതന്നെയല്ലേ. നമ്മുടെ നാഥനായ അവിടുന്ന് ക്ഷമയുടെ മഹനീയ മാതൃകതന്നെയല്ലയോ? പിന്നെ നമുക്കെന്തുകൊണ്ട് ക്ഷമിച്ചുകൂടാ. തങ്കച്ചനും സെലീനായും അവരുടെ പ്രവൃത്തിയുടെ ഫലം ശരിയായി അനുഭവിച്ചു—അനുഭവിച്ചുകൊണ്ടുമിരിക്കുന്നു. അവർ കരയാത്ത നിമിഷങ്ങൾ ഇല്ലതന്നെ...

ബേ: ഹ...ഹ...ഹ...കൊള്ളാം. അവർ കരയാത്ത നിമിഷങ്ങൾ ഇല്ലെന്നോ. ഡാകിടക്കു തെറ്റിപ്പോയി. അവർ ചിരിക്കാത്ത നിമിഷങ്ങൾ ഇല്ലെന്ന് തിരുത്തിപ്പറയൂ.

ഡാ: നമ്മുടെ തങ്കച്ചനു് ഇപ്പോൾ വളരെ കുറവുണ്ടു്. ഇനിയും ക്ലേശതലായിട്ടുള്ളതു് മാനസികരോഗമാണു്. രവി, സെലീനാ എന്നൊക്കെ ക്ലേശിച്ചു വിളിക്കുന്നതു് ബേബിച്ചൻ കേൾക്കുന്നില്ലേ. അതിനാൽ കഴിയുന്നതും വേഗം സെലീനായെ വരുത്തണം. തങ്കച്ചന്റെ രോഗശാന്തിക്കു് അതാണു് ഇനി ആവശ്യം.

ബേ: വേണ്ട...വേണ്ട അവർ ഈ വീട്ടിൽ കാലുകുത്തുവാൻ ഞാൻ അനുവദിക്കുകയില്ല. ആ കാര്യം മേലാൽ ആലോചിക്കുകയേ വേണ്ടാ.

ഡാ: എന്റെ ബേബിച്ചാ ഇങ്ങനെ നിർബന്ധം തുടങ്ങിയാലോ. ഈ ഒരൊറ്റ പ്രാവശ്യം ക്ഷ

ടെ എന്റെ ആപ്തമിത്രം എന്നെ അനുസരിക്കുകയില്ലെന്നോ? ദൈവാനുഗ്രഹം നമ്മുടെ മേൽ ധാരാളമായി ചൊരിയപ്പെട്ടിട്ടുണ്ടു്. അല്ലെങ്കിൽ ആ ദുഷ്ടൻ സെലീനായെ തീർച്ചയായും കൊന്നേനെ. അവളുടെ ഈ ദയനീയാവസ്ഥയിൽ നാം അവളെ ഉപേക്ഷിച്ചാൽ ഒരുപക്ഷെ ആത്മഹത്യയ്ക്കു് ഒരുമ്പെട്ടേക്കും. . . . .

ബ്രേ: ഇങ്ങനെയുള്ളവർ എന്തിനു ജീവിക്കണം. അവൾ എവിടെയെങ്കിലും പോകട്ടെ. എന്തെങ്കിലും ചെയ്യട്ടെ.

ഡാ: അസഹ്യമായ വിഷമം കൊണ്ടാണു് ഇങ്ങനെ പറയുന്നതെന്നു് എനിക്കറിയാം. എന്നാലും അതു ശരിയല്ല. അവളെ തിരസ്കരിക്കുന്നതു് നമ്മുടെ ആദർശത്തിനു് ഒരു നാളും യോജിച്ചതല്ല. പശ്ചാത്താപക്കണ്ണീരിനാൽ അവളുടെ പാപങ്ങൾ ക്ഷാളനം ചെയ്തുകഴിഞ്ഞിട്ടുണ്ടെന്നു് എനിക്കു നല്ലവണ്ണം അറിയാം. അവൾ ഇപ്പോൾ സുരക്ഷിതമായി കഴിയുന്നു. കഴിയുന്നതും വേഗം ഇവിടെ കൊണ്ടു വരുവാൻ വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്തിട്ടുണ്ടു്.

ബ്രേ: അതു വേണ്ടായിരുന്നു; ഡോക്ടർ.

രവി: (പ്രവേശിച്ചു്) എന്താ ബ്രേബിച്ചാ എന്നെ ഓർക്കുന്നുണ്ടോ?

ബ്രേ: ഓ, മിസ്റ്റർ രവി; ക്ഷമിക്കണം. സത്യാവസ്ഥ പിന്നെയാണു മനസ്സിലായതു്.

രവി: അതൊക്കെ പോകട്ടെ. തങ്കച്ചന്റെ എങ്ങനെയിരിക്കുന്നു.

ഡാ: വളരെ സുഖമുണ്ട്. സ്ഥിരബുദ്ധിയുണ്ടായിട്ടുണ്ടെന്നുതന്നെ പറയാം. (പെട്ടെന്ന് സെലീനാ പ്രവേശിച്ച് ബേബിച്ചന്റെ കാലിൽ കെട്ടിപ്പിടിച്ചു കരയുന്നു. രവിയും ഡോക്ടറും പുറകോട്ടു മാറുന്നു. ബേബിച്ചൻ ഒരു പാവപോലെ നിൽക്കുന്നു.)

സെ: എന്റെ പ്രിയപ്പെട്ട ബേബിച്ചാ; ഞാൻ അനേകം തെറ്റുകൾ ചെയ്തുപോയി. എന്നോടു ക്ഷമിക്കണമേ. എന്റെ ബേബിച്ചാച്ചനല്ലേ.....(കരയുന്നു. ബേബിക്ക് യാതൊരു ചലനവുമില്ല.) എല്ലാം എന്റെ അറിവില്ലായ്മകൊണ്ട് വന്നതാണ്.....എന്നെ ഒന്നു നോക്കുക പോലുമീല്ലേ...ഞാൻ പാപിനിയാണ്...എന്റെ തെറ്റുകൾ എല്ലാം ഞാൻ ഏറ്റു പറയുന്നു...ഞാൻ മുഴുവൻ തെറ്റുകാരിയാണ്... എനിക്കു മാപ്പുതരണേ... ബേബിച്ചാച്ചാ...


ബേ: വേണ്ടാ, നീ എന്റെ സഹോദരിയല്ല. എന്നെ ധിക്കരിച്ചു നന്ദികെട്ടവളല്ലേ നീ. പോ–ദൂരെ പോ. എന്റെ കൺമുൻപിൽ നിന്നു പോ. (ബേബി മാറിനിൽക്കുന്നു. സെലീനാ ഓടിച്ചെന്ന് വീണ്ടും കാലുപിടിക്കുന്നു.)

സെ. അയ്യോ! എന്നെ ഉപേക്ഷിക്കരുതേ.. ഇതിനെല്ലാം കാരണം ഞാൻതന്നെ. തെറ്റു ചെയ്തവൾ

ഞാനാണ്. . .ഫലവും അനുഭവിച്ചുകഴിഞ്ഞു. ബോബിച്ചാച്ചാ...മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാരെ ഓർത്തെങ്കിലും എന്നോടു ക്ഷമിച്ചിരിക്കുന്നു എന്നു് ഒരു വാക്കു പറയണമേ. ഞാൻ സന്തോഷമായി മരിച്ചുകൊള്ളാം. എവിടെയെങ്കിലും. . .പോയി. . .

ബോ: (സെലീനായെ പിടിച്ചെഴുനേല്പിക്കുന്നു.) വേണ്ടാ എന്റെ സെലീനാ; ഇനി എങ്ങും പോകണ്ടാ. ഇനിയുമുള്ള കാലം ഈ ബംഗ്ലാവിൽ സുഖമായി താമസിച്ചുകൊള്ളുക. . .ഹാ. . . . . ഈശ്വരാ. . . . . .

കർട്ടൻ



## രംഗം 16

(തെരുവിൽ ബംഗ്ളാവിലെ ഒരു മുറി. തങ്കച്ചൻ കസേരയിൽ ഇരിക്കുന്നു.)

രവി. (പ്രവേശിച്ചു്) എന്താ തങ്കച്ചാ ഓക്കുന്നുണ്ടോ, എന്നെ; ആ രവിയെ?.

ത: ആരു് രവിയോ? കഷ്ടം. . .എന്റെ സ്നേഹിതനായ രവിയോ? ഹാ ഞാനോക്കുന്നുണ്ടു്.(ആശ്ലേഷിച്ചുകൊണ്ടു്) രവീ ക്ഷമിക്കണം. പാപ്പച്ചനാണു് എന്നെ ചതിച്ചതു്.

ര. അതൊന്നും സാരമില്ല. അവന്റെ കായ്യം കഴിഞ്ഞു. പോലീസിന്റെ കയ്യിൽ കിട്ടുന്നതിനുമുമ്പു് തന്നത്താൻ വെടിവച്ചു് മരിച്ചുകളഞ്ഞു.

ത. ഹാ അവനെ അരിഞ്ഞരിഞ്ഞു കൊല്ലേണ്ടതായിരുന്നു.

റോ. (പ്രവേശിച്ചു്) അല്പം മരുന്നതരട്ടെ. നേരം ഉച്ചയാകാറായീ.

ത. പിന്നെന്താ, റോസമ്മ ഒന്നു പാടിയാൽ ഞാൻ മരുന്നു കുടിക്കാം. (റോസമ്മ പാടാൻ മടിക്കുന്നു.)

റോ: വലിയ നിർബന്ധമാണല്ലോ. എപ്പോഴും പാടണമോ?

ര. പാടിക്കൊടുക്കു; ഞാൻ മാറിയേക്കാം.

ത. പാടില്ല. രവി പോകണ്ടാ..ഉം,പാട്ടറോസമ്മേ.
(റോസമ്മ പാട്ടുന്നു. തങ്കച്ചൻ ക്രൂടെപ്പാട്ടുന്നു)
(ഗാനം ന.6) പാടിത്തീരുമ്പോൾ ബേബിയും
ഡോക്ടരും പ്രവേശിക്കുന്നു.)

ഡാ. ഓഹോ, തങ്കച്ചൻ മിടുക്കനായിപ്പോയല്ലോ.

ബേ. അവനെന്റെ അനുജനല്ലേ...

ഡാ. ഇപ്പോൾ സെലീനാക്രൂടെ ഉണ്ടായിരുന്നെങ്കിൽ— അല്ലേ തങ്കച്ചാ.

ത. (കോപത്തോടെ) ഹ...ഹ...ഹ...സെലീനാ
അവളുടെ നാമം ആരും ഉച്ചരിച്ചുപോകരുതു്.
സെലീനാ...ദുഷ്ട...
(സെലീനാ പതുക്കെ പ്രവേശിക്കുന്നു.)

ത. എടീ ചണ്ഡാളീ, നീയെന്തിനു് ഇവിടെ കയറിവന്നു.(അടിക്കാൻ ചാടുന്നു. ബേബി തടയുന്നു)

ബേ. ഛേ... അവൾ ഇപ്പോൾ ദുഷ്ടയല്ല. ഉത്തമയാണു്.

ത. ഉത്തമ...എടീ വേശ്യേ, നീ ഇവിടെ നിന്നു് ഉടൻ ഇറങ്ങണം. അല്ലെങ്കിൽ.....(തങ്കച്ചൻ വീണ്ടും അടുക്കുന്നു. ബേബിച്ചൻ തടയുന്നു. സെലീനാ കരയുന്നു.)

ബേ. തങ്കച്ചാ സമാധാനമായിരിക്കൂ. അവൾ കണ്ണുനീരോടുകൂടി മാപ്പപേക്ഷിച്ചുകഴിഞ്ഞു. ഞാനെല്ലാം ക്ഷമിച്ചു.

ത. വേണ്ട...വേണ്ട...ഇവൾക്കു മാപ്പു കൊടുക്കുവാൻ പാടില്ല.

ഡാ. എന്നാലും ഇവൾ സഹോദരിയല്ലേ.

തങ്ക. അല്ലഡോക്ടർ;ഇവളെന്റെ സഹോദരിയല്ല. ഇവളെ ഇവിടെ നിന്നു് ഓടിച്ചേ ഞാനടങ്ങൂ.

(പൈലി പ്രവേശിക്കുന്നു)

പൈ. ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു പൊറുക്കുക എന്നല്ലേ നമ്മളെന്നും അന്നന്നയപ്പത്തിൽ ചൊല്ലുന്നതു്. ബ്രേബിച്ചനാണെങ്കിൽ തങ്കച്ചനോടും ക്ഷമിച്ചു. സെലീനാമ്മയോടും ക്ഷമിച്ചു. ഇനിയും തങ്കച്ചനങ്ങു ക്ഷമിച്ചാലെന്താ?

തങ്ക. ക്ഷമിച്ചാൽ മതിയോ? ഇവളെ ഇനിയും നാം എന്തുചെയ്യും. ചാരിത്ര്യം നശിച്ച ഇവളെ ആരെങ്കിലും വിവാഹം കഴിക്കാൻ സമ്മതിക്കുമോ? (സെലീനാ കരയുന്നു)

പൈ. തങ്കച്ചൻ അങ്ങനെയൊന്നും പറയണ്ടാ. ബ്രഹ്മചര്യം നശിച്ചവരും ഇക്കൂട്ടത്തിൽ ഉണ്ടല്ലോ. ഒരാളെത്തന്നെ കുറ്റം പറയണ്ടാ.

ഡാ. ഇതെന്തുസംസാരമാണു പൈലിച്ചേട്ടാ. തങ്കച്ചാ ഞാൻ പറയുന്നതു ശ്രദ്ധിക്കൂ. കരഞ്ഞുകരഞ്ഞു് കണ്ണുനീരിനാൽ കറകളെല്ലാം കഴുകി പരിശുദ്ധയായ ഒരു സ്ത്രീയാണു് സെലീനാ.

തങ്ക. ഡോക്ടർ, ഇവളോടു് എല്ലാം ക്ഷമിക്കാം. എന്നാലും ഇവളെ എങ്ങനെ വിവാഹം കഴിപ്പിക്കും.

ഡാ. അത്ര ഭയങ്കരമാണോ ഈ ലോകം. തെറ്റു കൾ ക്ഷമിക്കുവാൻ തക്ക കരുത്തുള്ളവർ ഈ ലോകത്തിലില്ലേ?

പൈ. പണമുണ്ടെങ്കിലാണോ കെട്ടിക്കാൻ വിഷമം.

സെ: എന്നെ ഓർത്തു് ആരും വിഷമിക്കേണ്ട. എല്ലാവരും എന്റെ തെറ്റുകൾ ക്ഷമിച്ചു് എനിക്കു മാപ്പുതന്നാൽ മതി. ഞാൻ എവിടെയെങ്കിലും പൊയ്ക്കോള്ളാം. (കരയുന്നു)

ബ്വെ. എന്താണിപ്പറയുന്നതു്?സെലീനാ, നീ പ്പോടയ സമാധാനത്തോടുക്കുടെയിരിക്കു്. വേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം.

തങ്ക. എന്തുചെയ്യാനാണു്. ഉടൻതന്നെ എന്തെങ്കിലും തീരുമാനം ചെയ്യണം.

ഡാ: ശരി. ഞാനൊരു തീരുമാനത്തിൽ എത്തിയിട്ടുണ്ടു്.

ബ്വെ: എന്താണു ഡാക്ടർ, വേഗം പറയണം.

ഡാ: പറയാം, സെലീനായ്ക്കു് ഇഷ്ടമുണ്ടെങ്കിൽ ഇവളെ വിവാഹം കഴിക്കുവാൻ ഞാൻ തയാറാണു്.

ത. എന്തു്!

ബ്വെ. എന്തു്! ഡാക്ടർ ഈ പറയുന്നതു് സത്യം തന്നെയോ?

ഡാ. അതേ. പരിശുദ്ധമായ സത്യമാണു്.

സെ. ഇല്ല, ഞാനൊരു പാപിനിയാണു്. ഞാൻ ആരുടേയും ഭാര്യയായിരിക്കാൻ യോഗ്യതയുള്ളവളല്ല. അതിനാൽ...

ഡോ. എല്ലാം ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അടുത്തുതന്നെ വിവാഹം നടത്തണം.

പൈ. (കൈകടിച്ചുകൊണ്ട്) അയ്യട മനമേ, അങ്ങനെ വരട്ടെ, എന്റെ ആഗ്രഹവും അതുതന്നെ ആയിരുന്നു.

ത. ഹാ— എത്ര സന്തോഷപ്രദമായ ഒരന്തരീക്ഷം. എനിക്ക് ഏതോ ഒരു സുഖം തോന്നുന്നു.

ബ്വേ. ഹൃദയം നിറഞ്ഞുതുളുമ്പുന്ന സന്തോഷത്തോടെ ഞാൻ ചില കായ്ങ്ങൾ പറഞ്ഞുകൊള്ളട്ടെ. സ്നേഹം പ്രതിസ്നേഹത്താൽ മാത്രമേ കടം വീട്ടുകയുള്ളൂ.

ര. എല്ലാവരും ഇരിക്കൂ;ബ്വേബിച്ചൻ ഒരു പ്രസംഗത്തിനുള്ള ഒരുക്കമാണ്.

ബ്വേ. ഓ, ഇരിക്കണമെന്നും മറുമില്ല: എനിക്കധികമൊന്നും പറയുവാനില്ല. എന്റെ ആത്മാർത്ഥസ്നേഹിതൻ ഡാക്ടർ ജോസും സെലീനായും തമ്മിലുള്ള വിവാഹം നടന്നു കാണുവാൻ ഞാൻ നേരത്തെ ആഗ്രഹിച്ചിരുന്നു. എന്റെ ആശ ഇന്നു സഫലമായി. എന്നാൽ നമ്മുടെ കടമയ്ക്കും സ്നേഹത്തിനും അർഹയായ ഒരു സ്ത്രീരത്നം ഉണ്ട്. അതാ, നമ്മുടെ പുറകിൽ വിനയവതിയായി കാണപ്പെടുന്ന റോസമ്മ. മലബാറിനുപോയി നശിച്ചെങ്കിലും പുരാതനമായ തെങ്ങുംമൂട്ടിൽ കുടുംബത്തിലെ ഒരു വെള്ളിനക്ഷത്രമാണ് ഇവൾ. ഡോക്ടറോടൊപ്പം

ഇവളും സഹായിക്കുവാൻ ഇല്ലായിരുന്നെങ്കിൽ തങ്കച്ചന്റെ അവസ്ഥ ഇന്നെന്തായിരുന്നു. വാസ്തവത്തിൽ റോസമ്മ എന്റെ സഹോദരിയായി ജനിക്കാനുള്ളവളായിരുന്നു. ഇവളെ ഈ കുടുംബത്തിലേക്കു സ്വീകരിക്കുവാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു.

പൈ: ഞാനാണെങ്കിൽ അതു പറയാൻ തുടങ്ങാൻ ഒരുങ്ങുകയായിരുന്നു.

ബേ: തങ്കച്ചാ?

ത: എന്തോ.

ബേ: റോസമ്മേ?

റോ: എന്തോ.

ബേ: നിങ്ങൾ മാതൃകാ ദമ്പതികളായി ഈ തെരുവിൽ കുടുംബത്തെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തുക.

പൈ. അയ്യോടാ! ഇതെന്തുകളിയാ. ഞാൻ വിചാരിച്ചതു°....

ബേ. റോസമ്മേ! സെലീനാ! നിങ്ങളുടെ ദാമ്പത്യജീവിതം ഏറ്റവും സ്നേഹം നിറഞ്ഞതും അഭിവൃദ്ധികരവും ആയിത്തീരുവാൻ നമുക്കു പ്രാർത്ഥിക്കാം. ഒരു കാര്യംകൂടെ. നിങ്ങളെല്ലാം ഉപേക്ഷിച്ചുപോയിട്ടും എന്നെ വേണ്ടവിധം സഹായിച്ചുകൊണ്ടിരുന്ന പൈലിച്ചേട്ടനോടു° എനിക്കുള്ള പ്രത്യേക വാത്സല്യത്തെക്കരുതി

നമ്മുടെ വക "തൊണ്ണൂറാംകാലാ" ഇഷ്ടദാനമാ
യി തരുന്നു. പ്രിയപ്പെട്ട സഹോദരരേ, ഞാൻ
അനേക നാളായി ആഗ്രഹിച്ചിരുന്ന മിഷ്യൻ
വേലയ്ക്കായി അടുത്തദിവസംതന്നെ വടക്കെ
ഇൻഡ്യയിലേയ്ക്ക് പുറപ്പെടുന്നു. അതിനാൽ
കാര്യങ്ങളൊക്കെ ഇത്ര മംഗളമായിത്തീർന്നതി
ന് നമുക്ക് ഈശ്വരനെ സ്തുതിക്കാം.

കർട്ടൻ.

ശുഭം.

# പാട്ടുകൾ.

രംഗം 1. ഗാനം 1.

റോസമ്മ–ലൂസി (പ്രവേശിതയായി...എ. മ.)

സ്നേഹമേറും സോദരിയായിനിയേതുനാൾവരുമോ–?
ആരുതാനിനിയാശ്രയം മമ ജീവിതം കരുണാർദ്രം
സ്നേഹമേറും...
ഐഹികവാദികൾ ഏറെയലട്ടിടാം
ആകുലചിന്തകൾ ചേരാം
കപടത, കൈതവം കഠിനതയെന്നിയേ
സ്നേഹിതരൊന്നിച്ചു വാഴ്ക–
സ്നേഹിതരൊന്നിച്ചു വാഴ്ക. (സ്നേഹമേറും)

പ്പെലി. (തുള്ളൽ)

കഷ്ടം കലിയുഗകാലംവന്നു
കൈമണിവേണം കാര്യംകാണാൻ
യജമാൻ മുൻപിൽകാര്യംകാണാൻ
കൊച്ചമ്മയ്ക്കാരു കൈമണിവേണം.
ആഫീസിന്നകമേറിയിറങ്ങാൻ
പ്യൂണന്മാക്കും കൈമണിവേണം.
കത്തുകൾ നേരെ കിട്ടണമെങ്കിൽ
പോസ്റ്റൽപ്യൂണിനുകൈമണിവേണം.
നല്ലൊരുനടനായ് തീരണമെങ്കിൽ
പ്രൊഡ്യൂസക്കൊരു കൈമണിവേണം.
വിദ്യാന്മാരൊരു കൈമണിയായാ-
ലടിപേടിച്ചു വിരണ്ടോടണ്ടാ.
വിജയം നിശ്ചയമതുമായാർക്കും
വൈരികളാകില്ലവരൊരുനാളും.
വേഗം കൈമണിയാകണമെങ്കിൽ
പൊങ്ങിക്കൈമണിനീട്ടിയടിക്ക.
നല്ലൊരുകൈമണിയായിത്തീരാൻ
ചതുരതവേണം ചന്തംവേണം.
ഓവർലോഡുകയറാം വണ്ടിയി-
ലൊന്നേ വേണ്ടൂ കൈമണിതന്നെ.
ഇടിപേടിച്ചു വസിക്കേണ്ടെങ്കിൽ
പി. സി. മാക്കും കൈമണിവേണം.



ഗാനം 3. രംഗം 6 ആരംഭത്തിൽ സെലീനാ പാടുന്നു.

(തങ്കക്കിനാക്കൾ...എ. മ.)

വന്നു വസന്തം, മമ പ്രിയയേശൻ
സന്തോഷദായകനായ് വേഗം
ആനന്ദസൂനം വിരിയും ദിനമേ
സന്താപംമാറ്റാൻ വരു വേഗം
ഭവസുഖസാഗരവീചിയിൽ വിലയം
പ്രാപിച്ചുവാഴ്വതുകാമ്യം
മധുവതുനുകരാൻ വെമ്പുന്നവണ്ടേ
വരു മൽസമീപേ–നീ
വരു മൽസമീപേ–വന്നു വസന്തം...



രംഗം 8.  ഗാനം 4.

ബേബി  (മാരിവില്ലൊളി...എ. മ.)

നിൻമുഖാംബുജം മങ്ങിയതെന്തേ
ചിന്തയെന്തിലെന്തിത്രയായ്
സോദരീ നിൻറെ നീതിയാലെത്ര
ജീവിതം പാഴായ് മാറുന്നു.
കേവലം കാശിനാശയാലെത്ര
ക്രൂരകൃത്യങ്ങൾ ചെയ്ത നീ
മാടകാശയ വൈകൃതങ്ങളാൽ
യൌവനം പാഴായ്തീർക്കുന്നു.
ഇന്നുലോകമനീതികൾക്കുള്ള
ക്രുത്തരങ്ങായ് ചമഞ്ഞുപോയ്
നിത്യദുഃഖനിമഗ്നരാമൊരു-
വഗ്രമുണ്ടുധരണിയിൽ.
എപ്പോഴമവരർഹരല്ലയോ
നമ്മുടെ ദയാദൃഷ്ടിയിൽ.



രംഗം 11. ഗാനം 5.

ലൂസി. (അമ്മതൻതങ്കക്കുടമേ...എ. മ.)

ആലംബമറവിളായി–മമ
ജീവിതമീവിധമായീ
ആരിനിയാശ്രയമായി എനി–
ക്കാരാരുണ്ടുറവരായീ
ഹാ വിധിയെത്ര കഠിനം–ജഗ
ദീശ്വരാ കാത്തരുളെന്നേ
താതമാതാക്കളകന്നു; പ്രിയ
സോദരനീവിധമായീ– ആലംബമറവിളായീ...



രംഗം 16. ഗാനം 6.

റോസമ്മ. (മോഹിനിയേ...മോഹിനിയേ...എ. മ.)

പാവന നീ! പാവന നീ–
എൻ പാപഹാരിണി നീ–മാതാവേ–
വീഴ്ചരരാകുമിവർ തൻ പാതകം പോക്കുക നീ–
സുരലോകദീപമേ–പാരിതിൽ
ഏറെ–തെളിവേകു നിൻവരമാരിയാൽ
അടിയങ്ങൾ പാപികളാർത്തരായ്
ഓടി–അണയുന്നു നിൻതിരുസന്നിധൗ
(പാവനനീ...പാവനനീ...)

തങ്കച്ചൻ

ഇഹലോകംവിട്ടു നീയനർഘയായ്
നാക–സുഖമേകി വാഴുന്ന റാണി നീ
അടിയങ്ങളാശിപ്പു നിൻപദം
എന്നും–പണിയുവാൻ ശ്രീമേരിയംബികേ.
(പാവനനീ...പാവനനീ...)

രണ്ടുപേരും

ഇനി മുതൽ പാപത്തിൻഭീതിയാൽ
ആരും ഒരുദോഷം ചെയ്യാതെ വാഴുവാൻ
കനിവേകു കാരുണ്യവാരിധേ–
ഞങ്ങൾ അണയുന്നു ശ്രീമേരിയംബികേ.
(പാവനനീ...പാവനനീ...)

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 5 = SEP 931 | | |
| 12 FEB 1997 | | |

CT Library
00003798
T62 OT82

# ഗ്രന്ഥകർത്താവിന്റെ കൃതികൾ.

ഉത്തമപുരുഷൻ (പ്രഹസനം)

ശുദ്ധീകരണസ്ഥലം ഉണ്ടോ?

ഇരുളും വെളിച്ചവും (സംഗീതനാടകം)